Reg. No. C. 101, M. 2293

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6-0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2-0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8-0
പ്രതിമാസം തപാൽ 1.12.0
ഒററപ്രതി 0. 1-0

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മിഥുനം 15 | ലക്കം 43

# പത്രോസിൻെറ പരമാധികാരം

(സി. കെ. മററം, എം. ആർ. ഏ. എസ്., എഫ്. ആർ. എസ്. എ. (ലണ്ടൻ)

ഈ അടുത്ത ദിവസം, പത്രോസിൻെറ പരമാധികാരത്തെ നിഷേധിച്ചുകൊണ്ടു്, കോതമംഗലത്തുനിന്നു ഒരു യാക്കോബായ വൈദികൻ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പത്രോസിൻെറ പരമാധികാരത്തെ പരാമർശിച്ചു് എത്രയെത്ര ഗ്രന്ഥങ്ങൾ ഇതിനകം ഇറങ്ങിയിട്ടില്ല! പക്ഷെ എന്തു ഫലം! പിന്നെയും പിന്നെയും ആ സത്യം നിഷേധിക്കപ്പെടുന്നു! തന്നിമിത്തം നാമും പിന്നെയും പിന്നെയും അതു തെളിയിക്കേണ്ടിയിരിക്കുന്നു.

പണ്ടു പണ്ടു്, പഴയ സെമിനാരിയിൽനിന്നു് ഒരു യാക്കോബായ ശെമ്മാശ്ശൻ "സഭാകാഹളം" എന്നൊരു മാസിക പുറപ്പെടുവിച്ചുകൊണ്ടിരുന്നിട്ടുണ്ടു്. അതിൽ ശ്രീമാനായ എം. പി. വക്കി അവർകൾ "വഞ്ചിയിലെ ഓട്ടം" എന്ന പേരിൽ ഒരു ലേഖനപരമ്പര എഴുതി. അതിനു അന്നുതന്നെ ഒരു ഖണ്ഡനപരമ്പര യാക്കോബായ മാസികയിൽത്തന്നെ ഞാനും എഴുതി. അതു കത്തോലിക്കർ കണ്ടിരിക്കാനിടയില്ല. ആ ലേഖനപരമ്പരയുടെ പുനഃപ്രസിദ്ധീകരണം സന്ദർഭോചിതമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ആ യാക്കോബായശെമ്മാശ്ശനാണു പിന്നീടു തിരുവനന്തപുരം, തിരുവല്ല എന്ന രണ്ടു രൂപതകളുടേയും അഡ്മിനിസ്ട്രേററർ എന്ന നിലയിൽ പ്രസിദ്ധനായ പുലിക്കോട്ടു റമ്പാൻ എന്നുകൂടി സന്തോഷസമേതം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ!

സാക്ഷാൽ ജഗദ്ഗുരുവായ ശ്രീയേശുനാഥൻ നരകുലരക്ഷാർത്ഥമാണു് അവതീർണ്ണനായതു്. വിശ്വസിച്ചേ മതിയാകൂ എന്നുള്ള ഏതാനും സിദ്ധാന്തങ്ങൾ! ഏകവും ദൃശ്യവുമായ ഒരു സഭ അഥവാ മതം സ്ഥാപിച്ചുകൊണ്ടു് രക്ഷാകർമ്മം നിർവ്വഹിച്ചു ക്രിസ്തുനാഥൻ. തന്തിരുവടി, ഏതാനും ശിഷ്യന്മാരെ പ്രത്യേകം തിരഞ്ഞെടുത്തു സ്വസിദ്ധാന്തസംഹിതയെ പ്രചരിപ്പിക്കുവാൻ. ഈ സിദ്ധാന്തങ്ങളിൽ യാതൊന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തുകൂടാ. ഗുരുമുഖത്തുനിന്നു ശിഷ്യഗണം നേരിട്ടു കേട്ടുപഠിച്ചു. അതവരുടെ അനുഗാമികളും. ഇങ്ങനെ പരമ്പരാബന്ധമുള്ള ഒരു ശിഷ്യസമിതിയെയാണു് യേശുനാഥൻ ഏല്പ്പെടുത്തിയതു്. ആ സമൂഹത്തിൻെറ നിലനില്പിനും കാര്യക്ഷമതയ്ക്കുംവേണ്ടി അവരിൽ ഒരുവൻ നായകനായി നിയമിക്കപ്പെടുകയും ഉണ്ടായി.

മധുകോശത്തിനു നായികയും, അജവൃന്ദത്തിനു് അജപാലകനും, കപ്പലിനു കപ്പിത്താനും, സൈന്യവ്യൂഹത്തിനു സേനാനിയും ഉണ്ടു്. അതുപോലെതന്നെ മിശിഹാ സ്ഥാപിച്ച സഭയ്ക്കും! ഒരു തലവൻ. ഒരു വിശ്വാസം. ഒരു മാമ്മോദീസാ. ഒരു വേദപുസ്തകം. കരതലാമലകംപോലെ പ്രസ്പഷ്ടമായ ഈ വസ്തുതയെ ഇന്നും ചിലർ നിഷേധിക്കുന്നതിൽ പരിതപിക്കയല്ലാതെ എന്തു ചെയ്യാം!

കാര്യവശാൽ പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കേണ്ടതായിവന്നപ്പോൾ, യുക്തിപൂർവ്വം പത്രോസിൻെറ പരമാധികാരത്തേയും പ്രോട്ടസ്റ്റൻറുകാർ നിഷേധിച്ചു. അത്രയേ ഉള്ളൂ. "മൂപ്പൻ"

ർ", "സമന്മാരിൽ മുമ്പൻ" എന്നെല്ലാമേ പിതാക്കന്മാർ പത്രോസ്ശ്ലീഹായെപ്പററി വിശ്വസിച്ചിരുന്നുള്ളുവത്രെ! ഏതു പിതാക്കന്മാരാണാവോ?

"പ്രഥമപുത്രനെ അനുജന്മാരെങ്ങ



"നീ കേപ്പായാകുന്നു. ഈ കേപ്പാമേൽ എൻെറ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊ സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്തായി 16, 18—19)

വാദവും "മൂപ്പൻ" മുറയും അവർ യഥാകാലം കണ്ടുപിടിച്ച ചരക്കുകളാണു്.

കേരളീയയാക്കോബായക്കാർക്കു പത്രോസിൻെറ പരമാധികാരം നിഷേധിക്കേണ്ടതായി യാതൊരാവശ്യവും ആദ്യമാദ്യം ഉണ്ടായിരുന്നില്ല. മുടക്കും മുടക്കിന്മേൽ മുടക്കും തലയിൽ വന്നുകയറിയപ്പോൾ, പത്രോസിൻെറ പരമാധികാരവും വലിച്ചെറിയേണ്ടതായി വന്നുകൂടി.

അന്തിയോക്യാ പാത്രിയർക്കീസ് പത്രോസിൻെറ അനുഗാമിയാണെന്നാണല്ലൊ യാക്കോബായക്കാർ വാദിക്കുന്നതു്. ആ സ്ഥിതിക്കു മുൻഗാമിയുടെ അധികാരം തിരസ്കരിച്ചാൽ, പിൻഗാമിയുടേതും സ്വയം അപ്രത്യക്ഷമായിക്കൊള്ളും. ഇതാണു വാസ്തവം.

"ശ്ലീഹന്മാർ പരസ്പരം സമത്വമുള്ളവ

നെയോ അങ്ങനെ" എന്നും ചില യാക്കോബായക്കാർ വാദിച്ചിട്ടുണ്ടു്.

പ്രോട്ടസ്റ്റൻറുകാരായ ലൈററുഫുട്ട്, വേർഡ്സ്വത്തു് ലിററിൽ ഡെയിൽ, ബിഷപ്പ് ഗോർ, ക്രിക്കൻനോർപ്പ്, ഫുള്ളർ, മതത്യാഗിയായ അൾവരേസ്, മുതലായവരുടെ ചില ദുഷ്പ്രവാദങ്ങളെയും ദുഷ്കൃതികളെയും പകർത്തി ഇടയ്ക്കിടെ ചില യാക്കോബായക്കാർ പുസ്തകങ്ങളെഴുതുന്നതെന്തിനാണാവോ! പത്രോസിനു പരമാധികാരമുണ്ടെന്നു വാദിക്കുകയും അതു സ്വീകരിക്കുകയും ചെയ്യുന്നവരായി അനേകം കോടി ജനങ്ങളുണ്ടു്. അവരെ എന്തിനധിക്ഷേപിക്കുന്നു! വിശ്വസിക്കുന്നവരുടെ വിശ്വാസം സത്യത്തിൽ അധിഷ്ഠിതമാണോ എന്നും, ആ വിശ്വാസം യഥാർത്ഥമായിട്ടുള്ളതാണോ എന്നും നിഷ്പക്ഷമായി ആരായുകയാണു സദ്ബുദ്ധികൾ ചെയ്യേണ്ടതു്.

"ഞാൻ അവരെ ഇസ്രായേലിൻെറ പർവ്വതങ്ങളിന്മേൽ ഒരു ജാതിയാക്കും. ഒരു രാജാവു് അവർക്കെല്ലാവർക്കും രാജാവായിരിക്കും. അവർ ഇനി രണ്ടു ജാതികളായിരിക്കുകയില്ല. അവർ ഇനിമേലാൽ രണ്ടു രാജ്യങ്ങളായി പിരിയുകയില്ല." എസെക്കിയേൽ പറയുന്നു.

വിവിധരാജ്യക്കാരും ഏകനാഥനായ ക്രിസ്തുവിൽ ഒന്നിക്കും. അദ്ദേഹത്തിൻെറ സ്ഥാനപതിയുടെ കീഴിലും എല്ലാവരും ഏകസൈന്യമായിരിക്കും. ഏശയ്യാ പറയുന്നതു കേട്ടാലും: "അപ്പോൾ യൂദായുടെ പുത്രന്മാരും ഇസ്രായേലിൻെറ പുത്രന്മാരും ഒന്നിച്ചുകൂടുകയും അവർതന്നെ ഒരു തലവനെ നിയമിക്കയും ചെയ്യും."

മിശിഹാതമ്പുരാൻ പലപ്പോഴായി 12 ശിഷ്യന്മാരെ തിരഞ്ഞെടുത്തു. പത്രോസല്ല ആദ്യം തിരഞ്ഞെടുക്കപ്പെട്ടവൻ. പ്രായംകൊണ്ടു മൂപ്പനുമല്ല. പിന്നെയെങ്ങനെ വന്നു "മൂപ്പുമുറ"? ജ്യേഷ്ഠനാണു് അന്ത്രയോസ്, പത്രോസിൻെറ. വിദ്യയിലും മുമ്പനല്ല.

ശിമോനെ, ജ്യേഷ്ഠനായ അന്ത്രയോസാണു് മിശിഹായുടെ പക്കൽ കൂട്ടിക്കൊണ്ടു ചെന്നതുതന്നെ.

യേശു ശിമോനെ നോക്കിക്കൊണ്ടു പറഞ്ഞു: "നീ യോനാവിൻെറ പുത്രനായ ശിമോനാകുന്നു. നീ പാറയെന്നർത്ഥമുള്ള കേപ്പാ എന്നു വിളിക്കപ്പെടും." (യോഹന്നാൻ I- 43)

യൂദന്മാരുടെ ഇടയിൽ "പേരുമാററ"ത്തിനു പ്രത്യേകം സ്ഥാനവും അർത്ഥവുമുള്ളതാണു്. യഹോവാ അബ്രാമിനെ അബ്രഹാമും, യാക്കോബിനെ ഇസ്രായേലും ആക്കിയതു് അനുസ്മരിക്കുമ്പോൾ ഈ സംഗതി വ്യക്തമാകും.

ശിമോനല്ലാതെ മററു ശിഷ്യന്മാർക്കൊക്കും മിശിഹാ മറുപേരുകൾ നൽകിയിട്ടില്ല. ശ്ലീഹന്മാരുടെ കൂട്ടത്തിൽ "മുമ്പ"നാകുവാൻ സെബദിയുടെ പുത്രനായ യാക്കോബും യോഹന്നാനും ആഗ്രഹിക്കകൂടിച്ചെയ്തു. യേശുവിൻെറ മഹത്വമുള്ള രാജ്യത്തിലെ മന്ത്രിപദംപോലും അവർ കൊതിച്ചു. പക്ഷേ മിശിഹാ പറഞ്ഞു, "എൻെറ വലത്തും ഇടത്തും ഇരിക്കുക, ആ സ്ഥാനം എൻെറ പിതാവു് ആർക്കെല്ലാം സജ്ജമാക്കിയിരിക്കുന്നുവോ അവർക്കല്ലാതെ, അതു നൽകുവാൻ എനിക്കധികാരമില്ല" (മത്തായി 20,22; മാർക്കു് 10, 35-41)

നോക്കണം, പത്രോസിനു ഒന്നാം സ്ഥാനം മിശിഹാതമ്പുരാൻതന്നെ സ്വയം നൽകിയതല്ല, സ്വർഗ്ഗസ്ഥനായ പരമപിതാവിൻെറ ഇച്ഛാനുസരണമാണു അതു സംഭവിച്ചതു്.

1. ശ്ലീഹന്മാരുടെ പേരുകൾ പറയുമ്പോഴൊക്കെയും സുവിശേഷകന്മാർ, പത്രോസിനെ പ്രഥമനായി പ്രസ്താവിക്കുന്നതിൽ ഒരു നിഷ്ഠ പ്രദർശിപ്പിക്കുന്ന

(ശേഷം 12-ാം പേജിൽ)

ആരോഗ്യപംക്തി

# നേത്രസംരക്ഷണം*

വായിക്കുകയും കണ്ണുകൊണ്ടു വേലചെയ്യുകയും ചെയ്യുമ്പോൾ വെളിച്ചം മുഖത്തടിക്കുംവിധം മുമ്പിലാവരുതു്; മുകളിൽനിന്നോ ഇടതുവശത്തു പിന്നിൽനിന്നോ വെളിച്ചം പുസ്തകാദിയിൽ വീഴുംവിധമേ ഇരിക്കാവൂ.

അമ്മാവന്റെ മകളെ വേൾക്കുക മുതലായ രക്തബന്ധദാമ്പത്യം വൈദ്യത്തിനും ധർമ്മശാസ്ത്രത്തിനും വിരുദ്ധമാണ്.

(ഡോക്ടർ എൽ. എ. രവിവർമ്മ)

1931-ലെ കാനേഷുമാരിപ്പടി അന്നു തിരുവിതാംകൂറിൽ രണ്ടുകണ്ണും കാണാത്തവരായി മൂവായിരത്തിൽപ്പരം പേരുണ്ടായിരുന്നു. ഉപജീവനം നേടാൻ വയ്യാത്തവിധം കാഴ്ച കുറഞ്ഞവരെയെല്ലാം തന്നെ, സാമുദായികദൃഷ്ട്യാ, അന്ധരായി കരുതണം. ഈ തോതയാൽ അന്ധരായി ഗണിക്കപ്പെടേണ്ടവർ, കാനേഷുമാരിക്കണക്കിന്റെ അഞ്ചുമടങ്ങെങ്കിലും വരുമെന്നു മുപ്പതുവർഷത്തോളം നേത്രവൈദ്യവൃത്തിയിൽ കഴിഞ്ഞ എനിക്കു തീർത്തുപറയുവാൻ സാധിക്കും. ഒരാൾ ശരാശരി നാളൊന്നുക്കരൂപാ സമ്പാദിക്കുമെന്നു വച്ചാലും പതിനഞ്ചായിരം പേരുടെ ആന്ധ്യഫലമായി സമുദായത്തിനാണ്ടുതോറും ഇരുപത്തഞ്ചുലക്ഷം രൂപായ്ക്കുമേൽ ആദായം നഷ്ടംവരുന്നു. കാഴ്ചപോയവരുടെ മനശ്ശല്യവും ദുഃഖവുമളക്കാവതുമല്ലല്ലോ. കാഴ്ചകളയുന്ന രോഗങ്ങളിൽ തൊണ്ണൂറുശതമാനവും വേണ്ടകാലത്തു വേണ്ടവിധം ചികിത്സിച്ചാൽ അനിഷ്ടഫലമൊഴിക്കാവുന്നവയാണ്. രക്ഷനേടാവുന്നകാലത്തു കുവൈദ്യരുടെ കൈയിൽപ്പെട്ടു്, നല്ലൊരു കാലം പാഴാക്കുന്നതാണ് അനിഷ്ടഫലത്തിനുള്ള മുഖ്യഹേതു; ഇതിനുകാരണം അറിവുകുറവുമാണ്. നേത്രരക്ഷാപരമായ സാമാന്യജ്ഞാനം നാട്ടിൽ പരത്തുകയും കാര്യക്ഷമമായ ചികിത്സാസൗകര്യം ആർക്കും കിട്ടത്തക്ക നില വരുത്തുകയും, രണ്ടേ പ്രതിവിധിയുള്ളൂ; രണ്ടുമൊപ്പം പ്രയോഗിച്ചാലേ തക്കഫലം കിട്ടൂ. ആദ്യത്തേതിനു സിനിമ, റേഡിയോ ലഘുലേഖകൾ എന്നിത്യാദികളുപകരിക്കും; രണ്ടാമത്തേതിനു പ്രധാനകേന്ദ്രങ്ങളിൽ കണ്ണാശുപത്രികൾ സ്ഥാപിക്കുന്നതിനു പുറമേ, വിദ്യാർത്ഥികളുടേയും ഗ്രാമീണരുടേയും സൗകര്യാർത്ഥം നേത്രപരമായ "ചാരണ വൈദ്യസേവനം" (itinerant ophthalmic service നടപ്പിൽ വരുത്തുകയും വേണം.

അതിയായ വെളിച്ചം, ചലിക്കുന്ന വെളിച്ചം, പൊടി, പുക, മദ്യം, പുകയില ഇവയുടെ അത്യുപയോഗം, രസ്യങ്ങളുടെ, വിശേഷിച്ചും പ്രഥമ രസ്യത്തിന്റെ (Vitamin A), കുറവ്, കണ്ണിനു ക്ലേശമുള്ള ജോലികൾ, വെളിച്ചം കുറഞ്ഞ ദിക്കിൽ വച്ചുള്ള വേലകൾ, എന്നിവയെല്ലാം കണ്ണിനു കേടാണ്. വായിക്കുകയും കണ്ണുകൊണ്ടു വേലചെയ്യുകയും ചെയ്യുമ്പോൾ വെളിച്ചം മുഖത്തടിക്കുംവിധം മുമ്പിലാകരുതു്; മുകളിൽനിന്നോ ഇടതുവശത്തു പിന്നിൽനിന്നോ വെളിച്ചം പുസ്തകാദിയിൽ വീഴുംവിധമേ ഇരിക്കാവൂ. ഈ തത്വമൊട്ടും ഗണിക്കാതെയാണു പ്രായേണ പള്ളിക്കൂടങ്ങളിൽ ബെഞ്ചിട്ടുകാണുന്നതു്. ഇതുനിമിത്തം പ്രയാസം നേരെയാക്കാവുന്നതും നേരെയാക്കേണ്ടതുമാണ്.

### കോങ്കണ്ണു തുടങ്ങിയ സൃഷ്ടിവൈകല്യങ്ങൾ

കാഴ്ച കുറവുവരുത്തുന്ന ഇനങ്ങളിൽ ചിലവ സൃഷ്ടിവൈകല്യങ്ങളാണ്. കോങ്കണ്ണു ഇക്കൂട്ടത്തിൽപ്പെടും. ഇതുള്ളവർക്കു കണ്ണിന്റെ സൂക്ഷ്മതയാവശ്യമുള്ള പല ജോലികളും ചെയ്യുന്നതിനു സാദ്ധ്യമല്ല. കോങ്കണ്ണു നേരെയാക്കാവുന്നതാണെന്നു പൊതുവേ അറിഞ്ഞുകൂടാ. ഏഴെട്ടു വയസ്സിനകമായാൽ ശസ്ത്രക്രിയകൂടാതെ തന്നെ മിക്കപ്പോഴും നേരെയാക്കാം. അതിനു മേലായാൽ ശസ്ത്രക്രിയകൊണ്ടു സാധിക്കാം. എത്രകണ്ടു ഇളപ്പത്തിൽ ചെയ്യുന്നുവോ അത്രയും ഫലവും നന്നാകും.

സൃഷ്ടിവൈകല്യത്തിൽത്തന്നെ കൂട്ടാവുന്നതാണു പള്ളിക്കൂടംകുട്ടികളുടെ ഇടയിൽ ധാരാളമുള്ളതും കണ്ണാടവച്ചു നേരെയാക്കേണ്ടതുമായ അവസ്ഥകൾ. ഇവയുടെ സാമാന്യലക്ഷണം കുറേനേരം കണ്ണുപയോഗിച്ചാൽ കണ്ണുകഴപ്പു്, തലവേദന, കണ്ണിൽനിന്നും വെള്ളംവരിക, തലകറക്കം ഇവയാണ്. വൈകല്യമധികമാണെങ്കിൽ അടുക്കലോ ദൂരെയോ, രണ്ടുതരത്തിലുമോ ഉള്ള കാഴ്ച കുറവായിരിക്കും. ഇക്കൂട്ടത്തിൽ ദൂരെക്കാഴ്ചകുറവുള്ള ഇനം വർദ്ധിക്കാവുന്നതും വളരെ ദോഷം ചെയ്യേക്കാവുന്നതുമാകയാൽ യഥാകാലം പരിശോധിപ്പിക്കേണ്ടതാണ്.

### വെള്ളഴുത്തു്

കണ്ണടകൊണ്ടുതന്നെ നേരെയാക്കേണ്ടതാണെങ്കിലും വാർദ്ധക്യസഹജമായ വെള്ളെഴുത്തു സൃഷ്ടിവൈകല്യമോ രോഗമോ അല്ല. ഈ നാട്ടിൽ വെള്ളെഴുത്തു നാല്പതു വയസ്സോടു ചേർന്നാരംഭിക്കുന്നു. ആദ്യം രാത്രിയിൽ വായിക്കാൻ പ്രയാസം തുടങ്ങും. ക്രമേണ പകലും ഒന്നകത്തിപ്പിടിച്ചാലേ വ്യക്തമാകൂ എന്നാകും. അല്പംപോലും പ്രയാസം തോന്നിത്തുടങ്ങിയാൽ കണ്ണട വയ്ക്കേണ്ടതാണ്. തന്നത്താൻ കണ്ണട തിരഞ്ഞെടുക്കുന്നതു നന്നല്ല; പരിശോധിപ്പിച്ചാണ് വാങ്ങിക്കേണ്ടതു്.

### ആഹാരന്യൂനത

ആഹാരന്യൂനത, വിശേഷിച്ചും പ്രഥമരസ്യക്കുറവു്, കണ്ണിനു വലിയ ദോഷം ചെയ്യും. കൈയും കാലും തേമ്പി, വയറു ചാടി, ദേഹം താമരമുള്ളോടും കണ്ണിന്റെ വെള്ളയിൽ മീൻചിതമ്പൽപോലുള്ള പാററലോടും, മാലക്കണ്ണോടുംകൂടിയും കണ, പക്ഷിബാധ എന്നിത്യാദിപേരിലറിഞ്ഞുവരുന്ന രോഗം A. Vitamin-ന്റെ കുറവുകൊണ്ടു വരുന്നതാണ്. ഈ രോഗംകൊണ്ടു് ആണ്ടുതോറും തിരുവിതാംകൂറിൽ നൂറിനുമേൽ കണ്ണു നഷ്ടപ്പെടുന്നുണ്ടു്. പ്രായേണ നിസ്സാരരോഗമായ ഇതു വരാതെ കഴിക്കുവാൻ ദരിദ്രരായകുട്ടികൾക്കു നിത്യവും അല്പം പാൽ സൗജന്യമായി കിട്ടത്തക്ക ഏർപ്പാടു വേണ്ടതാണ്. ഇതുസാദ്ധ്യമല്ലെങ്കിൽ സ്രാവെണ്ണയോ ബഹുരസ്യഗുളികയോ (Multi-vitamin Tablets) എങ്കിലും ഇവർക്കു വെറുതെ കൊടുക്കാൻ വ്യവസ്ഥ വരണം. നമ്മുടെ നാട്ടിൽ ധനവാന്മാരുടെപോലും ആഹാരം ആരോഗ്യക്ഷമമോ ശാസ്ത്രീയമോ അല്ലെന്നുകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു.

### ചത

ഈ നാട്ടിലെ നേത്രരോഗങ്ങളിൽവച്ചു ഗൗരവതമം "ചത" എന്ന പേരിലറിയുന്ന Trachoma (പോത്ഥകി) ആണ്. ഇവിടത്തെ ആന്ധ്യത്തിന്റെ മുക്കാൽ പങ്കും ഈ രോഗംകൊണ്ടുണ്ടായതാണ്. ഇതു പകരുന്നതും ബാല്യത്തിലേ ആരംഭിക്കുന്നതുമാകുന്നു. പള്ളിക്കൂടങ്ങളാണിതിന്റെ വിളനിലം. രോഗത്തിന്റെ ആദിമഘട്ടത്തിൽ പറയത്തക്ക ഉപദ്രവം കാണുകയില്ല. എത്ര നേരത്തേ ചികിത്സ തുടങ്ങിയാലും അഞ്ചെട്ടുമാസം കൂടാതെ ഭേദമാകയില്ല. അറിവു കുറഞ്ഞ പ്രായം, ഉപദ്രവഹീനമായ ആദ്യഘട്ടം, പള്ളിക്കൂടത്തിൽവച്ചു പകരാനുള്ള പൂർണ്ണസൗകര്യം, ചികിത്സയ്ക്കുവേണ്ടിവരുന്ന കാലദൈർഘ്യം, എന്നിവയാൽ കാഴ്ചനശിപ്പിക്കുവാനും ആജീവനാന്തം കണ്ണിനുപദ്രവങ്ങൾ ചെയ്യാനും പര്യാപ്തമായ ഇതാണു നേത്രരോഗങ്ങളിൽവെച്ചു ഗൗരവതമം. ഇതിനെ വേണ്ടുംവണ്ണം നേരിടാൻ ചാരണവൈദ്യസഹായംകൊണ്ടേ പററൂ.

### മററിനം നേത്രരോഗങ്ങൾ

ചെങ്കണ്ണ് എന്ന പൊതുപേരിൽ പല രോഗങ്ങളുമുൾപ്പെടുന്നു. എല്ലാം പകരുന്നവയുമാണ്. നിസ്സാരമായ വെറും ചെങ്കണ്ണും സൂക്ഷിക്കാഞ്ഞാൽ കണ്ണുകളയാൻമതി. ചെങ്കണ്ണുപോലെ തുടങ്ങുകയും രണ്ടു മൂന്നു ദിവസത്തിനകം പഴുപ്പുണ്ടാകുകയും ചെയ്യുന്ന പൂയസ്രാവം (Purulent ophthalmia) ഗൗരവരോഗമാണ്; അതിജാഗ്രതയായി ചികിത്സിക്കാഞ്ഞാൽ അല്പദിവസംകൊണ്ടു കണ്ണു നശിക്കും. ഇതു ഏറിയകൂറും മേഹാത്മകം (Gonorrhoeal) ആയിരിക്കും. പ്രായേണ താരുണ്യരോഗമാണ്; എന്നാൽ മാതൃജനിപഥത്തിൽനിന്നും മേഹമലം കണ്ണിൽപ്പെടാനിടവരുന്നതിന്റെ ഫലമായി സദ്യോജാതനും വരാം. മേഹപരവും ഫിരംഗപരവുമായി കാഴ്ച കളയുന്ന പല നേത്രാന്തർരോഗങ്ങളുമുണ്ടു്. ഗുഹ്യരോഗങ്ങൾ വന്നാൽ ആവതും വേഗം നവീനസമ്പ്രദായപ്രകാരം ചികിത്സിപ്പിച്ചു ഭേദമാക്കിക്കൊണ്ടാൽ ഗുഹ്യരോഗാത്മകമായ ഭയങ്കര നേത്രരോഗങ്ങളെ നിവാരണം ചെയ്യാൻ കഴിയും. നേത്രത്തെ ബാധിച്ചുപോയാൽ ഒട്ടും സമയം കളയാതെ നേത്രഡോക്ടറന്മാരുടെ രക്ഷയിൽപ്പെട്ടാൽ ഒട്ടേറെ രക്ഷകിട്ടാം. താമസിച്ചുപോയാൽ ഫലം അനിഷ്ടംതന്നെ.

പരമ്പരയാ കാഴ്ചകളയാനിടയുള്ള ഒരു രോഗമാണ് Dacrocystitis. കണ്ണിന്റെ മൂക്കിനടുത്തെയററത്തു ഒരു ചെറിയ മുഴപോലെ കാണും. ഇതിൽ ഞെക്കിയാൽ കണ്ണിൽക്കൂടെ പഴുപ്പു വരും, കണ്ണിൽനിന്നും സദാ വെള്ളമൊലിക്കുകയാണിതിന്റെ മുഖ്യലക്ഷണം. ഈ രോഗം നമ്മുടെ നാട്ടിൽ ധാരാളമാണ്. ചികിത്സചെയ്തു ഭേദപ്പെടുത്താഞ്ഞാൽ കാഴ്ച പോകാനിടയുണ്ടു്.

മസൂരിയുടെ ഫലമായും കണ്ണു പോകാറുണ്ടു്. മുഖ്യമായ നിവാരണോപായം ഗോമസൂരിപ്രയോഗംതന്നെ. കണ്ണു പോകുന്നതധികവും ശുശ്രൂഷാദോഷംകൊണ്ടാണ്. ശാസ്ത്രീയമായി അഭ്യസിച്ച ശുശ്രൂഷകരെ ആക്കിയാൽ ഈ ദോഷമൊഴിക്കാം. കണ്ണിൽ കുരു പുറപ്പെടുന്നപക്ഷം ഉടൻതന്നെ നേത്രഡോക്ടരെക്കൊണ്ടു ചികിത്സിപ്പിക്കുന്നതായാൽ ഒട്ടേറെ രക്ഷനേടാം.

കാഴ്ച തീരെ കളയുന്നതാണ് നീലികാകാചം (Glaucoma) എന്ന രോഗം. ഇതു പ്രായേണ മദ്ധ്യവയസ്കരോഗമാണ്. മനസ്സങ്കടവുമായി വളരെ ബന്ധമുണ്ടു്. ദീപാദി നോക്കിയാൽ പല നിറം ചേർന്ന പരിവേഷവും ശക്തിയായ തലവേദനയുമാണു മുഖ്യ ലക്ഷണം. ആരംഭത്തിൽ ശസ്ത്രജയ്യമാണെന്നും താമസിച്ചാൽ ഒരു ഗതിയുമില്ലെന്നും ഓർമ്മിച്ചു് ഉടൻ വേണ്ടതുചെയ്താൽ കാഴ്ച നഷ്ടപ്പെടാതെ കഴിക്കാം.

### കഫകാചം (Cataract)

ഈ നാട്ടിൽ ധാരാളമാണ് ഇതു്. പ്രായേണ വാർദ്ധക്യരോഗമാണെങ്കിലും ജന്മപ്രഭൃതി എല്ലാ പ്രായത്തിലും അപൂർവ്വമായി വരാം. താൽക്കാലികമായി ആന്ധ്യമുണ്ടെങ്കിലും ക്രിയകൊണ്ടു പൂർണ്ണസുഖം കിട്ടാവുന്നതാണ്. ഇതിനു ബലമായ പാരമ്പര്യമുണ്ടു്. അതിനാൽ രോഗപാരമ്പര്യമുള്ള കുടുംബങ്ങൾ തമ്മിൽ ദാമ്പത്യംകൂടാതെ കഴിച്ചാൽ നന്നു്. ഈ രോഗത്തിനു ശസ്ത്രക്രിയയേ പ്രതിവിധിയുള്ളൂ. കണ്ടപത്രവിജ്ഞാപനങ്ങൾ വ്യാമോഹകമാണ് എന്നറിയണം. പഞ്ചാബു മുതലായ ദേശങ്ങളിൽനിന്നും കായംകുത്തുകാർ ചിലപ്പോഴീനാട്ടിലും വരാറുണ്ടു്. അവർ തൊട്ടാൽ കണ്ണു പോക്കാണെന്നു പ്രത്യേകം ഓർമ്മയിരിക്കണം.

മൂന്നുനാലു വയസ്സിനു താഴെ കണ്ണിനെ ബാധിക്കുന്ന അർബുദം (Glioma) ഈ നാട്ടിൽ ധാരാളമാണ്. ആരംഭത്തിൽ കൃഷ്ണമണിയുടെ സ്ഥാനത്തു മഞ്ഞയായ ചേർന്ന ഒരു വെളുപ്പു ലക്ഷണം കാണും. ഈ കാലത്തുതന്നെ കണ്ണെടുത്തു കളയാഞ്ഞാൽ ഒരു വർഷത്തിനകം കുട്ടി നിശ്ചയമായും മരിക്കും. ഈ രോഗം രക്തബന്ധത്തിലെ ദാമ്പത്യവുമായി ബന്ധമുള്ളതായി തോന്നുന്നു. അമ്മാവന്റെ മകളെ വേൾക്കുക മുതലായ മാതിരി രക്തബന്ധദാമ്പത്യം വൈദ്യത്തിനും ധർമ്മശാസ്ത്രത്തിനും സമ്മതമില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

അഭിഘാതങ്ങളിൽ ഇവിടെ ധാരാളമുള്ളതു നെല്ലടിയാണ്. കമ്പുകൊണ്ടടിക്കുമ്പോൾ നെല്ലുതെറിച്ചു അതിന്റെ മൂർച്ചയുള്ള ഓവു കണ്ണിൽ തറയ്ക്കുന്നു. പലപ്പോഴും തറഞ്ഞ ഓവു മുറിഞ്ഞു കണ്ണിൽ ആണ്ടു കിടക്കാനുമിടവരുന്നു. ഈ പരുക്കുകൊണ്ടു് ആണ്ടുതോറും തെക്കൻ തിരുവിതാംകൂറിൽ നൂറുനൂററമ്പതു കണ്ണു് കേടുവരുന്നുണ്ടു്. കാലുകൊണ്ടു മെതിക്കുകയോ കാളയെക്കൊണ്ടു ചവിട്ടിക്കുകയോ ചെയ്താൽ ഈ അപകടം വരികയില്ല. അതല്ലെങ്കിൽ നെല്ലടിക്കുന്നവർ മൂടുകണ്ണട (Goggles) വച്ചുകൊള്ളേണ്ടതാണ്. ഇരുമ്പുപണി, കരിങ്കൽപ്പണി ഇവയിലേർപ്പെടുന്നവർക്കും പരുക്കു പററാം. ഇവരും കണ്ണട ഉപയോഗിക്കേണ്ടതാണ്. അഥവാ പരുക്കേററാൽ—വിശേഷിച്ചും നെല്ലടി—ഉടൻ തക്കഡോക്ടരുടെ അടുക്കൽ പോയേതീരൂ. താമസിച്ചാൽ കാഴ്ച പോവുകയേ ഉള്ളൂ.

* തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നും പ്രക്ഷേപണംചെയ്തതു്.

## GLEANINGS

One gentleman, who was travelling by train for the first time, demanded a ticket at the booking office. The booking clerk, being busy, told him, 'Wait, please'. Our gentleman at once answered 'hundred and ten lbs., Sir'.

* *

"When men begin to forget their souls, they begin to take care of their bodies. There are more athletic clubs in the modern world than there are spiritual retreat houses; and who shall count the millions spent in beauty shops to glorify faces that will one day be the prey of worms.

"It is not particularly difficult to find thousands who will spend two or three hours a day exercising, but if you ask them to bend their knees to God in five minutes of prayer they protest that it is too long."

*(Mgr. Fulton J. Sheen)*

* *

**No Comment**

The very beautiful little child was taken to her first pontifical Mass. With knitted brows she watched the bishop vesting. Finally, "Mommy, didn't the bishop's mother ever teach him how to dress?" A whispered answer. Then loudly, "Then why does he need all those people to help him?"

She focussed her attention on the sanctuary lamp. Soon the voice cut the stillness again:

"Mommy, for goo'ness sake, isn't the red light ever going to turn green?"

* *

**Prayer of a Priest as he raises the Host in Benediction**

You've many things to think of,
Lord,
So pardon me if I remind You—
While blessing those down there in front
Please don't forget me here behind
You.

*Brian O'Phelan*

**Perfect husband**

What is a good husband? One of the readers sends his self-examination form!

1 Am I sharing my income fairly?

2 Am I doing my share of the housework?

3 How long is it since I surprised my wife with a little gift?

4 Do I remember to praise as well as blame?

5 Do I take my fair share in disciplining the children?

6 Do I try to drop mannerisms that annoy her?

7 Do I always insist on my own way?

8 Am I being fair about my wife's in-laws?

*The Universe*

ബാലരംഗം

# മുട്ടാളനായ മാഗൻ

"സത്യംഗ്രഹിക്കാതെ താനാചരിച്ചദു-
ഷ്കൃത്യങ്ങളോർത്തു മനസ്സുരുകി.
ദുഷ്ടമാലിന്യമൊഴിഞ്ഞളവിൽ ചിത്ത-
ദർപ്പണത്തിന്നു തെളിവുവന്നു."

പ്രിയകുഞ്ഞുങ്ങളേ,

ജോൺ ബോസ്കോ അച്ചൻ ഒരിക്കൽ ഒരു യാത്രയിൽ ട്യൂറിനിലേക്കുള്ള തീവണ്ടി കാത്തു് കാർമഞ്ഞോളാസ്റ്റേഷനിൽ ഇരിക്കയായിരുന്നു. ഒരു മണിക്കൂർ നേരത്തോളം അവിടെ ഇരിക്കേണ്ടിവന്നു. നേരം അസ്തമിച്ചുകഴിഞ്ഞു. ശക്തിയായ മൂടൽമഞ്ഞും ഉണ്ടായിരുന്നു. സ്റ്റേഷനു പുറകുവശത്തുള്ള ഒരു വെളിംപറമ്പിൽ നിന്നു ഒരു ബഹളം കേട്ടു. വെയിററിങ്ങ്‌റൂമിൽ ഇരുന്ന യാത്രക്കാരുടെ എല്ലാം ശ്രദ്ധ അവിടേക്കു പതിഞ്ഞു. "പിടിയെടാ, കെട്ടടാ, വിടരുതു്, അത്രയ്ക്കായോ?" ഈ തരത്തിലുള്ള ആക്രോശങ്ങൾ തുടരെ കേട്ടു. സ്റ്റേഷൻമുററത്തെ മങ്ങിയ വെളിച്ചത്തിന്റെ സഹായത്തോടെ ഫാദർ ബോസ്കോ ആ ഭാഗത്തേക്കു മെല്ലെ ഇറങ്ങിച്ചെന്നു. കുറേ ചെറുപ്പക്കാരുടെ തകർപ്പാണതെല്ലാമെന്നു മനസ്സിലായി. അതിലൊരാൾ അവരുടെ നേതാവായിനിന്നു കർശനമായ ആജ്ഞകൾ നൽകുകയാണു്. മറെറല്ലാവരും ശരിവരെ അവനെ അനുസരിച്ചിരുന്നു. അവന്റെ ഗംഭീരസ്വരം എവിടെയും മുഴങ്ങിക്കേൾക്കാമായിരുന്നു. ബോസ്കോ അച്ചനു സന്തോഷമായി. പതുക്കെ അവരുടെ പക്കലേക്കടുത്തു. അദ്ദേഹത്തിന്റെ കാൽപ്പെരുമാററം കേട്ടതിനോടെ നേതാവൊഴികെ എല്ലാവരും ഇരുട്ടിൽ മറഞ്ഞു.

നേതാവു ധൈര്യമായി തിരിഞ്ഞുനിന്നു ചോദിച്ചു: "നിങ്ങളാരാണു്? നിങ്ങൾക്കിവിടെ എന്തു കാര്യം?"

"ഞാൻ നിങ്ങളുടെ ഒരു സ്നേഹിതനാണു്."

"നിങ്ങൾക്കു എന്താണു് ഇവിടെ കാര്യം?"

"വിരോധമില്ലെങ്കിൽ നിങ്ങളുടെ സംഘത്തിൽ ചേർന്നാൽ കൊള്ളാം."

"ഓഹോ! എന്നാൽ ആദ്യംതന്നെ നിങ്ങളാരാണെന്നു കേൾക്കട്ടെ."

"നിങ്ങളുടെ സംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്ന ഒരു സ്നേഹിതൻതന്നെ. നിങ്ങൾ ആരാണെന്നു ദയവായി പറയുമോ?"

"ഞാൻ ഈ കുട്ടികളുടെ നായകനായ മൈക്കൾ മാഗൻ ആണു്."

അപ്പോഴേക്കും മറവിൽ നിന്നിരുന്ന യുവജനങ്ങളിൽ പലരും അടുത്തുവന്നു. അവർക്കെല്ലാം സ്വാഗതം ആശംസിച്ചിട്ടു മാഗനോടു സ്നേഹപുരസ്സരം വീണ്ടും ചോദിച്ചു:

"എന്റെ പ്രിയപ്പെട്ട മാഗനു എത്ര വയസ്സായി?"

"പതിമൂന്നു്."

"നീ കുമ്പസാരം കഴിച്ചിട്ടുണ്ടോ?"

"കുമ്പസാരവും കഴിച്ചിട്ടുണ്ടു്." അവൻ കൂട്ടുകാരെ നോക്കി പൊട്ടിച്ചിരിച്ചു.

"വിശുദ്ധകുർബാന ഉൾക്കൊണ്ടിട്ടുണ്ടോ?"

"ഉൾക്കൊണ്ടിട്ടുണ്ടെന്നു പറയാം."

"ആട്ടെ നിനക്കു വല്ലതും ജോലി പരിചയമുണ്ടോ?"

"മടിയനായിരിപ്പാൻ നല്ലപോലെ അഭ്യസിച്ചിട്ടുണ്ടു്." എല്ലാവരും ഒരു കൂട്ടച്ചിരി നടത്തി.

"അതുപോകട്ടെ. നീ ഏതു ക്ലാസുവരെ പഠിച്ചിട്ടുണ്ടു്?"

"മൂന്നാംക്ലാസു പാസായതാണു്."

"നിന്റെ മാതാപിതാക്കന്മാർ ജീവിച്ചിരിപ്പുണ്ടോ?"

"അപ്പൻ മരിച്ചുപോയി. അമ്മയുണ്ടു്."

"അമ്മയ്ക്കു ജോലിയെന്താണു്?"

"അമ്മയ്ക്കോ? മടിയനായ എന്നെയും, എന്റെ സഹോദരന്മാരെയും തീററിപ്പോററുവാൻ വേലചെയ്യുകതന്നെ ജോലി."

അവന്റെ മനസ്സിൽ മാററം ഉണ്ടാകുന്നതു അദ്ദേഹത്തിനു കാണാമായിരുന്നു.

തീവണ്ടി വന്നുകഴിഞ്ഞു. ഓററൂറിയിലേക്കു മാഗനെ ക്ഷണിച്ചിട്ടു് അദ്ദേഹം ധൃതിയിൽ വണ്ടികയറിപ്പോകയും ചെയ്തു.

ചുരുക്കിപ്പറയാമല്ലോ. അധികംനാൾ കഴിയും മുമ്പേ മൈക്കൾ മാഗൻ ഓററൂറിയിൽ സ്വീകരിക്കപ്പെട്ടു. ഏതാനും ദിവസത്തിനകം അവൻ ഒരു മാതൃകാബാലനായി അവിടെ രൂപാന്തരപ്പെട്ടു. "സത്യം ഗ്രഹിക്കാതെ താനാചരിച്ച ദുഷ്കൃത്യങ്ങളോർത്തു മനസ്സുരുകി" ഏകാന്തതയിൽ വിങ്ങിവിങ്ങി കരഞ്ഞിരുന്ന ആ ബാലനെപ്പററി ജോൺബോസ്കോ അച്ചൻ അത്ഭുതപ്പെടുകതന്നെ ചെയ്തു. ചിലപ്പോൾ അവനെ ശാന്തമാക്കുന്നതിനു അദ്ദേഹത്തിനുപോലും സാധിക്കാതെവന്നിരുന്നു. "ഹാ! അന്നു ഞാൻ കണ്ട ജനറൽ മൈക്കൾ മാഗൻ ഇത്ര ധൈര്യമില്ലാത്തവനായിത്തീർന്നോ?" എന്നു അദ്ദേഹം അവനെ കളിയാക്കിയിരുന്നു.

ഒരു രാത്രി എല്ലാവരും സുഖസുഷുപ്തിയിൽ ആണ്ടിരിക്കയിൽ മാഗൻ എഴുന്നേററു ജനലക്കൽ നോക്കിനിന്നുകൊണ്ടു നെടുവീർപ്പിട്ടു കരയുന്നതുകേട്ടു ബോസ്കോ അച്ചൻ ഓടിയെത്തി. "പിതാവേ! ക്ഷമിക്കണം. ഞാൻ ചന്ദ്രനെ നോക്കി വിസ്മയിക്കയായിരുന്നു. ലോകാരംഭം മുതൽ എത്ര കൃത്യമായി അതു സ്രഷ്ടാവിനെ അനുസരിച്ചു് അതിന്റെ ജോലി നിർവ്വഹിച്ചുവരുന്നു! എന്നാൽ ബുദ്ധിയുള്ള സൃഷ്ടിയായ ഞാൻ ഇത്ര ചെറുപ്പത്തിൽ തന്നെ ഏതെല്ലാം വിധത്തിൽ എന്റെ ദൈവത്തെ അനുസരിക്കാതെ അവിടുത്തെ ദ്രോഹിച്ചു!" എന്നു പറഞ്ഞുകൊണ്ടു പിന്നെയും കരഞ്ഞുതുടങ്ങി. അനുതാപത്തിന്റെ എത്ര വലിയ പദവിയിൽ ആ ചെറുബാലൻ എത്തിച്ചേർന്നു എന്നു നോക്കുക.

ഒരു വൈദികനാകണമെന്നായിരുന്നു മാഗന്റെ ആഗ്രഹമെല്ലാം. എന്നാൽ ചെറുപ്പത്തിലേതന്നെ അവന്റെ നിത്യസമ്മാനം നൽകാനാണു ദൈവം തിരുച്ചിത്തമായതു്. ഭാഗ്യപൂർണ്ണമായ ആ അന്ത്യവേളയിൽ ബോസ്കോ അച്ചൻ അവന്റെ സമീപേതന്നെ നിന്നിരുന്നു.

"മാഗൻ! നിന്റെ കൂട്ടുകാർക്കായി എന്തു സന്ദേശമാണു ഇപ്പോൾ നൽകാനുള്ളതു്?"

"അവർ അടുക്കലടുക്കൽ നല്ലകുമ്പസാരം കഴിക്കണമെന്നു്."

"നിന്റെ കഴിഞ്ഞ ജീവിതത്തിലെ പ്രവൃത്തികളിൽ ഈ സമയത്തു നിനക്കു അധികം ആനന്ദപ്രദമായി തോന്നുന്നതു് ഏതാണു്?"

"പരിശുദ്ധ ദൈവജനനിയുടെ സ്തുതിക്കായി ചെയ്തിട്ടുള്ള നിസ്സാരകൃത്യങ്ങളുടെ പോലും സ്മരണ. ഓ! മറിയമേ! നിന്റെ ദാസനായിരിക്കുന്നതു് എത്ര ആനന്ദപ്രദം! പിതാവേ! ആത്മാവു ശരീരത്തിൽനിന്നു പിരിയുമ്പോൾ ഞാൻ എന്താണു ചെയ്യേണ്ടതെന്നു ഭയപ്പെടുന്നു."

"എന്റെ മകൻ ഒന്നും ഭയപ്പെടാനില്ല. പരിശുദ്ധ അമ്മതന്നെ നിത്യവിധികർത്താവിന്റെ പക്കലേക്കു നിന്നെ കൂട്ടിക്കൊണ്ടുപൊയ്ക്കൊള്ളും. നിന്റെ ശരണമെല്ലാം ആ അമ്മയിൽ വച്ചുകൊള്ളുക. ഒരുകാര്യം നിന്നെ ഏല്പിച്ചുവിടാനുണ്ടു്. സ്വർഗ്ഗത്തിൽ പരിശുദ്ധ മാതാവിന്റെ സന്നിധിയിൽ നീ ചെല്ലുമ്പോൾ എന്റെയും ഇവിടത്തെ കുട്ടികൾ എല്ലാവരുടേയും സ്നേഹാദരങ്ങൾ അമ്മയ്ക്കു സമർപ്പിക്കണം. ഇപ്പോൾ ഇവിടെയുള്ളവരോ, ഇനി ദൈവാനുഗ്രഹത്താൽ ഇവിടെ വന്നു ചേരാനിരിക്കുന്നവരോ ആരും നിത്യനാശത്തിലുൾപ്പെടാതിരിക്കത്തക്കവണ്ണം അമ്മയുടെ ശക്തിയേറിയ സംരക്ഷണത്തിൽ ഞങ്ങളെ കൈക്കൊള്ളുന്നതിനും നീ മാതാവിനോടു അഭ്യർത്ഥിക്കണം."

"പിതാവേ! ഞാൻ അങ്ങനെ ചെയ്തുകൊള്ളാം."

അല്പനിമിഷത്തിനുള്ളിൽ ആ അനുതാപിയുടെ ആത്മാവു പരമഭാഗ്യത്തിലേക്കു പറന്നുപോകയും ചെയ്തു.

പ്രിയകുഞ്ഞുങ്ങളേ! നിങ്ങൾ അത്ഭുതപ്പെടുന്നുവോ? നേരേമറിച്ചു അസൂയപ്പെടുക. ധൈര്യപ്പെടുക. മനുഷ്യബലഹീനതയുടെ കൂമ്പാരങ്ങളെയെല്ലാം പ്രസാദവരം എത്ര ശീഘ്രത്തിൽ തട്ടിത്തകർത്തുകളയുന്നുവെന്നു നല്ലപോലെ മനസ്സിലാക്കുക. ഓ! എന്നെക്കൊണ്ടു എന്തു കഴിയും? ഞാനുണ്ടോ ഇനി നന്നാകാൻ പോകുന്നു? എന്നു് ആരും പറയേണ്ട. ദൈവത്തിനു ഒന്നും അസാധ്യമല്ല. ദൈവജനനിയുടെ ഭക്തർ ഒരിക്കലും നശിച്ചുപോകയില്ല. ജീവിതപ്പടക്കളത്തിൽ ധീരതയോടെ മുന്നോട്ടുപോകുക. വിജയം സുനിശ്ചയം.

കത്തുകൾക്കു മറുപടി

അറയ്ക്കൽ കുര്യാക്കോ മേറി. നമ്പർ 51.

"........ഞങ്ങൾ ആറു കുഞ്ഞുങ്ങളാണുള്ളതു്. ചേച്ചിയെ വിവാഹം കഴിച്ചുവിട്ടു. ഞങ്ങൾ നാലുപേരു ബാലരംഗത്തിൽ ചേർന്നിട്ടുണ്ടു്. ഞങ്ങളുടെ പ്രിയ മാതാവു ഈമാസം 14-ാംനു അന്ത്യകൂദാശകൾ സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചു. അമ്മയുടെ ആത്മാനുകൂലാർത്ഥം വല്യച്ചനും ബാലരംഗത്തിലെ സഹോദരങ്ങളും പ്രാർത്ഥിപ്പാറാകണം. വല്യച്ചനുവേണ്ടി ഞങ്ങൾ എന്നും അപേക്ഷിക്കുന്നുണ്ടു്."

പ്രിയമക്കളേ, അമ്മയുടെ വിയോഗത്തിൽ ഞങ്ങൾ എല്ലാവരും അനുശോചിക്കുന്നു. നാലംഗങ്ങളെ ബാലരംഗത്തേക്കു പ്രദാനംചെയ്ത ആ തള്ളയ്ക്കു



വിശുദ്ധ തോമ്മാശ്ലീഹാ! ഇൻഡ്യക്കുവേണ്ടി പ്രാർത്ഥിക്കണമെ.

വേണ്ടി കുഞ്ഞുങ്ങളെല്ലാവരും പ്രത്യേകം പ്രാർത്ഥിക്കാതിരിക്കുമോ? പത്രം കിട്ടുന്ന ദിവസത്തെ കൊന്ത അംഗങ്ങൾ എല്ലാവരും ഈ ആത്മാവിന്റെ നിത്യശാന്തിക്കായി കാഴ്ചവെക്കണമെന്നു ഞാൻ സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. കുർബാനയിലും ഞാൻ ഓർത്തപേക്ഷിച്ചുകൊള്ളാം. നമുക്കുവേണ്ടി ആ തള്ളയും പ്രാർത്ഥിച്ചുകൊള്ളും.

അമ്മത്രേസ്യാ പുണ്യവതിയുടെ മാതാവു മരിച്ചപ്പോൾ ചെറുപ്പമായിരുന്ന ആ വിശുദ്ധ ചെയ്തതു് എന്താണെന്നു നിങ്ങൾ കേട്ടിട്ടുണ്ടോ? ദൈവജനനിയുടെ രൂപത്തിങ്കൽ ചെന്നു ആ അമ്മയെ തന്റെ മാതാവായി സ്വീകരിച്ചു് സ്വയം സമർപ്പിച്ചു. മേറിയും ഇതുതന്നെ ചെയ്തു സമാശ്വസിക്കണം. ഇളയകുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുകയും വേണം. ജപമാല പ്രാർത്ഥന അവർ ഒരുദിവസവും മുടക്കാൻ ഇടവരുത്തരുതു്. സത്യദീപവായനയിൽ—പ്രത്യേകിച്ചും ബാലരംഗത്തിൽ—അവർ എല്ലാവരും ഉത്സുകരായിരിക്കുന്നു എന്നു എഴുത്തിൽ കണ്ടു സന്തോഷിക്കുന്നു. അതോടുകൂടെ ആദ്യവെള്ളിയാഴ്ച കുമ്പസാരവും കുർബാന കൈക്കൊള്ളലും മുടക്കാതെ നടത്താൻ ഉത്സാഹിക്കണം. തിരുഹൃദയം എല്ലാവരേയും അനുഗ്രഹിക്കും. ത്രേസ്യക്കുട്ടിയുടെയും, ബ്രിജീത്തായുടെയും, മാണിയുടെയും നമ്പരുകൾ യഥാക്രമം 52, 53, 22, എന്നാണെന്നുകൂടി ഓർപ്പിക്കുന്നു.

അടുത്ത ഞായറാഴ്ച മാർത്തോമ്മാശ്ലീഹായുടെ തിരുനാളാണെന്നുള്ളതു കുഞ്ഞുങ്ങൾ മറന്നുപോകരുതു്. നന്ദിയും സ്നേഹവും അഭിമാനവും നിറഞ്ഞ ഹൃദയത്തോടെ തിരുനാൾ കൊണ്ടാടണം. ജാതീയദിനാഘോഷങ്ങൾ പൂർവ്വാധികം മോടിപിടിപ്പിക്കാൻ നിങ്ങളാണു ശ്രമിക്കേണ്ടതു്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 വിശുദ്ധവത്സരം ആഘോഷിക്കുന്നതു എന്തുദ്ദേശത്തോടുകൂടെയാണെന്നാണു് മാർപ്പാപ്പാ പ്രസ്താവിച്ചിരിക്കുന്നതു്?

2 വിശുദ്ധവത്സരത്തിൽ ഏതെല്ലാം കാര്യങ്ങൾ ചെയ്യണം?

3 വിശുദ്ധവത്സരത്തിന്റെ ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതിനു് ഏതെല്ലാം ബസ്ലിക്കാകൾ സന്ദർശിക്കണം?

4 ഓരോ ദേവാലയത്തിലും ചൊല്ലേണ്ട ജപങ്ങൾ ഏതെല്ലാം?

5 റോമിൽ എത്തിയ ശേഷമോ അതിനുമുമ്പോ രോഗബാധ നിമിത്തമോ മററു കാരണങ്ങളാലോ നിർദ്ദിഷ്ടദേവാലയങ്ങൾ സന്ദർശിക്കാൻ സാധിക്കാതെ വരുന്ന തീർത്ഥകർ ദണ്ഡവിമോചനം പ്രാപിക്കാൻ എന്തുചെയ്യണം?

(ഉത്തരങ്ങൾ 10-ാം പേജിൽ)

## വിശുദ്ധവത്സരം

ഒന്നാമത്തെ വിശുദ്ധ വത്സരം 1300-ൽ എട്ടാം ബോനിഫസ് മാർപ്പാപ്പായാണു് പ്രഖ്യാപനം ചെയ്തതു്. 1450-നു ശേഷം, 1800, 1850, 1875 ഈ വർഷങ്ങളൊഴികെയുള്ള എല്ലാ 25-ാം കൊല്ലവും വിശുദ്ധ വത്സരങ്ങൾ കൊണ്ടാടപ്പെട്ടിട്ടുണ്ടു്. 1800-ൽ വിശുദ്ധവത്സരം പ്രഖ്യാപിക്കുവാൻ മാർപ്പാപ്പാ ഉണ്ടായിരുന്നില്ല. 6-ാം പീയൂസ് മാർപ്പാപ്പാ നെപ്പോളിയന്റെ ഒരു തടവുകാരനായി, ജയിലിൽ കിടന്നുതന്നെ മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ 7-ാം പീയൂസ് മാർപ്പാപ്പാ തിരഞ്ഞെടുക്കപ്പെട്ടതു് 1800-ൽ മാത്രമാണു്. 1850-ൽ അന്നത്തെ മാർപ്പാപ്പായായ 9-ാം പീയൂസ് ഒരു വിപ്രവാസിയായിരുന്നു. 1848-ലെ രാഷ്ട്രീയ കുഴപ്പങ്ങളാൽ റോമാ വിട്ടുപോകേണ്ടിവന്ന തിരുമേനിക്കു് 1850 ഏപ്രിൽ 12-ാം തിയതിയേ പ്രത്യാഗമിക്കുവാൻ തരപ്പെട്ടുള്ളു. 1870-ൽ വത്തിക്കാൻ സംസ്ഥാനങ്ങളെ വിക്ടർ എമ്മാനുവൽ കൈയടക്കുകയും മാർപ്പാപ്പാ വത്തിക്കാനിലെ തടവുകാരനായിത്തീരുകയും ചെയ്തല്ലോ. അന്നത്തെ രാഷ്ട്രീയ ചുററുപാടുകളാലും 9-ാം പീയൂസ് മാർപ്പാപ്പായുടെ ആരോഗ്യനിലകൊണ്ടും 1875-ൽ വിശുദ്ധവത്സരം പ്രഖ്യാപിക്കപ്പെട്ടില്ല.

1900-ൽ പതിമൂന്നാം ലെയോ 75 വർഷങ്ങൾക്കുശേഷം വിശുദ്ധവത്സരം പ്രഖ്യാപിച്ചു. ദക്ഷിണാഫ്രിക്കൻ സമരത്തിന്റെ കാലമായിരുന്നതിനാൽ അന്നു് ഇംഗ്ലണ്ടിൽനിന്നു 800 പേരടങ്ങിയ ഒരു തീർത്ഥസംഘമേ റോമ സന്ദർശിച്ചുള്ളു. 1925-ലെ വിശുദ്ധവത്സരത്തിന്റെ ഒരു പ്രത്യേകത ചെറുപുഷ്പത്തിന്റെ വിശുദ്ധപദപ്രഖ്യാപനമായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനേകം സന്ദർശകരെ ഇതു് ആകർഷിച്ചു. 9000 സ്കൗട്ടുകാർ റോമയിലേക്കു അക്കൊല്ലം വിവിധരാജ്യങ്ങളിൽനിന്നു തീർത്ഥയാത്ര ചെയ്യുകയുണ്ടായി. 1933 ലെ വിശുദ്ധവത്സരത്തിൽ ഇംഗ്ലണ്ടിൽ നിന്നു 50 തീർത്ഥസംഘങ്ങൾ റോമ സന്ദർശിക്കുകയുണ്ടായി. അതിലൊന്നു തൊഴിലില്ലാത്തവരുടെ സംഘമായിരുന്നു. അക്കൊല്ലം 9000 മൈൽ കാൽനടയായി യാത്ര ചെയ്തു് ഒരു ചൈനാക്കാരൻ റോമയിലെത്തുകയുണ്ടായി.

1933 ലെ വിശുദ്ധവത്സരത്തിൽ 55 വയസ്സുള്ള ഒരു ജർമ്മൻകാരൻ 37 റാത്തൽ ഭാരമുള്ള ഒരു കുരിശും വഹിച്ചു് 400 മൈൽ നടന്നു റോമയിലെത്തിയതു പ്രസ്താവാർഹമായ ഒരു വസ്തുതയാണു്. പ്രിബോർഗിൽ നിന്നും 57 വയസ്സായ ഒരു വൃദ്ധൻ നടന്നു നിത്യനഗരത്തിലെത്തി. അയർലൻഡിൽനിന്നും 1200 സ്കൗട്ടുകൾ ലാൻസെസ്റ്റിയാ എന്ന കപ്പലിൽ റോമയിലെത്തി. ആ കപ്പലിൽ പ്രതിദിനം 100 കുർബാനകൾ വീതം ചൊല്ലിയിരുന്നു. 1933 ലെ വിശുദ്ധവത്സരാവസാനത്തിൽ പത്രോസിന്റെ ബസ്ലിക്കായുടെ കവാടങ്ങൾ അടച്ച അവസരത്തിൽ 22 രാജ്യങ്ങളിൽനിന്നുള്ള 3 ലക്ഷം തീർത്ഥകർ റോമയിൽ സന്നിഹിതരായിരുന്നു. ഇവരിൽ സയാമിലെ രാജാവും രാജ്ഞിയും ഉൾപ്പെട്ടിരുന്നു.

# നമ്മുടെ മതപഠനം

(ഫാ. ലാസർ സി. ഡി.ബി. എ, എൽ ടി.)

അഭ്യസ്തവിദ്യരായ നമ്മുടെ ബാലികാബാലന്മാർ തങ്ങളുടെ ബുദ്ധിവികാസത്തിനു അനുസൃതമായി സന്മാർഗ്ഗികങ്ങളും മതാത്മകങ്ങളുമായ തത്വങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതു് അഭിലഷണീയമെന്നല്ല അനുപേക്ഷണീയവുമാണ്. നിരീശ്വരത്വം, ബോൾഷെവിസം മുതലായ നാരകീയ കൊടുങ്കാററുകൾ സന്മാർഗ്ഗികഭിത്തികളിന്മേൽ ആഞ്ഞടിച്ചു ക്രിസ്തീയസൗധത്തെ നിലംപരിശാക്കുന്നതിനു യത്നിക്കുന്നുണ്ടെന്നു നാം മനസ്സിലാക്കണം. ഏവംവിധങ്ങളായ പൈശാചീക ശക്തികളോട് എതിരിടേണ്ടിവരുന്ന നമ്മുടെ സഹോദരീസഹോദരന്മാർ മതാചാരത്തിലും സന്മാർഗ്ഗനിഷ്ഠയിലും അടിയുറച്ചവരല്ലെങ്കിൽ ഉണ്ടാകാവുന്ന വിപത്തുകൾ ഊഹാതീതങ്ങളായിരിക്കുമെന്നു പറവാനേ നിവൃത്തിയുള്ളൂ. ആകയാൽ ഇന്നു പൗരാണികകാലങ്ങളെ അപേക്ഷിച്ചു നമ്മുടെ യുവതീയുവാക്കന്മാർക്ക് മതാദ്ധ്യയനവും സന്മാർഗ്ഗപരിശീലനവും അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു; സംശയമില്ല.

എന്നാൽ ഇത്ര ഗൗരവാവഹമായ മതപഠനം നാം ഇന്നു നടത്തിവരുന്ന രീതി എത്ര ശോചനീയമാണ്. നമ്മുടെ വിദ്യാലയങ്ങളിൽ പലതിലും മതാദ്ധ്യയനത്തിനു സ്ഥാനമില്ല. അതു നടത്തിവരുന്നിടങ്ങളിൽ തന്നെയും അതർഹിക്കുന്ന ഗൗരവത്തിലും ശുഷ്കാന്തിയിലുമാണോ അതു നടത്തിവരുന്നതു്? അല്ലായെന്നു നാം സമ്മതിക്കണം. ഈ ദുരവസ്ഥയ്ക്കു ഒരു പ്രതിവിധി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കാലവിളംബം അനുവദിക്കാവുന്ന ഒരു സംഗതിയല്ല ഇതെന്നു സവ്യസനം പ്രസ്താവിച്ചുകൊള്ളട്ടെ.

മതാദ്ധ്യയനത്തിനു സ്വീകരിക്കുന്ന പാഠപുസ്തകങ്ങളുടെ സംഗതിയിലും പ്രത്യേകം ശ്രദ്ധകൂടിയേതീരൂ. മററു വിഷയങ്ങളിൽ—അവ ഭാഷാപരമോ ശാസ്ത്രപരമോ ആകട്ടെ—പാഠപുസ്തകങ്ങൾ അദ്ധ്യേതാക്കളുടെ പ്രായത്തിനും പ്രാപ്തിക്കും അനുയോജ്യമായിരിക്കണമെന്നു നമുക്കു നിർബന്ധമുണ്ട്. മാത്രമല്ല അവ അദ്ധ്യയനശാസ്ത്രത്തിലെ ഏററവും നവീനതത്വങ്ങളനുസരിച്ചു വിരചിതമായിരിക്കണമെന്നും നമുക്കു നിഷ്ടയുണ്ട്. എന്നാൽ മതപഠനകാര്യത്തിൽ ഇതെല്ലാം നാം വിസ്മരിച്ചുകളയുന്നു. ഒരേ ഒരു പുസ്തകം എല്ലാ പ്രായക്കാർക്കും—അവരുടെ മനോവികാസം എന്തുതന്നെയാകട്ടെ—പര്യാപ്തമായിരിക്കുമെന്നാണു നമ്മുടെ ഭാവം. ഒരേ പുസ്തകമായാൽ വളരെ സൗകര്യമാണ്. പലപുസ്തകങ്ങൾ നോക്കേണ്ട ബുദ്ധിമുട്ടില്ല. ചിലവും കുറഞ്ഞിരിക്കും. എത്ര വിജ്ഞാനപ്രദമായ ചിന്തകൾ! എന്നാൽ മതപഠനകാര്യത്തിൽ മാത്രമേ ഈദൃശതത്വങ്ങൾ സ്വീകരിക്കാൻ നാം തയ്യാറുള്ളൂ. ഇതാണ് നാം പ്രത്യേകം ചിന്താവിഷയമാക്കേണ്ടതു്. സ്വർഗ്ഗസ്ഥനായ പിതാവിനേയും, സ്വർഗ്ഗരാജ്യത്തേയും, മരണാനന്തരജീവിതത്തെ ഭാസുരമാക്കിത്തീർക്കുവാനുള്ള മാർഗ്ഗങ്ങളേയും പററിയുള്ള ജ്ഞാനം പ്രദാനം ചെയ്യുന്ന മതാദ്ധ്യയനകാര്യത്തിൽ നാം ഇത്ര അലക്ഷ്യമായി വർത്തിക്കുന്നതു ശരിയല്ല, ക്ഷന്തവ്യമല്ല. ഇതുഭാവിതലമുറയോടു നാം ചെയ്യുന്ന ഒരു അപരാധമത്രേ. അപ്രകാരംതന്നെ അദ്ധ്യയനവേദിയിൽ സർവ്വപ്രധാനമായി പരിഗണിക്കപ്പെടുന്ന മനശ്ശാസ്ത്രതത്വങ്ങളെ മതാദ്ധ്യയനത്തിൽ നാം അവഗണിക്കുന്നതും ശരിയല്ല. മതപഠനത്തെ നാം അത്ര കാര്യമായി കരുതുന്നില്ലെന്നല്ലയോ ഈ മനോഭാവം സ്പഷ്ടമാക്കുന്നതു്?

ഗുരുതരങ്ങളായ ഈദൃശപ്രശ്നങ്ങൾക്കു ഒരു പ്രതിവിധിയുണ്ടാകേണ്ടതു് അടിയന്തിരാവശ്യമാണല്ലോ. ഇതിലേക്കു് എനിക്കു എന്തു ചെയ്‌വാൻ കഴിയും? ഞാൻ ആലോചിച്ചു ഈ ആലോചനയുടെ ഫലമായിട്ടത്രെ "മതതത്വബോധിനി" എന്ന ഗ്രന്ഥാവലി എഴുതുവാൻ ആരംഭിച്ചതു്. അതതു സമയങ്ങളിൽ അധികൃതസ്ഥാനങ്ങളിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന പ്രോത്സാഹനത്താലും മഹാമനസ്കരായ പണ്ഡിതവരേണ്യരുടെ സഹായസഹകരണത്താലുമാണ് ഈ ഗ്രന്ഥപരമ്പര രൂപമെടുത്തു യഥാകാലം വെളിക്കു വരുവാൻ ഇടയായതു്. പ്രതീക്ഷയിൽ കവിഞ്ഞ ശീഘ്രതയിൽ, ഈ ചെറുപുസ്തകങ്ങൾ പല രൂപതകളിലും പ്രചരിക്കാനിടയായി. ഇവയിൽ ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്.

ഇങ്ങനെ ഇപ്പോൾ വർഷങ്ങൾ മൂന്നു നാലു കഴിഞ്ഞു. എങ്കിലും നാളിതുവരെ ഈ ഗ്രന്ഥപരമ്പരയുടെ ക്രമീകരണത്തേയും അതിന്റെ രചനയിൽ സ്വീകരിച്ചിട്ടുള്ള മൗലികതത്വങ്ങളേയും കുറിച്ചു ഒന്നുംതന്നെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെയുള്ള ഒരു വിശദീകരണമാകട്ടെ ഈ ചെറുഗ്രന്ഥങ്ങൾ ഉപയോഗിച്ചു മതാദ്ധ്യയനം നടത്തുന്നവർക്ക് അത്യധികം പ്രയോജനകരമായിരിക്കുമെന്നതിനു സംശയമില്ല. അതുകൊണ്ടാണ് അവയെക്കുറിച്ചു ചുരുങ്ങിയ ഒരു വിവരണം താഴെ ചേർക്കുന്നതു്.

"മതതത്വബോധിനി"യെന്ന ഗ്രന്ഥപരമ്പരയിൽ പതിനൊന്നു ചെറുപുസ്തകങ്ങളാണുള്ളതു്. അവയിൽ ആദ്യത്തെ അഞ്ചും പ്രൈമറി സ്കൂളിലെ അഞ്ചു ക്ലാസ്സുകളിലോ, ഇടവകകളിൽ സാധാരണ നടത്തിവരുന്ന "സൺഡേ" വേദോപദേശക്കളരികളിലോ ഉപയോഗപ്പെടുത്താവുന്നതാണ്. ആറു മുതൽ പതിനൊന്നുവരെയുള്ള ആറു പുസ്തകങ്ങൾ ഇംഗ്ലീഷ് സ്കൂളിലെ ആറു ഫോറങ്ങളിലേക്കു് ഉദ്ദേശിച്ചിട്ടുള്ളവയത്രെ. ഇവയിൽ ഹൈസ്കൂൾ ക്ലാസ്സുകളിലേക്കുള്ള ഒമ്പതും, പത്തും, പതിനൊന്നും പുസ്തകങ്ങൾ കുറെ പ്രായംചെന്നവർക്കും ഫലപ്രദമായി പാരായണം ചെയ്യാം. അവയുടെ രചന ചോദ്യോത്തരരീതിയിലല്ലാത്തതുകൊണ്ട് അവർക്കു വായിച്ചു രസിക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ഈ പതിനൊന്നു പുസ്തകങ്ങളെ നാലു തരമായി തിരിക്കാം:

(1) ഒന്നും, രണ്ടും, മൂന്നും

പുസ്തകങ്ങൾ

ഇവ പ്രൈമറിസ്കൂളിലെ ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളിൽ പഠിക്കത്തക്ക വയസ്സും മനോവികാസവും മാത്രമുള്ള കൊച്ചുകുട്ടികളെ ഉദ്ദേശിച്ചുള്ളവയാണ്. ഇവയുടെയെല്ലാം രചനാരീതിയും അദ്ധ്യയനസമ്പ്രദായവും ഒന്നുതന്നെയെന്നു പറയാം. ഈ ക്ലാസ്സുകളിലെ കുട്ടികൾ പ്രായേണ പിഞ്ചുപൈതങ്ങളാകയാൽ അദ്ധ്യയനം ഏററവും ഫലപ്രദവും അതീവ രസാവഹവുമാകുന്നതിനു് കഴിവുള്ള എല്ലാ ഉപാധികളും അവയിൽ കാണിച്ചിട്ടുണ്ട്. ഇവയുടെ രചനയിൽ സ്വീകരിച്ചിട്ടുള്ള രീതി അഭിനവമായ ഒന്നാകയാൽ അവ ഉപയോഗിക്കുന്ന അദ്ധ്യാപകന്മാർ അവയുടെ ആമുഖത്തിലുള്ള നിർദ്ദേശങ്ങൾ അനുപദം അനുസരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുന്നപക്ഷം കുട്ടികളുടെ പിഞ്ചുഹൃദയങ്ങളിൽ പരമ്പരയായും ജ്ഞാനസ്നാനം വഴിയായും വിതയ്ക്കപ്പെട്ടിരിക്കുന്ന ആദ്ധ്യാത്മീകബീജങ്ങൾ എത്ര എളുപ്പത്തിൽ മുളച്ചുവളരുമെന്നു് അവർക്കു് അതിവേഗത്തിൽ ഗ്രഹിക്കുവാൻ സാധിക്കും.

ഈ മൂന്നു പുസ്തകങ്ങളിലെ ഉള്ളടക്കം വേദോപദേശ പുസ്തകങ്ങളിൽ നാം സാധാരണ കാണാറുള്ള മുപ്പത്തിമൂന്നു നമസ്കാരങ്ങളാകുന്നു. (നമസ്കാരമെന്ന പദം ഇവിടെ വ്യാപകാർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതു്.) പ്രതിപാദനത്തിൽ ഓരോ നമസ്കാരത്തിനും വിവിധഘട്ടങ്ങൾ തിരിച്ചിട്ടുണ്ട്.

1. പ്രാരംഭപ്രഭാഷണം—ഇതു നമസ്കാരത്തിന്റെ പ്രാധാന്യവും ആവശ്യവും കുട്ടികളെ ഗ്രഹിപ്പിക്കുവാനുള്ളതാണ്. പ്രസ്തുത നമസ്കാരം പഠിക്കുന്നതിനു കുട്ടികൾക്കു പ്രോത്സാഹനം നൽകണമെന്നാണ് ഇതിന്റെ ഉദ്ദേശം.

2. നമസ്കാരം (Text)—നമസ്കാരങ്ങളുടെ ഭാഷാപരിഷ്കരണത്തിനുള്ള ചില പരിശ്രമങ്ങൾ നടന്നുവെങ്കിലും അതു സാദ്ധ്യപ്രായമാകുന്നതിനു വളരെ കാലതാമസം വന്നേക്കുമെന്നു കണ്ടപ്പോൾ, ചങ്ങനാശ്ശേരി രൂപതയിൽ ബ. ചിററൂരച്ചൻ മുതലായവർ സി. എ. സി. വകയായി പ്രസിദ്ധീകരിച്ച വേദോപദേശപുസ്തകങ്ങളിൽ കണ്ട പ്രകാരം അവയെ സ്വീകരിക്കുകയാണു ചെയ്തതു്. പഴയ നമസ്കാരങ്ങളിലുള്ള അപശബ്ദങ്ങൾ മിക്കവാറും എല്ലാംതന്നെ സി. എ. സി. ക്കാർ ഉന്മൂലനം ചെയ്തിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

നമസ്കാരം (Text) മാത്രമേ കുട്ടികൾ മനഃപാഠം പഠിക്കണമെന്നു നിർബന്ധിക്കേണ്ടതുള്ളൂ. ഇതരഘട്ടങ്ങളിലെ ആശയങ്ങൾ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ആവർത്തനംവഴിയായി യുവഹൃദയങ്ങളിൽ പതിക്കുവാൻ ശ്രമിച്ചാൽ മതിയാകും. ഇതിനുവേണ്ട സൗകര്യമുണ്ടാകുന്നതിനാണ് അദ്ധ്യയനത്തിൽ ഗ്രൂപ്പുപദ്ധതി സ്വീകരിച്ചിട്ടുള്ളതു്.

3. പാട്ട്—നമസ്കാരങ്ങളിലെ ആശയങ്ങൾ അവിടവിടെ പദ്യരീതിയിലും കൊടുത്തിട്ടുണ്ട്. ദ്രാവിഡവൃത്തത്തിൽ ലളിതകോമളമായ ഭാഷയിലത്രെ അവ എഴുതപ്പെട്ടിരിക്കുന്നതു്. അവയിൽ മിക്കതും കവിതാശകലങ്ങളായി രൂപാന്തരപ്പെടുത്തിയതു് മേരി തോട്ടം എന്നറിയപ്പെടുന്ന സുപ്രസിദ്ധ കവയിത്രി, റവ. സി. ബനീഞ്ഞയത്രെ അവ ഈ ചെറുകൃതികൾക്കു് ഒരു ഭൂഷണമാണെന്നതിനു സംശയമില്ല.

4. വിശദീകരണം—ഇതുവഴിയായി ഓരോ നമസ്കാരത്തിന്റെയും അർത്ഥം കഴിയുന്നത്ര കുട്ടികളെ ഗ്രഹിപ്പിക്കുന്നതിനു യത്നിച്ചിട്ടുണ്ട്. അർത്ഥധാരണകൂടാതെ ഉരുവിടുന്ന സമ്പ്രദായം ആവതും ഇല്ലാതാക്കണം എന്നാണ് ഇതിന്റെ ഉദ്ദേശം. ഇതു വെറും ഒരു വ്യാമോഹമല്ല, സാദ്ധ്യപ്രായമാണെന്നു് അനുഭവം വ്യക്തമാക്കുന്നതാണ്.

5. പ്രായോഗികാനുമാനങ്ങൾ—അതതു നമസ്കാരത്തിന്റെ പ്രായോഗികവശം എടുത്തുകാണിക്കുന്നു.

ഓരോ പുസ്തകത്തിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള നമസ്കാരങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ആശയങ്ങൾ ഓരോ പുസ്തകത്തിലും ആവർത്തിച്ചിട്ടുണ്ട്. ഈ ആവർത്തനം ചോദ്യോത്തരരീതിയിലാണ് നിർവ്വഹിച്ചിട്ടുള്ളതു്. നിർദ്ദേശാനുസരണം നമസ്കാരങ്ങൾ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ചോദ്യങ്ങൾക്കുള്ള ഉത്തരം കുട്ടികളിൽനിന്നുതന്നെ നിഷ്പ്രയാസം ലഭിക്കുന്നതാണ്.

ഈ പുസ്തകങ്ങൾ ഓരോന്നിന്റേയും അവസാനത്തിൽ കാണാം വേദാഗമങ്ങളിൽനിന്നുള്ള ചില ചരിത്രശകലങ്ങൾ. ഇവയിൽ രണ്ടാംപുസ്തകത്തിലുള്ളവ പാപസങ്കീർത്തനത്തേയും മൂന്നാം പുസ്തകത്തിലുള്ളവ വി. കുർബാനയേയും സംബന്ധിച്ചവയാണ്. കുമ്പസാരം, വി. കുർബാനാസ്വീകരണം എന്നിവയെക്കുറിച്ചു കൂടുതൽ ജ്ഞാനവും മതിപ്പും കുട്ടികളിൽ ഉണ്ടാകുന്നതിനു് അവ ഉപകരിക്കാതിരിക്കയില്ല.

2 നാലും, അഞ്ചും, പുസ്തകങ്ങൾ

പ്രൈമറി സ്കൂളിലെ നാലും, അഞ്ചും ക്ലാസ്സുകളിലേക്കുള്ളവയത്രേ ഇവ. ഒന്നു്, രണ്ടു്, മൂന്നു് എന്നീ പുസ്തകങ്ങളിൽ പ്രാരംഭപ്രഭാഷണങ്ങൾ, വിശദീകരണങ്ങൾ എന്നിവ മുഖേന വേദസത്യങ്ങൾ പലതുമായി കുട്ടികൾ പരിചയപ്പെട്ടിരിക്കാൻ ഇടയുണ്ട്. എങ്കിലും അവയെക്കുറിച്ചു ക്രമീകൃതമായ ഒരു ജ്ഞാനം അവർക്കു സിദ്ധിച്ചിരിക്കയില്ല. മാത്രമല്ല, മതതത്വങ്ങളിൽ ഹൃദിസ്ഥമാക്കേണ്ടവയായി അനേകമുണ്ട്. അവ ചെറുപ്പത്തിൽത്തന്നെ മനഃപാഠമാക്കേണ്ടതും ആവശ്യമത്രേ. അതുകൊണ്ടാണു നാലും അഞ്ചും പുസ്തകങ്ങളിൽ ക്രിസ്തീയതത്വങ്ങളുടെ ഒരു സംഗ്രഹം ചോദ്യോത്തരരീതിയിൽ പ്രതിപാദിച്ചിട്ടുള്ളതു്. ചോദ്യോത്തരരീതി തത്വങ്ങളുടെ സ്വഭാവവും പ്രയോജനവും ഏററവും ചുരുങ്ങിയ വാക്കുകളിൽ വ്യക്തമാക്കുന്നതിനു് ഏററവും പററിയതാണല്ലോ.

എങ്കിലും ചോദ്യോത്തരങ്ങൾ ഒന്നിനു പുറകെ ഒന്നായി വരുന്നതായാൽ അവയുടെ അർത്ഥവ്യാപ്തിയെക്കുറിച്ചു് അധികം ആരും ചിന്തിച്ചുവെന്നു വരുന്നതല്ല. കൂടാതെ പ്രസ്തുത രീതിയിൽ എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളുടെ ഉള്ളടക്കം എത്ര പരിപാവനമായാലും അതു അധികനേരം വായിക്കുവാൻ സാധാരണക്കാർക്കു ക്ഷമയുണ്ടാകയില്ല. ഈദൃശവിഷമങ്ങളെ തരണംചെയ്യുവാനാണു സൂചനകളും വിശദീകരണങ്ങളും ഇടയ്ക്കിടെ ചേർത്തിട്ടുള്ളതു്.

ഈ പുസ്തകങ്ങളിൽ "തിരുസ്സഭാരാമത്തിലെ വികസിതകുസുമങ്ങൾ" എന്ന അഭിധാനത്തിൽ തിരുസ്സഭാചരിത്രത്തിൽ നിന്നെടുത്തിട്ടുള്ള അറുപതു സംഭവങ്ങൾ ചേർത്തിട്ടുണ്ട്. അവ തിരുസ്സഭയിൽ വിവിധകാലങ്ങളിലായി നടന്നിട്ടുള്ള സംഭവങ്ങളേയും, മിശിഹാരാജനുവേണ്ടി വിശുദ്ധാത്മാക്കൾ നടത്തിയിട്ടുള്ള വീരപോരാട്ടങ്ങളേയും അനുസ്മരിപ്പിക്കുന്നവയാണ്.

സൂചന: ഇങ്ങനെ, ഇംഗ്ലീഷ് സ്കൂളിൽ പോകുന്നതിനു സാധിക്കാതെവരുന്ന കുട്ടികൾക്കും നമ്മുടെ നമസ്കാരങ്ങളെക്കുറിച്ചു സാമാന്യജ്ഞാനം, ചുരുങ്ങിയ തോതിലുള്ള ഒരു വേദോപദേശം, വേദാഗമങ്ങളിൽനിന്നും തിരുസ്സഭാചരിത്രത്തിൽനിന്നും ഉള്ള കുറെ സംഭവങ്ങൾ എന്നിവ ലഭിക്കുന്നതാണല്ലോ.

3 ആറും, ഏഴും, എട്ടും പുസ്തകങ്ങൾ

ആദ്യത്തെ മൂന്നു ഫോറങ്ങളിലേക്കുള്ളവയത്രെ ഇവ. ഇവയിലെ പ്രതിപാദ്യവിഷയവും പ്രതിപാദ്യരീതിയും നാലും അഞ്ചും പുസ്തകങ്ങളിലേതു തന്നെയാണ്. എങ്കിലും ചോദ്യങ്ങളിലോ ഉത്തരങ്ങളിലോ പറയപ്പെടുന്നവയെക്കുറിച്ചു കുട്ടികൾ അവഗാഢം ചിന്തിക്കുന്നതിനും, അവയിലെ ആശയങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനും പര്യാപ്തങ്ങളായ വിശദീകരണങ്ങൾ സുലഭമായി ഇവയിൽ ചേർത്തിട്ടുണ്ട്. ഈ ക്ലാസ്സുകളിൽ മതാദ്ധ്യയനം രസാവഹമാക്കുന്നതിനു ഇങ്ങനെയാണു യത്നിച്ചിട്ടുള്ളതു്. മതതത്വങ്ങളുടെ അർത്ഥം ബാലഹൃദയങ്ങളിൽ രൂഢമൂലമാകുന്നതിനും ഈ രീതി വളരെ ഉപകരിക്കുന്നതാണ്.

സൂചന: പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉള്ള വേദാഗമചരിത്രങ്ങളെല്ലാം ഈ ക്ലാസ്സുകളിൽ പഠിക്കണമെന്നാണു ചങ്ങനാശ്ശേരി രൂപതയിലെ മതാദ്ധ്യയനപാഠപദ്ധതി അനുശാസിക്കുന്നതു്.


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറന്റു | 1½ ശതമാനം |
| സേവിംഗ്സ് | 3 |
| ഷോർട്ട് നോട്ടീസ് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | 4½ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്കു് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം

പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല

4 ഒമ്പതും, പത്തും, പതിനൊന്നും പുസ്തകങ്ങൾ

ഇവ മൂന്നും ഹൈസ്കൂൾ ക്ലാസ്സുകളിലേക്കുള്ളവയാണു്.

ഏതിനും യുക്തി ആരാഞ്ഞുകൊണ്ടിരിക്കുന്ന പ്രായക്കാരാണു് ഹൈസ്കൂളിലെ കുട്ടികൾ. ആകയാൽ ചോദ്യോത്തരരീതികൊണ്ടു അവർ തൃപ്തിപ്പെടുകയില്ല; അതവർക്കു ഹൃദ്യമായിരിക്കയുമില്ല. കാരണം എന്തെങ്കിലും മനഃപാഠം പഠിക്കുകയെന്നതു് ആ പ്രായത്തിൽ പലർക്കും അരുചികരമായിരിക്കും. അതുകൊണ്ടാണു് ഈ പുസ്തകങ്ങളിൽ ചോദ്യോത്തരരീതി പരിവർജ്ജിച്ചിരിക്കുന്നതു്.

എന്തിനും ന്യായം കാണണമെന്നാവശ്യപ്പെടുന്നവർക്കു നമ്മുടെ പരിപാവനമായ മതതത്വങ്ങൾ യുക്തിപൂർവ്വം സ്ഥാപിച്ചുകൊടുക്കുവാനത്രെ നാം യത്നിക്കേണ്ടതു്. അല്ലാത്തപക്ഷം അവ ഭക്തിസംവർദ്ധകങ്ങളെങ്കിലും യുക്തിയിന്മേൽ അടിയുറച്ചവയല്ലാ എന്നു അവർ തെററിദ്ധരിക്കുവാൻ ഇടയുണ്ടു്. എന്നാൽ ഈ കുട്ടികളുടെ ബുദ്ധി പക്വതപ്രാപിച്ചിട്ടില്ലാത്തതിനാൽ വാദമുഖം അവർ വേണ്ടവിധം ഗ്രഹിച്ചില്ലെന്നുവരാം. ഈ വിഷമമോർത്തു ചോദ്യോത്തരം കൊണ്ടു് അവർ തൃപ്തിയായിക്കൊള്ളട്ടെ എന്നോ തൃപ്തിയായിക്കൊള്ളുമെന്നോ വെക്കുന്നതു് അബദ്ധമാണു്. കൂടാതെയും നമ്മുടെ മതത്തിലെ തത്വങ്ങൾ അതിപ്രൗഢങ്ങളും അതിന്റെ രഹസ്യങ്ങൾ അതിഗഹനങ്ങളുമാണു്. ആകയാൽ അവയുടെ യുക്തിപൂർവ്വകപ്രതിപാദനത്തിൽ ഭാഷാപരമായും മററും അല്പാല്പവിഷമങ്ങൾ നേരിടുവാൻ എളുപ്പമുണ്ടു്. ഹൈസ്കൂളിലെ പുസ്തകങ്ങളുടെ ഭാഷ കുറെ കടുപ്പമായി, പ്രതിപാദനരീതികുറേക്കൂടി എളുപ്പമുള്ളതാക്കേണ്ടതായിരുന്നു എന്നെല്ലാം ചില പരാതികൾ കേൾക്കാറുണ്ടു്. അങ്ങനെയുള്ള മാററങ്ങൾ സഹൃദയരായ വായനക്കാരുടെ സഹായത്തോടുകൂടെ നമുക്കു വരുത്താവുന്നതും വരുത്തേണ്ടതുമാകുന്നു. എങ്ങനെ അതു നിർവ്വഹിക്കാമെന്നു അറിയിച്ചുതരണമെന്നു എല്ലാവരോടും അഭ്യർത്ഥിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. എന്നാൽ അദ്ധ്യേതാക്കൾ താഴത്തെ ക്ലാസ്സുകളിലെ മതപഠനം ശരിയായി നടത്തീട്ടുള്ളവരല്ലായെങ്കിൽ — അദ്ധ്യാപകന്മാർ തങ്ങൾ പഠിപ്പിക്കേണ്ട ഭാഗം, മററു വിഷയങ്ങൾ ഒരുക്കുന്നതിന്റെ പകുതിശ്രദ്ധയോടെയെങ്കിലും ഒരുക്കുന്നില്ലായെങ്കിൽ — പ്രസ്തുത പ്രശ്നങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുക സാദ്ധ്യമല്ല. ഇംഗ്ലീഷുഭാഷയിൽ വിദൂരമല്ലാത്ത കാലത്തു നാം മതാദ്ധ്യയനം നടത്തിയിരുന്നല്ലോ. അന്നു പല ഭാഗങ്ങളുടെയും അർത്ഥം മലയാളത്തിൽ പറഞ്ഞുകൊടുത്താണല്ലോ നാം അവരെ ഗ്രഹിപ്പിക്കുവാൻ യത്നിച്ചിരുന്നതു്. അതു് ഇന്നും സാദ്ധ്യമാണല്ലോ. എന്നാൽ ഇന്നു മലയാളഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പാഠപുസ്തകങ്ങൾ കൈയിലുള്ളപ്പോൾ സംഗതികൾ ശരിയായി ഗ്രഹിക്കുന്നതിനും ഗ്രഹിപ്പിക്കുന്നതിനും അല്പം സന്മനസ്സുണ്ടെങ്കിൽ അത്ര പ്രയാസം വരികയില്ല.

സി. പി. യുടെ കാലത്തു് മതാദ്ധ്യയനസ്വാതന്ത്ര്യത്തിനായി നാം എത്ര ധീരധീരം പോരാടി. അതേ മതപഠനം ഇന്നു നമ്മുടെ സ്കൂളുകളിലും സൺഡേകളരികളിലും നടത്തുന്ന വിധത്തിൽ നടത്തിയാൽ മതിയോ? നാം ആലോചിക്കണം. ഭാവിതലമുറയോടു നമുക്കു ഗൗരവമായ ഒരു ചുമതലയുണ്ടു്. വിശുദ്ധ തോമാശ്ലീഹായിൽനിന്നുള്ളവരാകുന്നു നാം എന്നുള്ള വസ്തുത നമ്മുടെ ചുമതലയെ ലഘൂകരിക്കയില്ല, വളരെ മടങ്ങു വർദ്ധിപ്പിക്കുകയേയുള്ളു. നമുക്കൊന്നു് ഉണർന്നു പ്രവർത്തിക്കാം. ഒരു അഭിനവ ചൈതന്യം ഈ സംഗതിയിൽ ഉണ്ടായിക്കാണുവാൻ നമുക്കു പ്രാർത്ഥിക്കാം, നമുക്കു പ്രയത്നിക്കാം.

## മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു

ഇന്ത്യാ ഗവമ്മെണ്ടു ആരോഗ്യമന്ത്രി രാജകുമാരി അമൃത്കൗർ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു അഭിമുഖസംഭാഷണം നടത്തിയിരിക്കുന്നു. തദവസരത്തിൽ ഇന്ത്യയിലെ കത്തോലിക്കാസഭയെ സംബന്ധിച്ചു തിരുമേനി ചർച്ച നടത്തിയതായി അറിയുന്നു.

ചെറുകഥ

# ജോസിന്റെ തൂവാല

(ജേക്കബ് പലിക്കോടൻ എസ്. ജെ., ഷെംബഗനൂർ)

I

ഞായറാഴ്ചതോറും ഉച്ചതിരിഞ്ഞു സ്നേഹിതന്മാരൊന്നിച്ചു ചീട്ടുകളിക്കുന്നതു ജോസിനു് ഉന്മേഷജനകമായിരുന്നു. മാത്രമല്ല, ഈ വിനോദം അനുപേക്ഷണീയമായ ഒരു കർത്തവ്യമായി അവൻ കരുതുന്നുണ്ടോയെന്നു് അയൽവാസികൾക്കു് അനുമാനിക്കുന്നതിനുപോലും അവന്റെ ആ ദിവസങ്ങളിലെ അനുഷ്ഠാനങ്ങൾ വഴികൊടുത്തിരുന്നു.

ഒരു ഞായറാഴ്ച ഏകദേശം മൂന്നു മണിക്കു തുടങ്ങിയ ചീട്ടുകളി വാശി വർദ്ധിച്ചു മൂർദ്ധന്യത്തിലെത്തിയിരുന്നു. ആഗസ്തിയും അന്തോനിയുംകൂടി, ജോസിനും ചാക്കുണ്ണിക്കുമായി രണ്ടു സലാം വച്ചുകൊടുത്തു. പ്രതികാരതത്പരനായ ചാക്കുണ്ണി, അവ തിരികെകൊടുക്കുവാൻ വിയർത്തൊലിച്ചു പരിശ്രമിക്കുകയും ചെയ്തിരുന്നു. അപ്പോഴാണു പരിശുദ്ധ കുർബാനയുടെ വാഴ്‌വിനുള്ള ഒന്നാം മണി അടിക്കുന്നതു് അവർ കേട്ടതു്.

അന്തോനിയുടെ അമ്മ വാതില്ക്കൽ വന്നു്, "കൊച്ചന്തോണ്യേ, മണിയടിച്ചതു കേട്ടില്ലേ?" എന്നുമാത്രം ചോദിച്ചു. അമ്മയുടെ വാക്കുകൾ അക്ഷരംപ്രതി അനുസരിക്കാറുള്ള അന്തോനി "ഉവ്വ്" എന്നു് അപ്പോൾ ഉത്തരിച്ചതു ചിന്താവിഹീനനായിട്ടായിരുന്നു. ചാക്കുണ്ണിയൊഴികെയുള്ള മൂവർക്കും, സാമാന്യം ദീർഘിച്ചുപോയ കളിക്കു വിരാമമിടണമെന്നായി "അടുത്ത ഞായറാഴ്ച രണ്ടും മടക്കിത്തരാൻ നിങ്ങൾക്കു സാധിക്കും. ഇപ്പോ നിറുത്താം" എന്നു പറഞ്ഞുകൊണ്ടു് അന്തോനി എഴുന്നേററതു് അമ്മയോടുള്ള ബഹുമാനം പ്രദർശിപ്പിക്കുവാൻ മാത്രമല്ലായിരുന്നു; അവൻ ജപമാലസഖ്യത്തിന്റെ കാര്യദർശിയായിരുന്നതിനാൽ കാലേകൂട്ടി ബ: അദ്ധ്യക്ഷന്റെ പക്കൽ പോകേണ്ടിയിരുന്നതുകൊണ്ടുമായിരുന്നു.

"ഒരു സലാംതിര രണ്ടു കുലിച്ചിട്ടുകൂടിയേ ഉള്ളല്ലോ. അതുവരെ ഇരുന്നുകൂടെ?" എന്നു ചാക്കുണ്ണി ചോദിച്ചുനോക്കി. പക്ഷെ, ഫലിക്കാഞ്ഞതിനാൽ മൂന്നുപേരുടെ അഭിമതത്തിനു് അനുകൂലിക്കതന്നെയാണു നല്ലതെന്നു അവൻ തീരുമാനിച്ചു. "അന്തോണ്യേ, ഞാൻവേഗം ഷർട്ടിട്ടുവരാം; ഇവിടെ നില്ക്കണം" എന്നു പറഞ്ഞു് ആഗസ്തി ഇറങ്ങിപ്പോയപ്പോൾ "നമുക്കു രണ്ടാൾക്കുംകൂടി കുറച്ചുകൂടി കളിക്കാം. പൊട്ടനെവെച്ചുള്ള കളി വളരെ രസമുള്ളതാ" എന്നു ജോസിനോടു ചാക്കുണ്ണി പറഞ്ഞു. "വേണ്ട; വാഴ്‌വിനു പോയില്ലെങ്കിൽ അമ്മക്കത്ര പിടിക്കില്ല. ഞാൻ വളരെ നേരത്തെതന്നെ ഷർട്ടിട്ടുംകൊണ്ടു പോന്നതു് അമ്മ കണ്ടു. പള്ളിയിലേക്കു് എന്നു പറഞ്ഞാണു പോന്നതും. നീയുംകൂടി ഞങ്ങളുടെകൂടെ പോരുക" എന്നിങ്ങനെ മറുപടി പറഞ്ഞുകൊണ്ടിരിക്കെ, മററു രണ്ടു സ്നേഹിതന്മാർ തയ്യാറായി വന്നുകഴിഞ്ഞു.

എല്ലാവരും വേഗത്തിൽ നടന്നുതുടങ്ങി. മടിയനായ ചാക്കുണ്ണിയും പള്ളിയിലേക്കു്! കളിയിൽ അവൻ വരുത്തിയ ചില പിശകുകളെപ്പററി സൂചിപ്പിച്ചായിരുന്നു അവന്റെ സംസാരം. "ഏതായാലും അടുത്ത തവണ വീട്ടിക്കൊടുക്കണം" എന്നു ജോസിനോടായി പറഞ്ഞു നിറുത്തി. വാഴ്‌വു കഴിഞ്ഞു നടക്കുവാനിരിക്കുന്ന മീററിങ്ങിനെക്കുറിച്ചു് അന്തോനിയും ആഗസ്തിയുംകൂടി ചിലതു പറഞ്ഞുകൊണ്ടിരുന്നതു് ഒരു വിധം ശ്രദ്ധയോടെ കേട്ടു്, ജോസു് അവരുടെ പുറകെ നടന്നുകൊണ്ടിരുന്നു. വാഴ്‌വിനുള്ള മൂന്നാം മണി അടിക്കുന്നതു കേട്ടപ്പോൾ "ഫുട്ബോൾ കളിക്കാൻ വാഴ്‌വു കഴിഞ്ഞ ഉടനെവരണം" എന്നു ജോസിനോടു കർശനമായി മന്ത്രിച്ചശേഷം ചാക്കുണ്ണി പള്ളിക്കിണററിനരികെ ചെന്നു വെള്ളം കോരുവാൻ തുടങ്ങി. ദേവാലയത്തിൽ അശ്രദ്ധനായി ഇരുന്നു കഴിക്കാനുള്ള സമയത്തിൽ ഒരു ഭാഗം അത്തരം പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതു തെററാണെന്നു ചാക്കുണ്ണിയെപ്പോലുള്ള "സ്വാതന്ത്ര്യപ്രിയ"ന്മാർക്കു തോന്നാറില്ലല്ലോ.

ബ: വികാരിയച്ചൻ സക്രാരി തുറന്നു തിരുവോസ്തി അരുളിക്കായിൽ നിക്ഷേപിച്ചു. പള്ളിയകത്തുള്ളവർ ദിവ്യനാഥനെ കുമ്പിട്ടാരാധിക്കുകയായിരുന്നു. എന്നാൽ അവരിൽ ഒരുവൻ അപ്രകാരം ചെയ്തിരുന്നതു കേവലം ആശ്ചര്യഭരിതനായിട്ടായിരുന്നു. ആ ഞായറാഴ്ച പരി: കുർബാനയുടെ വാഴ്‌വിൽ സംബന്ധിക്കണമെന്ന ആഗ്രഹം ഒട്ടുംതന്നെയില്ലാഞ്ഞവനായിരുന്നു ജോസു്. രാവിലത്തെ കുർബാന കഴിഞ്ഞാൽ പിന്നെയുള്ള തിരുകർമ്മങ്ങളെപ്പററി അവൻ തീരെ ഗൗനിച്ചിരുന്നില്ല. ചീട്ടുകളി തുടർന്നുകൊണ്ടുപോകയായിരുന്നു അവന്റെ പതിവു്. അമ്മ കാൺകെ ഷർട്ടിടുന്നതു് കളിക്കാരെ അന്വേഷിക്കുന്നതിനു വേണ്ട ഒരുക്കംമാത്രമായിരുന്നു. അമ്മയാണെങ്കിൽ ആ സൂത്രം ഒരു വിധത്തിലും ഗ്രഹിച്ചിരുന്നതുമില്ല.

ജോസു് കൗശലക്കാരനായിരുന്നുവെന്നു സമപ്രായക്കാരായ വായനക്കാർക്കു ഒരുപക്ഷെ തോന്നിയേക്കാം. എന്നാൽ അവന്റെ ആ "കൗശലം" ബാലചാപല്യത്തിന്റെയും, അധൈര്യത്തിന്റെയും നാന്ദിമാത്രമായിരുന്നുവെന്നു് അവൻതന്നെ സമ്മതിച്ചുതരുന്നതാണു്. നല്ലൊരു കത്തോലിക്കാബാലനായി ജീവിക്കുന്ന കാര്യത്തിൽ അതൃപ്തിയൊന്നും ജോസിനില്ലായിരുന്നു എന്നു വരികിലും, പ്രസരിപ്പേറിയ ക്രിസ്തീയചൈതന്യം അവന്റെ ഹൃദയവേദിയിൽ വേണ്ടത്ര സ്ഥലം പിടിച്ചിട്ടില്ലായിരുന്നതിനാൽ, അവൻ അമ്മാതിരി സൂത്രങ്ങൾ പ്രയോഗിച്ചിരുന്നെന്നു മാത്രം!

അന്തോനിയുടെ അമ്മയെയായിരുന്നു ജോസു് പള്ളിയിൽവച്ചു് ആദ്യമായി ഓർത്തതു്. കൊച്ചന്തോനി അമ്മയെ ഒരുവിധത്തിലും കബളിപ്പിക്കാതെ എല്ലാ ഞായറാഴ്ചകളിലും ഉച്ചതിരിഞ്ഞു് ഈശപ്രസാദലബ്ധിക്കായി ചെയ്യുന്ന ത്യാഗങ്ങളെ അവൻ അനുസ്മരിക്കുകയും, ഒരുത്തമകത്തോലിക്കാഭവനത്തിൽ ജനിച്ച താൻ ഏതാദൃശ കാര്യങ്ങളിൽ തക്ക കാരണംകൂടാതെ വൈമുഖ്യം പ്രദർശിപ്പിക്കുന്നുവല്ലോ എന്നു ചിന്തിച്ചു ആശ്ചര്യപ്പെടുകയും ചെയ്തു. "ഫിഫ്ത്ത് ഫോമിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി ഇപ്രകാരം സ്വാത്മാവിനെ വഞ്ചിക്കുന്നതിനുള്ള കാരണം എത്ര നിസ്സാരം!" എന്നു് ഓർത്തക്ഷണത്തിൽ, ജോസിന്റെ ആശ്ചര്യം പശ്ചാത്താപമായിപ്പകർന്നു. ഒരു ക്രൈസ്തവന്റെ പ്രഥമധർമ്മമായ ദൈവാരാധനയെ മാററിവച്ചു്, അല്പസന്തോഷങ്ങളെ നുകരന്നോടുക്കുവാൻ മുതിർന്ന തന്റെ മനസ്ഥിതി എവിടെനിന്നു്, ആരാൽ തനിക്കു നൽകപ്പെട്ടുവെന്നു് അവനു് ഒരുവിധത്തിലും ഗ്രഹിക്കുവാൻ കഴിഞ്ഞില്ലെന്നു ചുരുക്കി പറയട്ടെ.

ഇടവകയിലെ മിക്കവരും ആ സമയത്തു ദേവാലയത്തിലുണ്ടെന്നു് ഊഹിച്ചറിഞ്ഞപ്പോൾ, ജോസു് തന്റെയും തന്നെപ്പോലെ പള്ളിയിൽ വരാതിരുന്ന പലരുടെയും അനാസ്ഥയെക്കുറിച്ചു് അത്യന്തം പരിതപിച്ചു. ദൈവസാന്നിദ്ധ്യത്തിൽ എളിയൊരപേക്ഷകനായി അന്നെങ്കിലും വർത്തിക്കുവാനിടയായല്ലോ എന്നോർത്തു് അവൻ ഒരുവിധം സന്തുഷ്ടനായി. "ഇനിമേൽ ഒരൊററ ഞായറാഴ്ചയെങ്കിലും പരി: കുർബാനയുടെ വാഴ്‌വിൽ സംബന്ധിക്കാതിരിക്കരുതു കുഞ്ഞേ" എന്നു അവന്റെ അന്തരംഗത്തിൽ ആരോ അവനോടാജ്ഞാപിച്ചതുപോലെ ജോസിനു തോന്നി. അതിനു്, "അങ്ങനെതന്നെ" എന്നു ഹൃദയംഗമമായി അവൻ പ്രത്യുത്തരിക്കുകയും ചെയ്തു!

പഠനത്തിൽ ദിവ്യ ഈശോ അവനു് അന്നുമുതൽ പ്രത്യേകസഹായം ചെയ്തുകൊടുക്കുമെന്നും, മററു സകല ആവശ്യങ്ങളിലും അങ്ങിൽമാത്രമേ ജോസു് ആശ്രയിക്കേണ്ടതുള്ളുവെന്നും അവന്റെ പ്രാർത്ഥനകൾക്കു മറുപടിയായി ദിവ്യനാഥൻ അവനോടു പ്രതിവചിച്ചതുപോലെ ജോസിനു തോന്നി. ബ: വികാരിയച്ചൻ അരുളിക്കാ ഉയർത്തി, ജനങ്ങളെ ആശീർവ്വദിക്കുന്ന സമയംവരെ ജോസു് ഈദൃശചിന്തകളിൽ മുഴുകിയിരുന്നതിനാൽ സമയം പോയതു് അവൻ അറിഞ്ഞില്ല. "സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനാകട്ടെ.....!" എന്നു തുടങ്ങിയ ദിവ്യസ്തവങ്ങൾ ഉച്ചരിച്ചുകൊണ്ടിരിക്കേ, തനിക്കു് ഏതോ ഒരു നവചൈതന്യം കൈവന്നതായി ജോസിനനുഭവപ്പെട്ടു. വൈദികനും, വാഴ്‌വിനുകൂടിയിരുന്ന ശുശ്രൂഷകരും "സങ്കീർത്തിമുറി"യിലേക്കു പോയതോടെ, ജനങ്ങൾ മന്ദം മന്ദം പുറത്തേക്കിറങ്ങുവാനും തുടങ്ങി. ജോസും അവരെ അനുഗമിച്ചെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ.

ആ സമയത്തായിരുന്നു ഒരു കൂട്ടം വിദ്യാർത്ഥികൾ പള്ളിക്കൂടത്തിലേക്കു് ഉല്ലാസഭരിതരായി പോകുന്നതു ജോസു് കണ്ടതു്. വേദോപദേശക്ലാസ്സുകളിലേക്കല്ലാ അവർ പോയിരുന്നതെന്നു് അനുമാനിക്കുവാൻ ജോസിനു് എളുപ്പത്തിൽ സാധിച്ചു. ഹൈസ്കൂളിലേക്കു പോകുംമുമ്പു്, ഞായറാഴ്ച വേദോപദേശപഠനത്തിനു് അവനും പോവുക പതിവായിരുന്നു. അങ്ങനെ, വേദോപദേശം പരി: കുർബാനയുടെ വാഴ്‌വിനു മുമ്പായിരുന്നെന്നു് അവനു നന്നായറിയാമായിരുന്നു. ഒരുവിധം ജിജ്ഞാസയോടെ ജോസു് അപ്രകാരം നിലകൊള്ളുന്നതു കണ്ട ചാക്കുണ്ണി അവന്റെ പക്കലെത്തി "ഫുട്ബോൾ കളിക്കാൻ വരുന്നില്ലേ?" എന്നു സഹജമായ പരുഷസ്വരത്തിൽ ചോദിച്ചു. ഇല്ലെന്നു പറഞ്ഞുതീർന്നയുടൻ അന്തോനിയുടെ ക്ഷണം അവൻ കേട്ടു. "ജോസേ, മീററിങ്ങിനു വരുന്നുവോ? ഇന്നു രണ്ടാമത്തെ യോഗമാണു കൂടുന്നതു്. അടുത്ത ഞായറാഴ്ച മാത്രമെ അംഗങ്ങളുടെ പേരുകൾ പട്ടികയിൽ ചേർക്കുകയുള്ളു. വേണമെങ്കിൽ നിനക്കും ചേരാം." ഏതു സമാജത്തിന്റെ യോഗമാണതെന്നു് അന്തോനിയുടെ ഉദ്ധൃതവാക്കുകളിൽനിന്നു വിശദമാകാഞ്ഞതിനാൽ കൂടുതൽ വിവരത്തിനുവേണ്ടി "എന്തു മീററിങ്ങ്?" എന്നുമാത്രം ചോദിച്ചു് ജോസു് കാത്തുനിന്നു. "ജപമാലസഖ്യത്തിന്റെ യോഗം. ഈ അന്തോനിയാണു തല്ക്കാലത്തെ കാര്യദർശി എന്നു വികാരിയച്ചൻ കഴിഞ്ഞതവണ പറഞ്ഞു. നിനക്കിഷ്ടമുണ്ടെങ്കിൽ വരിക. എന്റെ പേർ പട്ടികയിൽ ചേർത്തിട്ടില്ല; എങ്കിലും ഞാൻ മീററിങ്ങിൽ സംബന്ധിക്കുവാൻ പോകയാണു്" എന്നു അടുത്തു നിന്നിരുന്ന ആഗസ്തി പറഞ്ഞു.

ചങ്ങാതിമാരുടെ ഭക്തിജനകമായ കുശലപ്രശ്നം കേട്ടു മടുപ്പുതോന്നിയതുകൊണ്ടോ, ഇച്ഛാഭംഗപ്പെട്ടിട്ടോ, എന്തോ, ചാക്കുണ്ണി അവന്റെ വഴിക്കു പോയി.

അന്നത്തെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതിനു "കൊച്ചച്ച"നായിരുന്നു നിയോഗിക്കപ്പെട്ടിരുന്നതു്. അദ്ദേഹം മുറിയിൽനിന്നു് രണ്ടുമൂന്നു പുസ്തകങ്ങൾ കൈയിലെടുത്തു പള്ളിക്കൂടത്തിലേക്കായി നടന്നുതുടങ്ങി. അദ്ദേഹത്തെ കണ്ടമാത്രയിൽ അന്തോനിയും ആഗസ്തിയും അച്ചനെ ശീഘ്രം അനുഗമിച്ചു.

കൊച്ചച്ചനുമായി അന്നുവരെ ഒരുവക എടവാടും ജോസു് നടത്തിയിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സുസ്മേരവദനവും, സാമാന്യം തടിച്ചദേഹവുമെല്ലാം കണ്ടപ്പോൾ, അദ്ദേഹം കാര്യത്രാണിയുള്ള ഒരു വൈദികനാണെന്ന ബോധം ജോസിന്റെ മനസ്സിൽ ഉദിക്കാതിരുന്നില്ല. "അദ്ദേഹം പറയുന്നവയെ എനിക്കും കേൾക്കണം; എല്ലാവർക്കും യോഗത്തിൽ സംബന്ധിക്കാൻ അനുവാദമുണ്ടല്ലോ......" എന്നു നിനച്ചു് ജോസും യോഗസ്ഥലത്തേക്കു നടന്നുതുടങ്ങി. "ഒഴുക്കിൽപ്പെട്ട ഓടംപോലെ" അവിടെയെത്തിയ ജോസിനെ മുൻഭാഗത്തെ ബഞ്ചുകളിന്മേലിരുന്നിരുന്ന സ

(ശേഷം 7-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ
എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 22 ‖ ERNAKULAM, JUNE 29, 1949 ‖ No 43


# പ്രകൃത്യനുസൃതമതത്തിനു ക്രിസ്തുമതത്തിൻെറ സഹായം

സംസ്കാരത്തിൽ സാമാന്യമായി ഉൾപ്പെട്ടിരിക്കുന്ന പ്രകൃത്യനുസൃതങ്ങളായ മതതത്വങ്ങൾക്കു ക്രിസ്തുമതത്തിലെ പ്രകൃത്യതീതതത്വങ്ങൾ നൽകുന്ന സഹായത്തെപ്പററി മുന്നൊരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അതിൻെറ സ്വഭാവം വിശദീകരിച്ചുകൊണ്ടു 1870-ൽ സമ്മേളിച്ച വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചിരിക്കുന്നതിങ്ങനെയാണു്:

### സൂനഹദോസിലെ പ്രഖ്യാപനം

"നമ്മുടെ മാതാവായ തിരുസ്സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും എന്തെന്നാൽ, സകല വസ്തുക്കളുടേയും മൂലവും അന്ത്യവുമായ ദൈവത്തെ സ്വാഭാവികബുദ്ധിയുടെ വെളിച്ചം വഴിയായി സൃഷ്ടവസ്തുക്കളെപ്പററി ചിന്തിച്ചാൽ തീർച്ചയായി അറിയാൻ കഴിയുന്നതാണു്.........എന്നുവരികിലും തന്നെയും തൻെറ ഹിതങ്ങളേയുംകുറിച്ചു പ്രകൃത്യതീതമായ വേറൊരു വിധത്തിൽ മനുഷ്യവർഗ്ഗത്തിനു വെളിപാടു നൽകുവാൻ ജ്ഞാനസ്വരൂപനും നന്മസ്വരൂപനുമായ ദൈവത്തിനു തിരുവുള്ളമുണ്ടായി...... ഈ ദിവ്യവെളിപാടിൻെറ ഫലമായിട്ടാണു മനുഷ്യബുദ്ധിക്കു സ്വതവേ അപ്രാപ്യമല്ലാത്ത തത്വങ്ങൾ സകലർക്കും, എളുപ്പത്തിലും, പരിപൂർണ്ണമായ തീർച്ചയോടുകൂടിയും, അബദ്ധത്തിൻെറ സങ്കലനം കൂടാതെയും അറിയുവാൻ കഴിഞ്ഞിട്ടുള്ളതു്. എന്നാൽ ഇതുകൊണ്ടു ദിവ്യവെളിപാടു നിരുപാധികം ആവശ്യകമാണെന്നു പറയാവുന്നതല്ല. എന്തുകൊണ്ടെന്നാൽ അതു് ആവശ്യകമായിത്തീർന്നിരിക്കുന്നതു ദൈവം തൻെറ അനന്തമായ കാരുണ്യത്താൽ മനുഷ്യനെ പ്രകൃത്യതീതമായ അന്തിമലക്ഷ്യത്തിലേക്കു നിയോഗിച്ചിരിക്കുന്നതുകൊണ്ടാണു്. ഈ ലക്ഷ്യമാകട്ടെ ദൈവത്തിനു സ്വന്തമായിരിക്കുന്നവയിൽ പങ്കുകൊള്ളുകയെന്നതാണു്. ഇതു മനുഷ്യൻെറ ഗ്രഹണശക്തികൾക്കു പരിച്ഛേദം അതീതമായിരിക്കുന്നു."

സൂനഹദോസിൻെറ ഈ പ്രഖ്യാപനം അക്രൈസ്തവരായ ജനതതികളുടെ സംസ്കാരങ്ങൾക്കും ക്രിസ്തുമതതത്വങ്ങൾക്കും തമ്മിലുള്ള ബന്ധത്തെ ഏററവും സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഒന്നാമതായി, ഏക സത്യദൈവത്തേയും മനുഷ്യനെ സംബന്ധിച്ചുള്ള അവിടുത്തെ ഏററവും പ്രധാനപ്പെട്ട ലക്ഷണങ്ങളേയും കുറിച്ചു അക്രൈസ്തവമായ ഏതു സംസ്കാരത്തിനും യഥാർത്ഥവും തീർച്ചയുമായ അറിവു സമ്പാദിക്കുവാൻ സാദ്ധ്യമാണെന്നു തിരുസ്സഭ ഈ പ്രഖ്യാപനത്തിൽ പരിപൂർണ്ണമായും സമ്മതിക്കുന്നു. ദൈവം നമ്മുടെ മൂലകാരണവും പരമാന്ത്യവുമാണെന്നുള്ള തത്വം മനുഷ്യബുദ്ധിയുടെ സഹായത്താൽമാത്രം കണ്ടുപിടിക്കുവാൻ ഏതു സംസ്കാരത്തിനും കഴിയുമെന്നാണല്ലോ ഇതിൻെറ അർത്ഥം. തന്മൂലം യാതൊരു പേയ്ഗൺ മതവും സ്വതവേ അവശ്യം അബദ്ധങ്ങളായ തത്വങ്ങൾ സ്വീകരിക്കുന്നതായിരിക്കണമെന്നില്ല. ദൈവത്തേയും, അവിടുത്തെ ലക്ഷണങ്ങളേയും, മനുഷ്യർ അവിടുത്തേക്കു നൽകേണ്ട ആരാധനാദികർമ്മങ്ങളേയും സംബന്ധിച്ചുള്ള അബദ്ധമായ വിശ്വാസാനുഷ്ഠാനങ്ങൾ യാതൊരു പേയ്ഗൺ മതത്തിലും ഉണ്ടായിരുന്നേകഴിയൂ എന്നില്ല. തന്മൂലം യാതൊരു പേയ്ഗൺ മതത്തിലും ക്രിസ്തുമതത്തിനു സ്വീകാര്യമല്ലാത്ത ഘടകങ്ങൾ അവശ്യം ഉണ്ടായിരിക്കണമെന്നു വിചാരിക്കുവാൻ ന്യായമില്ല. എന്തുകൊണ്ടെന്നാൽ ഏതൊരു സംസ്കാരത്തോടും ക്രിസ്തുമതം ആവശ്യപ്പെടുന്നതു്, സത്യമായ മതതത്വങ്ങൾക്കും സുബദ്ധമായ ധർമ്മനിയമങ്ങൾക്കും വിപരീതമായി അതിലൊന്നും ഉണ്ടായിരിക്കരുതെന്നുമാത്രമാണു്. ദൈവത്തേയും അവിടുത്തേക്കു മനുഷ്യൻ നൽകേണ്ട സേവനത്തേയുംകുറിച്ചു അതിൽ അബദ്ധമായ ആശയങ്ങളൊന്നും ഉണ്ടായിരിക്കരുതെന്നുമാണു്. ഇങ്ങനെ ഏതു സംസ്കാരവും സ്വീകാര്യമായിരിക്കുവാൻ പാടില്ലാത്തതായില്ലെന്നുള്ളതിനാൽ കണ്ണുംപൂട്ടി അതിനെ തിരസ്കരിക്കുവാൻ ക്രിസ്തുമതത്തിനു പാടുള്ളതല്ല. അതിലെ ആശയങ്ങൾ പരിശോധിച്ചശേഷം അതിലടങ്ങിയിരിക്കുന്ന അബദ്ധങ്ങളെ ആധാരമാക്കിയും അവയുടെ തോതനുസരിച്ചും മാത്രമേ അതിനെ തിരസ്കരിക്കുവാൻ ക്രിസ്തുമതത്തിനു പാടുള്ളൂ. ദൈവത്തെപ്പററി മനുഷ്യർക്കു യഥാർത്ഥജ്ഞാനം നൽകുകയും ദൈവത്തെ സേവിക്കേണ്ടതെങ്ങനെയെന്നു യഥാർത്ഥമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നതിനുപകരം അബദ്ധമായ വിശ്വാസങ്ങളിലേക്കോ അസാന്മാർഗ്ഗികങ്ങളായ അനുഷ്ഠാനങ്ങളിലേക്കോ മനുഷ്യരെ വഴിപിഴപ്പിക്കുന്നപക്ഷം അതുകൊണ്ടു് അതു തിരസ്കരിക്കപ്പെടേണ്ടതുതന്നെ. ഇത്രയുമാണു് അക്രൈസ്തവസംസ്കാരത്തെപ്പററി സൂനഹദോസു് പ്രഖ്യാപിക്കുന്നതു്.

### ക്രിസ്തുമതത്തിൻെറ കർത്തവ്യം

അക്രൈസ്തവസംസ്കാരങ്ങളോടു ക്രിസ്തുമതത്തിനുള്ള കർത്തവ്യങ്ങളെപ്പററിയും പ്രഖ്യാപനത്തിൽ പറയുന്നുണ്ടല്ലോ. അതിലൊന്നു് അക്രൈസ്തവസംസ്കാരങ്ങളിൽ ഉണ്ടായേക്കാവുന്ന മുൻപറഞ്ഞ ന്യൂനതകളെ പരിഹരിക്കുകയാണു്. ഈ കർത്തവ്യം യാദൃച്ഛികമായും സന്ദർഭാനുസാരവും വന്നു ഭവിക്കുന്നതാണു്. രണ്ടാമത്തെ കർത്തവ്യമാണു പ്രധാനമായിട്ടുള്ളതു്. മനുഷ്യർക്കു പ്രദാനംചെയ്യുവാൻ യാതൊരു സംസ്കാരത്തിനും സാദ്ധ്യമല്ലാത്തതു പ്രദാനംചെയ്യുകയാണതു്.

### പ്രകൃത്യനുസൃതമതങ്ങളിലെ ന്യൂനതകൾക്കു കാരണം

മനുഷ്യബുദ്ധി സ്വതവേ പ്രകൃത്യനുസൃതങ്ങളായ മതതത്വങ്ങൾ ഗ്രഹിക്കുവാൻ കഴിവുള്ളതാണെങ്കിലും അതിനു പ്രതിബന്ധമായി നില്ക്കുന്ന മനുഷ്യസഹജമായ ബലഹീനതകളെപ്പററി തിരുസ്സഭയ്ക്കു പരിപൂർണ്ണമായ ബോദ്ധ്യമുണ്ടു്. ഈ ബലഹീനതനിമിത്തം ഓരോ മനുഷ്യനും സ്വതവേയുള്ള കഴിവനുസരിച്ചു ചിന്തിച്ചു് ഏക സത്യദൈവത്തെ ശരിയായി അറിയുവാനും അവിടുത്തോടുണ്ടായിരിക്കേണ്ട നടത്തകളെ ശരിയായി രൂപീകരിക്കാനും സാധിക്കാതെ വരുന്നുണ്ടെന്നു തിരുസ്സഭയ്ക്കറിയാം. തന്മൂലം ഭൂരിപക്ഷം മനുഷ്യർക്കു ഏതദ്വിഷയങ്ങളിൽ അബദ്ധം പിണയാവുന്നതാണു്; പിണയുന്നുമുണ്ടു്. എന്തുകൊണ്ടെന്നാൽ സുദീർഘവും ശ്രമകരവും നിഷ്പക്ഷവുമായ ചിന്തയാൽ മാത്രമേ ദൈവത്തെ നമ്മുടെ മൂലകാരണമായും നമ്മുടെ ജീവിതലക്ഷ്യമായും ശരിക്കും ഫലപ്രദമായും അറിയുവാൻ കഴിയുകയുള്ളൂ. ഇതിലേക്കു അസാമാന്യമായ സമയസൗകര്യവും താല്പര്യവും സ്വാർത്ഥരാഹിത്യവും ആവശ്യകമാണു്. ഈ ഗുണങ്ങളാകട്ടെ ലോകത്തിൽ വളരെ ചുരുക്കംപേർക്കുമാത്രമേ കൈവരുന്നുള്ളുവെന്നു നമ്മുടെയെല്ലാം അനുദിനാനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. തന്മൂലം ബുദ്ധിമാന്മാരും വിശ്രമസൗകര്യങ്ങൾ ധാരാളമുള്ളവരുമായ ചുരുക്കംപേർക്കു മാത്രമല്ല, മനുഷ്യസമുദായത്തിനുമൊത്തത്തിൽ എളുപ്പത്തിലും പരിപൂർണ്ണമായ തീർച്ചയോടുകൂടിയും അബദ്ധത്തിൻെറ സങ്കലനംകൂടാതെയും മനുഷ്യൻെറ ഉത്ഭവത്തേയും അവസാനലക്ഷ്യത്തേയും സംബന്ധിച്ചുള്ള തത്വങ്ങൾ ഗ്രഹിക്കുന്നതിനും, അവ യഥാർത്ഥമായ സംസ്കാരത്തിൻെറ ബുദ്ധിപരവും സന്മാർഗ്ഗപരവുമായ അടിസ്ഥാനമായിത്തീരുന്നതിനും, ബലഹീനമായ മനുഷ്യബുദ്ധിക്കു ദൈവത്തിൽനിന്നു ചില സഹായം ലഭിക്കേണ്ടിയിരിക്കുന്നു. ഈ സഹായമാണു് ദൈവവെളിപാടു്.

ദൈവവെളിപാടു് തെററാനും തെററിക്കുവാനും വഹിയാത്ത ദൈവത്തിൻെറ വാക്കാണല്ലോ. അതിനാൽ അതുവഴി ലഭിക്കുന്ന അറിവു തീർച്ചയുള്ളതും അബദ്ധരഹിതവുമാകുന്നു. സുവ്യക്തങ്ങളും അധികൃതങ്ങളുമായ വാക്യങ്ങളിൽ നൽകപ്പെടുന്ന വെളിപാടിലെ തത്വങ്ങൾ സകല മനുഷ്യരുടേയും മനസ്സിനു ഏറെക്കുറെയെങ്കിലും ഗ്രഹിക്കാൻ കഴിയാവുന്നവയുമാണു്. അവ ഗ്രഹിക്കുന്നതിനു നല്ല മനസ്സും ശ്രദ്ധയും താല്പര്യവും മാത്രമേ ആർക്കും ആവശ്യമുള്ളൂ. സുദീർഘങ്ങളും വിഷമതമങ്ങളുമായ ചർച്ചകളും അന്വേഷണങ്ങളും കൂടിയേ കഴിയൂ എന്നില്ല. ഇക്കാരണത്താൽ ദിവ്യവെളിപാടു സംസ്കാരത്തിനു ഏററവും വിശ്വസ്തമായ സഹായമായിരിക്കുന്നു. സംസ്കാരത്തെ അതിൻെറ ന്യായമായ രംഗങ്ങളിൽനിന്നു ബഹിഷ്കരിച്ചുകൊണ്ടല്ല, പിന്നെയോ ആ രംഗത്തിൽത്തന്നെ അതിനുള്ള ന്യൂനതകളെ പരിഹരിച്ചുകൊണ്ടാണു് പ്രസ്തുത സഹായം നൽകപ്പെടുന്നതു്. ക്രിസ്തുമതം ഏതാദൃശമായ ദിവ്യവെളിപാടാകുന്നു.

### ക്രിസ്തുമതം സംസ്കാരത്തിനു പ്രകൃത്യതീതതത്വങ്ങൾ ദാനംചെയ്യുന്നു

ക്രിസ്തുമതം സംസ്കാരങ്ങളെ ഏവംവിധം സഹായിക്കുന്നുണ്ടെങ്കിലും അതിൻെറ പ്രധാന കർത്തവ്യം അതല്ല. സംസ്കാരങ്ങൾക്കു് അന്യവും അതീതവുമായ സ്വന്തമൊരു ലക്ഷ്യം അതിനുണ്ടു്. അതിനെപ്പററിയാണു സൂനഹദോസു് പ്രഖ്യാപനത്തിൻെറ അവസാനത്തിൽ പറയുന്നതു്. ദൈവം മനുഷ്യവർഗ്ഗത്തെ പ്രകൃത്യനുസൃതമായ ജീവിതലക്ഷ്യം മാത്രം പ്രാപിക്കാനല്ല നിയോഗിച്ചിട്ടുള്ളതു്. തൻെറ സ്വന്തം വകയായ ദിവ്യസമ്പത്തുകളിൽ മനുഷ്യൻ ഭാഗഭാക്കാകണമെന്നാണു ദൈവനിശ്ചയം. ആ ലക്ഷ്യം പ്രാപിക്കുവാൻ അവനെ പ്രാപ്തനാക്കുന്നതിനു സംസ്കാരം തനിച്ചു പര്യാപ്തമല്ല. സംസ്കാരത്തിൽ മാനുഷികമായവമാത്രമേ അടങ്ങുന്നുള്ളു. അതിനാൽ ആ പര്യാപ്തത ദൈവത്തിൽനിന്നുതന്നെ വരേണ്ടിയിരിക്കുന്നു. ഈ ദൈവദാനമാണു ക്രിസ്തുമതം പ്രത്യേകമായി നല്കുന്നതു്. തിരുസ്സഭയ്ക്കു അതിൻെറ ആരംഭം മുതൽ ഈ ബോദ്ധ്യമുണ്ടു്. അന്നു മുതൽ ഇന്നോളം ഈ ബോധ്യത്തെ സഭ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സഭയുടെ സാർവത്രികമായ വേദപ്രചാരണത്തിൻെറ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നതു്.

## അടുത്ത ആഴ്ചയിൽ

ജൂലൈ

3 ഞാ: പന്തക്കുസ്താ 4-ാം ഞായർ
മാർ തോമാശ്ലീഹാ
4 തി: ബർത്താ
5 ചൊ: ആൻറണി സക്കറിയ
6 ബു: തോമസ് മോർ
7 വ്യാ: സിരിലും മെത്തോഡിയൂസും
8 വെ: പോർട്ടുഗലിലെ എലിസബത്തു്
9 ശ: വെറോനിക്കാ

---

"ബ: അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ എൻെറ മകളുടെ സുഖക്കേടു ശമനം കണ്ടതിനു കൃതജ്ഞത."

ഇ. എം. ഫ്രാൻസീസ്, പിഴല

---

# ഇൻഡ്യൻ ക്രിസ്തീയകല

(മോൺ. ജെ. സി. പഞ്ഞിക്കാരൻ)

കേരളക്രിസ്ത്യാനികളിൽ മഹാഭൂരിപക്ഷവും ഹൈന്ദവരിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരാണല്ലോ. വിശ്വാസസംഗതികൾ ഒഴിച്ചാൽ മററെല്ലാകാര്യങ്ങളിലും അവർ ഹൈന്ദവസമുഹ്യാചാരങ്ങൾ സ്വീകരിച്ചുപോന്നിരുന്നു. അവരുടെ പുരാതനദേവാലയങ്ങൾ ഹിന്ദുക്കളുടെ അമ്പലങ്ങൾപോലെയാണു പണിയപ്പെട്ടിരുന്നതു്. പോർത്തുഗീസുകാരുടെ കാലത്താണു യൂറോപ്യൻരീതിയിലുള്ള പള്ളികൾ പണികഴിക്കപ്പെട്ടതു്. അമ്പലങ്ങളുടെ രീതിയിലായിരുന്ന പള്ളികൾ പോർത്തുഗീസു് പാതിരിമാർക്കു് ആശ്ചര്യത്തിനു വഴിയായി. ഹൗ(Hough) എന്ന ചരിത്രകാരൻ (Christianity in India Vol. 1, P. 246, London 1839) പറഞ്ഞിരിക്കുന്നതുപോലെ വിൻസെൻറു് ദെലാഗോസ് എന്ന പാതിരിക്കു് ക്രൈസ്തവദേവാലയങ്ങൾക്കു ഹൈന്ദവ അമ്പലങ്ങളോടു വളരെ സാമ്യമുള്ളതുകാരണത്താൽ വളരെ അതൃപ്തിതോന്നി. അതുപോലെതന്നെ "വൈററ്ഹൗസ്" (Whitehouse) എന്ന ഗ്രന്ഥകാരൻ (Lingerings of light in a dark land P. 26) "അവരുടെ ഹൈന്ദവരീതിയിലുള്ള പള്ളികളുടെ പ്രത്യേക കലാരീതികണ്ടു് ഫാദർ ലാഗോസ് വളരെ വെറുപ്പു പ്രകടിപ്പിക്കുകയും പാശ്ചാത്യരീതിയിൽ പുതിയ പള്ളികൾ പണിയാൻ ആരംഭിക്കുകയും ചെയ്തു." പ്രസ്തുതവിഷയം സംബന്ധിച്ചു് "സീറോമലബാർ സഭയിലെ പള്ളിനിയമങ്ങളുടെ ഉത്ഭവ"ത്തിൽ ഞാൻ സവിസ്തരം പ്രസ്താവിച്ചിട്ടുള്ളതിനാൽ ഇപ്പോൾ കൂടുതലായി ഒന്നും രേഖപ്പെടുത്തുന്നില്ല. (Hindu influences in Syro-Malabar Church).

1950-ാമാണ്ടു് വത്തിക്കാനിൽവച്ചു നടത്തപ്പെടുന്ന ജൂബിലി ആഘോഷങ്ങളിൽ ഒരു ഭാഗം മിഷൻപ്രദേശങ്ങളിൽ നടപ്പിലിരിക്കുന്ന പ്രാദേശികകലകളെപ്പററിയാണു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അതാതുസ്ഥലങ്ങളിലെ കലകളെ ചിത്രീകരിക്കുന്ന വിശുദ്ധ പടങ്ങളും ദേവാലയങ്ങളുടെ ചിത്രങ്ങളും മാറിയുപോലുള്ള സാധനങ്ങളും വത്തിക്കാനിലേക്കു് അയക്കുന്നതായിരിക്കും. ഇൻഡ്യയെ സംബന്ധിച്ചും ഇതുപോലെ ഒരു ശ്രമം നടക്കുന്നുണ്ടു്. സുപ്രസിദ്ധ ചരിത്രകാരനും ഗവേഷണപടുവുമായ ഫാദർ ഹേരസ് എസ്. ജെ. ആണു് ഈ കാര്യത്തിൽ മുന്നിട്ടു നിന്നു പ്രവർത്തിക്കുന്നതു്. അദ്ദേഹം "കൊടൈക്കനാൽ"നിന്നു് ഈയിടെ എനിക്കയച്ച ഒരെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"മിഷൻപ്രദേശങ്ങളിലെ ക്രിസ്തീയകലാസംബന്ധമായുള്ള വത്തിക്കാൻപ്രദർശനത്തെപ്പററിയാണു് ഞാനിപ്പോൾ അച്ചനെഴുതുന്നതു്. വിവിധ കലാവൈഭവത്തെ പ്രകടിപ്പിക്കുന്ന ക്രൈസ്തവചിത്രങ്ങളുടെ സാമ്പിൾ ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും അയക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നു. എങ്കിലും നിർഭാഗ്യവശാൽ കൊച്ചിയിൽനിന്നോ എറണാകുളത്തുനിന്നോ ഒരൊററ ചിത്രകാരൻപോലും ഞങ്ങളെ സഹായിക്കുന്നതിനില്ലാത്തതുകൊണ്ടാണു ഞാൻ ഇതെഴുതുന്നതു്. പ്രദർശനത്തിനായി ബൈബിൾസംബന്ധമായുള്ള രംഗങ്ങളോ വിശുദ്ധന്മാരുടെ ചിത്രങ്ങളോ അഭിനന്ദനാർഹമായിചെയ്യുന്ന കത്തോലിക്കാ ചിത്രകാരന്മാർ എറണാകുളത്തുണ്ടോ? പതിനഞ്ചിൽപ്പരം ഹൈന്ദവചിത്രകാരന്മാർ പ്രദർശനത്തിനുവേണ്ടി പ്രസ്തുതജോലി എൻെറ കീഴിൽ ചെയ്യുന്നുണ്ടു്. അങ്ങനെയുള്ളവരുണ്ടെങ്കിൽ ദയവായി എന്നെ അറിയിക്കുക. ചില നിർദ്ദേശങ്ങളോടുകൂടി ഞാൻ അവർക്കു വിഷയങ്ങൾ കൊടുക്കാം. പ്രസ്തുത ചിത്രീകരണങ്ങൾ പ്രകൃത്യാ ക്രൈസ്തവങ്ങളായിരുന്നാലും അതിൻെറ രീതിയും ചുററുപാടും തനി ഇൻഡ്യൻതന്നെയായിരിക്കണം. പശ്ചാത്യകലാരീതി പ്രകടമാകുന്ന യാതൊരു ചിത്രവും പ്രസ്തുത പ്രദർശനോൽഘാടനകമ്മിററി ഒരിക്കലും സ്വീകരിക്കുന്നതല്ല."

ഇൻഡ്യൻരീതിയിൽ പിന്താരിച്ചിട്ടുള്ളതും അദ്ദേഹമെനിക്കയച്ചുതന്നതുമായ രണ്ടു പടങ്ങൾ ഇതോടൊന്നിച്ചുയക്കു

ന്നു. അദ്ദേഹത്തിൻെറ ഈ എഴുത്തിൽ നിന്നു വളരെ വിശദമാകുന്നതുകൊണ്ടു് ഇക്കാര്യത്തെപ്പററി കൂടുതലായി ഞാൻ ഒന്നും എഴുതേണ്ട ആവശ്യമില്ല. അതിനാൽ കത്തോലിക്കകലാവിദഗ്ദ്ധന്മാരോ, ഹൈന്ദവ കലാവിദഗ്ദ്ധന്മാരോ ഈ കാര്യത്തിൽ താൽപര്യമുള്ളപക്ഷം വിവരം എന്നെ അറിയിക്കുകയോ അദ്ദേഹത്തിനെഴുതുകയോ ചെയ്താൽ അദ്ദേഹം വിഷയം അയച്ചുതരികയും പ്രതിഫലം കൊടുക്കുകയും ചെയ്യും. അദ്ദേഹത്തിൻെറ മേൽവിലാസം.

Rev. Father Heras S. J.,
St. Xavier's College,
Bombay.

കോതമംഗലം
15—6—49.

## ജോസിൻെറ തുവാല

(5-ാം പേജു് തുടർച്ച)

ഭാംഗങ്ങൾ ദർശിച്ചില്ലെന്നുവരികിലും, അന്തോനി അവനെ ഒരു മന്ദസ്മിതത്തോടെ സ്വീകരിക്കയുണ്ടായി.

പതിവുപോലുള്ള പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം, ബ: അദ്ധ്യക്ഷനവർകൾ പുഞ്ചിരിച്ചുകൊണ്ടു് കസേരയിൽ ഉപവിഷ്ടനായി. മുമ്പിലത്തെ ആഴ്ചയിൽ മൂപ്പതുപേർ മാത്രമെ യോഗത്തിൽ ഹാജരായിരുന്നുള്ളുവെന്നു ബ: വികാരിയച്ചൻ പറഞ്ഞതു് അദ്ദേഹം കേട്ടിട്ടുണ്ടായിരുന്നു. അന്നാകട്ടെ, മൂപ്പതിലധികം പേരുണ്ടെന്നു്, അദ്ദേഹം സാമാജികരുടെ നേരെ ഒന്നു കണ്ണോടിച്ചപ്പോൾ അറിഞ്ഞു. സഭയുടെ രൂപവത്കരണത്തെപ്പററി പലതും പറഞ്ഞു നിശ്ചയിച്ചു. അടുത്തയാഴ്ച അംഗങ്ങളുടെ പേരുകൾ പട്ടികയിൽ ചേർക്കുന്നതാണെന്നും മററും സൂചിപ്പിച്ചശേഷം നസ്രസ്സിലെ ദിവ്യ ഈശോയെപ്പററി ചില കാര്യങ്ങൾ പറയുവാനും തുടങ്ങി.

"ഒരൊററ വിനാഴികപോലും മിശിഹാതമ്പുരാൻ വൃഥാ ചിലവഴിച്ചിട്ടില്ല. ഒന്നുകിൽ ഉളി കൈയിലെടുത്തു് തച്ചൻെറ വേല ചെയ്കയോ, അല്ലെങ്കിൽ പ്രിയമാതാവിനെ അവരുടെ ജോലികളിൽ സഹായിക്കുകയോ ചെയ്തിരുന്നു. സന്ധ്യാസമയം നമ്മുടെ ദിവ്യരക്ഷകൻ ഏതു വിധമാണു പിതാവായ ദൈവത്തെ വണങ്ങിയിരുന്നതെന്നു് ആലോചിച്ചറിയുന്നതിനു നമുക്കു പ്രയാസമില്ല......" എന്നിങ്ങനെയുണ്ടായ പ്രഭാഷണം സാമാജികരെ ഹഠാദാകർഷിച്ചു; ജോസിനെ പ്രത്യേകവിധത്തിലും! അത്തരം വാക്കുകൾ അവൻെറ കാതുകളിൽ പുത്തരിയായിട്ടാണു പതിക്കുന്നതെന്നു ജോസിനു തോന്നിയതു്, മതപരമായ കാര്യങ്ങളിൽ അന്നുവരെ അവൻ പറയത്തക്ക ശ്രദ്ധ ചെലുത്താഞ്ഞതുകൊണ്ടായിരുന്നെന്നു പറയേണ്ടതില്ലല്ലോ. സുദീർഘമല്ലെങ്കിലും, അർത്ഥസംപൂർണ്ണവും ലളിതവുമായ ആ പ്രസംഗം കഴിഞ്ഞു; പ്രാർത്ഥനയ്ക്കുശേഷം യോഗം പിരിഞ്ഞു.

മൂന്നും നാലും കുട്ടികളൊന്നിച്ചുള്ള സമൂഹങ്ങൾ പള്ളിമൈതാനത്തു കൂടി താന്താങ്ങളുടെ വസതികളിലേക്കും മററുമായി പോകുന്ന കാഴ്ച ഫാദർ ജോർജ്ജിനെ ആഹ്ളാദിപ്പിച്ചു. അഞ്ചുപേരൊന്നിച്ചു ഒരു ബാലവൃന്ദം അല്പം വികാരഭരിതരായി സ്കൂളിൻെറ വരാന്തയിൽ നിലകൊള്ളുന്നതു് അവരുടെ "കൊച്ചച്ചൻ" കാണാതിരുന്നില്ല. വൈദികൻെറ പുണ്യജീവിതത്തെപ്പററി ആലോചിച്ചുകൊണ്ടോ, അദ്ദേഹത്തിൻെറ കാര്യപ്രാപ്തിയെക്കുറിച്ചാശ്ചര്യപ്പെട്ടുകൊണ്ടോ, അഥവാ അദ്ദേഹത്തിൻെറ ദയാമസൃണങ്ങളായ വാക്കുകൾ ശ്രവിക്കുന്നതിനു തനിക്കു യോഗ്യതയുണ്ടോ എന്നു സംശയിച്ചിട്ടോ, എന്തെന്നറിഞ്ഞുകൂടാ, ജോസു് കൊച്ചച്ചനെ ഉററുസൂക്ഷിക്കുകയായിരുന്നു.

അഞ്ചുപേരും അദ്ദേഹം നിന്നിരുന്ന സ്ഥലത്തേക്കു് ഓടിയെത്തി. അന്തോനിയായിരുന്നു അവരുടെ നായകത്വം സ്വീകരിച്ചു് ആദ്യം സംസാരം തുടങ്ങിയതു്: "ജോസിനു് ഒരംഗമാകണമെന്നുണ്ടെന്നു തോന്നുന്നു, കൊച്ചച്ചാ" എന്നു ചിരിച്ചുകൊണ്ടു് അവർ പ്രസ്താവിച്ചതിനുള്ള ഉത്തരം ജോസിനു നേരിട്ടാണു ലഭിച്ചതു്: "നീ ഏതുക്ലാസിലാണു പഠിക്കുന്നതു്?"

ഈ ചോദ്യോത്തരങ്ങളെ തുടർന്നു നടന്ന സംഭാഷണംവഴി അച്ചൻെറ വ്യക്തിമാഹാത്മ്യത്തെ ജോസു് കൂടുതലായി അറിഞ്ഞുവെന്നു് അവനു തോന്നി. അവൻെറ സൽസ്വഭാവത്തെപ്പററി ബ: സഹവികാരിക്കു അറിയുവാൻ തീർച്ചയായും സാധിച്ചു.

"......ഉദ്ദേശശുദ്ധിയുള്ള ഒരു ചെറുപ്പക്കാരനാണു ജോസു് എന്നുവരികിലും, അവനു വേണ്ടത്തക്ക സദുപദേശങ്ങൾ നല്കപ്പെടാത്തതിനാൽ അവൻ കേവലമൊരു സാധാരണക്കാരൻ മാത്രമായി കാണപ്പെടുന്നതാണു്. ഇത്തരക്കാരെ കൂടുതൽ ശ്രദ്ധവച്ചു പരിപാലിക്കുവാൻ വല്ലവരുമുണ്ടെങ്കിൽ!" എന്നും മററും ആ വൈദികപുംഗവനു തോന്നിയതിൽ ഒട്ടും ആശ്ചര്യപ്പെടുവാനില്ല. എത്രയെത്ര മലർമൊട്ടുകൾ കർഷകശ്രദ്ധയുടെ അഭാവത്താൽ, വികസിതങ്ങളാകാതെ മണ്ണിനടിയിൽ ചെന്നുചേരുന്നു! തദ്വാരാ എന്മാത്രം സൗരഭ്യസമ്പത്തും ഖനിസമൃദ്ധിയും ലോകത്തിനു നഷ്ടിഭവിക്കുന്നുവെന്ന ചിന്ത മാനസികവികാസത്തെ സംബന്ധിച്ചു ഈദൃശനഷ്ടകഷ്ടങ്ങളുടെ ഏതാണ്ടൊരു ഛായമാത്രമെ നമ്മിൽ ഉളവാക്കുകയുള്ളു!

ചുരുങ്ങിയ സമയത്തെ ആ സംഭാഷണത്തിനുശേഷം നമ്മുടെ അഞ്ചു ബാലന്മാരും പള്ളിപ്പരിസരം വിട്ടു വഴിയിൽ വച്ചു നടന്ന സംസാരത്തിൽനിന്നു്, ജോസിനു ജപാപ്പസ്തോലസഖ്യത്തിൽ ചേരുവാൻ ആഗ്രഹമുണ്ടായിരുന്നെന്നു മററുള്ളവർക്കു മനസ്സിലായി. എന്നാൽ തൻെറ സ്നേഹിതൻെറ ആകസ്മികവും അവിചാരിതവുമായ സ്വഭാവപരിവർത്തനത്തിൽ ആഗസ്തി അല്പമൊന്നു സംശയിക്കാതിരുന്നില്ല......പ്രസാദവരത്തിൻെറ അതീവശക്തിയെയും അതിൻെറ പ്രവർത്തനപരിപാടിയുടെ പ്രാഗത്ഭ്യത്തെയുംപററി അവൻ എന്തറിഞ്ഞു!

(തുടരും)

## മലബാർമെയിൽ

### വിശേഷാൽപ്രതി

1949 ജൂലൈ 1—ാംനു- പ്രസിദ്ധീകരിക്കുന്നു

ഒററപ്രതിക്കു് വില 12 ണ. മുൻകൂർസഹിതം അപേക്ഷിക്കുക.

മാനേജർ

## കൊച്ചിവാർത്തകൾ

### ഡിപ്പാർട്ടുമെൻറു സംയോജനം

കൊച്ചി തിരുവിതാംകൂർ സംയോജനം ഔപചാരികമായി ജൂലൈ 1-ാംനു- നടക്കുമെങ്കിലും ഡിപ്പാർട്ടുമെൻറുകളുടെ സംയോജനം കുറേക്കൂടി കഴിഞ്ഞെ ഉണ്ടാകുകയുള്ളുവെന്നും അതുവരെ ഡിപ്പാർട്ടുമെൻറു് ഹെഡ് ക്വാർട്ടേഴ്സും വകുപ്പദ്ധ്യക്ഷന്മാരും ഇതേരീതിയിൽത്തന്നെ തുടരുന്നതാണെന്നുമറിവായിരിക്കുന്നു.

### ഹൈക്കോടതിയുൽഘടനം

ജൂലൈ 8-ാംനു- എറണാകുളത്തു് ഹൈക്കോടതി ഉൽഘാടനം ചെയ്യുന്നതായിരിക്കും.

### മഹാരാജാവു സംബന്ധിക്കും

ജൂലൈ 1-ാംനു- തിരുവനന്തപുരത്തു വച്ചു നടക്കുന്ന സംയോജനച്ചടങ്ങുകളിൽ കൊച്ചി മഹാരാജാവു തിരുമേനിയും സംബന്ധിക്കുന്നതായിരിക്കും.

### കുടിയാൻ ബിൽ

കൊച്ചി കുടിയാൻബിൽ സിലക്ട് കമ്മിററിറിപ്പോർട്ടു് അംഗീകരിച്ചിരിക്കുന്നു. കാണക്കുടിയാന്മാരെയും വെറുമ്പാട്ടക്കുടിയാന്മാരെയും ഒഴിപ്പിക്കാൻ പാടില്ലെന്ന ഭേദഗതി അംഗീകരിക്കുകയും 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള ഭൂമിയിൽനിന്നു കുടി ഒഴിപ്പിക്കാമെന്നുണ്ടായിരുന്ന വ്യവസ്ഥ നീക്കംചെയ്യുകയും ചെയ്തിട്ടുണ്ടു്. മര്യാദപ്പാട്ടം ഭൂമിയിൽനിന്നു കിട്ടുന്ന ആദായത്തിൻെറ മൂന്നിലൊരുഭാഗമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

## മാർത്തോമ്മാദിനം

(വഞ്ചിപ്പാട്ടു്)

(ഫാദർ സൈമൺ. സി. ഡി.)

1 മാർത്തോമ്മായാം പിതാവിൻെറ തിരുനാൾകൊണ്ടാടുവാനായ്
ചീർത്തമോദം സകലരും വന്നു കൂടുവിൻ!
2 രക്തം ചിന്തി നമുക്കായി സത്യവേദം ദാനംചെയ്ത
ഭക്തവത്സലന്നു സ്തുതിക്കായ് വന്നു കൂടുവിൻ!
3 കെട്ടിടാതെ സത്യദീപം കാത്തുരക്ഷിച്ച താതനു
തുഷ്ടിപൂണ്ടു നന്ദി ചൊൽവാൻ വന്നു കൂടുവിൻ!
4 പാടിയുമാനന്ദമൊത്താറാടിയുമിപ്പിതാവിന്നു
മോദിച്ചെന്നും സ്തുതി ചെയ്വാനൊത്തു കൂടുവിൻ!
5 പാഷണ്ഡങ്ങൾ നശിക്കട്ടെ. സത്യവേദം ജയിക്കട്ടെ.
മേഷയൂഥമൊന്നായിങ്ങു ഭവിച്ചീടട്ടെ!
6 സംയുക്ത കേരളമിന്നീ സംശുദ്ധപാദൻെറ കീഴിൽ
വൻശക്തിയാർത്തീരുമാറു സമ്മേളിക്കുവിൻ!

### കോളെജു് അഫിലിയേഷൻ

കൊച്ചി ഗവമ്മെൻറു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ് നോട്ടിൽ എറണാകുളം മഹാരാജാസ് കോളെജും ചിററൂർ കോളെജും കേരളവർമ്മ കോളെജും ഇക്കൊല്ലംതന്നെ തിരുവിതാംകൂർസർവ്വകലാശാലയോടു് അഫിലിയേററുചെയ്യുന്നതാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

### ശ്രീ സി. എ. ഔസേപ്പ്

മന്ത്രിപദം രാജിവച്ചു

കൊച്ചി വിദ്യാഭ്യാസമന്ത്രി ശ്രീ സി. എ. ഔസേപ്പു് ജൂൺ 27-ാംനു- ഉദ്യോഗം രാജിവച്ചിരിക്കുന്നു.

### ക. കോൺഗ്രസ്

വർക്കിംഗ്കമ്മിററിയോഗം

അഖില കേരളകത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിററിയുടെ ഒരു അസാധാരണയോഗം ജൂൺ 24-ാംനു- ആലപ്പുഴവച്ചു് ഷെവലിയർ സി. ജെ. വർക്കി അവർകളുടെ അദ്ധ്യക്ഷതയിൽകൂടി, തിരുവിതാംകൂർ ഗവമ്മെൻറു് പുറപ്പെടുവിച്ചിരിക്കുന്ന, ദേവാലയങ്ങളും സിമിത്തേരികളും സംബന്ധിച്ച ചട്ടങ്ങൾ (പേജ് 9) ചർച്ചാവിഷയമാക്കുകയും അവയിലെ ദോഷകരങ്ങളായ ചില ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുകയും അവയിൽ കമ്മിററിക്കുള്ള അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

## തിരുവിതാംകൂർ വാർത്തകൾ

### സംയുക്ത കോൺഗ്രസ്

പാർലിമെൻററി പാർട്ടിയോഗം

ജൂൺ 25-ാംനു- ആലപ്പുഴവച്ചു കൂടിയ കൊച്ചി തിരുവിതാംകൂർ സംയുക്ത നിയമസഭാ കോൺഗ്രസ് പാർട്ടിയോഗത്തിൽവച്ചു ശ്രീ ടി. കെ. നാരായണപിള്ളയെ സംയുക്തപാർട്ടിലീഡറായും ശ്രീ ടി. എം. വർഗ്ഗീസിനെ സംയുക്ത നിയമസഭാ പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള കോൺഗ്രസ് സ്ഥാനാർത്ഥിയായും തിരഞ്ഞെടുത്തിരിക്കുന്നു. യോഗത്തിലെ മററു തീരുമാനങ്ങൾ താഴെ ചേർക്കുന്നു: ജൂൺ 25-ാംനു-മുതൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും കോൺഗ്രസ് പാർലിമെൻററി പാർട്ടിയുടെ അംഗങ്ങൾ ചേർന്നു് തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനകോൺഗ്രസ് പാർലിമെൻററി പാർട്ടിയായി പ്രവർത്തനം തുടരുന്നതാണു്. സംയുക്തമന്ത്രിസഭാംഗങ്ങളുടെ എണ്ണം 11-ൽനിന്നും കുറയ്ക്കുന്നതായിരിക്കും.

അന്നുതന്നെ ഇരുരാജ്യങ്ങളിലേയും കെ. പി. സി. സി. മെമ്പർമാരടങ്ങിയ അഡ്ഹോക്കു് കമ്മിററിയോഗം ശ്രീ ടി. എം. വർഗ്ഗീസിൻെറ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസിഡണ്ടും സെക്രട്ടറിയും 5 അംഗങ്ങളുമടങ്ങിയ ഒരു പാർലിമെൻററി ബോർഡു രൂപവൽക്കരിക്കാൻ യോഗം തീരുമാനിക്കുകയും തുടന്നു് ശ്രീ സി. കേശവനെ ബോർഡിൻെറ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു.

### ഇൻസ്പെക്ടർ ജനറൽ

കൊച്ചി തിരുവിതാംകൂർ ഐക്യനാടിൻെറ ഇൻസ്പെക്ടർ ജനറലായി തിരുവിതാംകൂർ ഇൻസ്പെക്ടർ ജനറൽ മി. ചന്ദ്രശേഖരൻ നായരെ താൽക്കാലികമായി നിയമിച്ചിരിക്കുന്നു.

### അഡ്വക്കേററ് ജനറൽ

തിരുവിതാംകൂർ അഡ്വക്കേററ് ജനറൽ മി. ഗംഗാധരമേനോൻ ഐക്യസംസ്ഥാനത്തിലെ അഡ്വക്കേററ് ജനറലായിരിക്കുന്നതാണു്. കൊച്ചി അഡ്വക്കേററ് ജനറലും തിരുവിതാംകൂർ ലീഗൽ റിമെംബ്രൻസറും അതേ ഉദ്യോഗങ്ങളിൽത്തന്നെ തുടരുന്നതായിരിക്കും.

### ഒക്ടോബറിൽ പരീക്ഷ

കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ തോററ വിദ്യാർത്ഥികൾക്കുവേണ്ടി അടുത്ത ഒക്ടോബറിൽ ഒരു പരീക്ഷ നടത്തുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഈ വർഷംമുതൽ ഐച്ഛികവിഷയസമ്പ്രദായം നിർത്തലാക്കുന്നതാണു്.

## പ്രാദേശികവാർത്തകൾ

—ഒല്ലൂർ ചെറുപുഷ്പവായനശാലയുടെ പ്രഥമവാർഷികവും ഗ്രന്ഥാലയത്തിൻെറ ഉൽഘാടനവും ജൂൺ 19-ാംനു- റവ. ഫാ. അലിപ്പിയൂസ് സി. ഡി., ബി. എ., എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീ ജോൺ അക്കര ബി. എ. എൽ. ടി, ശ്രീ പി. ആർ. ഫ്രാൻസിസ് എന്നിവർ ഓരോ പ്രസംഗം ചെയ്തു. വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസമത്സരത്തിൽ വിജയികളായ ടി. എൽ. പോൾ, എം. എ. മേരി, എം. എ. കത്രീന എന്നിവർക്കു സമ്മാനങ്ങൾ നല്കപ്പെട്ടു.

—ആലപ്പുഴ സെൻറു ജോസഫ് കാത്തലിക് യൂണിയൻെറ ആഭിമുഖ്യത്തിൽ ജൂൺ 19-ാംനു- ഞായറാഴ്ച വൈസ് പ്രസിഡണ്ടു് ശ്രീ സി. ജെ. പൊന്നപ്പാ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി ജൂലൈ ഒന്നാംതിയതി സംജാതമാകുന്ന തിരുവിതാംകൂർ-കൊച്ചിസംയുക്തമന്ത്രിസഭയിൽ ലത്തീൻ കത്തോലിക്കർക്കു ന്യായമായ പ്രാതിനിധ്യം അനുവദിക്കണമെന്നു് ഐകകണ്ഠ്യേന പ്രമേയംപാസാക്കിയിരിക്കുന്നു.

## ചരമങ്ങൾ

സത്യദീപത്തിൻെറ കോടിക്കുളം ഏജൻറായ ശ്രീ സി. വി. കുര്യൻെറ പിതാമഹൻ മി. ചാലിൽ വർക്കി ഉലഹന്നാൻ 71-ാമത്തെ വയസ്സിൽ മിഥുനം8-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.

തൊടുപുഴ മി. കൊമ്പനാൻ ദേവസി ആഗസ്തി ജൂൺ 15-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.

ആയവനപള്ളി ഇടവക പൂനാട്ടു ഔസേപ്പിൻെറ മകൾ ഏലി 23 ാമത്തെ വയസ്സിൽ കോളറബാധിച്ചു് മിഥുനം7-ാംനു- നിര്യാതയായിരിക്കുന്നു. R. I. P.

പ്രഭാഷണം

# ജീവിതക്ലേശങ്ങൾ

ള

"ഈ കാലത്തിലെ പീഡകൾ നമ്മിൽ വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന ഭാവിമഹത്വത്തോടു താരതമ്യപ്പെടുത്തുവാൻ യോഗ്യതയുള്ളവയല്ല. സമസ്തസൃഷ്ടങ്ങളും ദൈവമക്കളുടെ വെളിപാടിനെ പ്രതീക്ഷിക്കയും നോക്കിയിരിക്കയും ചെയ്യുന്നു. സൃഷ്ടം വ്യർത്ഥതയ്ക്കു അടിമപ്പെട്ടിരിക്കുന്നതു സ്വമനസ്സാലെയല്ല, മറിച്ച് അതിനെ അടിമപ്പെടുത്തിയവൻ നിമിത്തമാകുന്നു. ഇതിനുള്ള കാരണം, ഈ സൃഷ്ടം തന്നെയും നാശത്തിന്റെ അടിമത്തത്തിൽനിന്നു ദൈവമക്കളുടെ മഹത്വത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക വിടുതലാക്കപ്പെടും എന്നുള്ള പ്രതീക്ഷയാണ്. എന്തുകൊണ്ടെന്നാൽ സകല സൃഷ്ടങ്ങളും ഈ ദിവസംവരെ നെടുവീർപ്പിടുകയും പ്രസവവേദനയനുഭവിക്കയും ചെയ്യുന്നുവെന്നു നാം അറിയുന്നു. ഇവ മാത്രവുമല്ല ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാംതന്നെയും നമ്മുടെ ശരീരങ്ങളുടെ പരിത്രാണത്തിനായി നമ്മുടെ ഉള്ളിൽ നെടുവീർപ്പിടുകയും ദൈവമക്കളായി നാം സ്വീകരിക്കപ്പെടുന്നതിനെ പാർത്തിരിക്കയും ചെയ്യുന്നു." (പന്ത. 4-ാം ഞായർ; ലേഖനം: റോമ VIII, 18-23).

തിന്മ—ദുരിതങ്ങളും ദുഃഖങ്ങളും പാപങ്ങളും ദുഷ്ടതയും—നമ്മുടെ ചുറ്റും സ്ഥിതിചെയ്യുന്നുവെന്നതു അവിതർക്കിതമായ ഒരു പരമാർത്ഥമാണ്. ചിലർ ഭയങ്കരമായ രോഗപീഡയനുഭവിക്കുമ്പോൾ വേറെ ചിലർ നിരന്തരദാരിദ്ര്യത്താൽ വട്ടംകറങ്ങുന്നു. മറ്റൊരുകൂട്ടർ അംഗവൈകല്യത്താൽ നിരാശാഭരിതരായി ജീവിതം നയിക്കുന്നു. മാനസികപീഡകളാൽ വെന്തുനീറുന്ന ഹൃദയങ്ങൾ നിരവധിയാണ്; അവയുടെ പരമകാഷ്ഠയിൽ ആത്മഹത്യക്കുപോലും അവർ ഒരുമ്പെടുന്നു. ഒരുവൻ വിരൂപനാണെങ്കിൽ മറ്റൊരുവൻ ഭീരുവാണ്. സ്നേഹവും ആർദ്രതയും അവഗണിക്കപ്പെടുമ്പോഴുണ്ടാകുന്ന നൈരാശ്യം എത്ര ഉൽക്കടമാണ്! കുടുംബാന്തരീക്ഷത്തിൽ മിന്നിത്തിളങ്ങി പ്രകാശിക്കേണ്ട സന്താനതാരങ്ങൾ കുടുംബത്തിന്റെ ധൂമകേതുക്കളായിപ്പരിണമിക്കുന്നു. ആനന്ദത്തിന്റെ കണികപോലും ദർശിക്കാതെ ക്ലേശങ്ങളുടെ നെല്ലിപ്പടിവരെ എത്തിച്ചേർന്നിട്ടുള്ളവരും നിരവധിയാണ്. ഇതുകൊണ്ടാണ് "സ്ത്രീയിൽനിന്നു ജനിക്കുന്ന മനുഷ്യനു കുറച്ചുസമയംമാത്രമേ ജീവിക്കുവാനുള്ളു; അതാകട്ടെ ദുരിതങ്ങളാൽ സമ്പൂർണ്ണവുമാണ്" എന്നു പൂർവ്വപിതാവായ ജോബ് വിലപിക്കുന്നതു്.

മുത്തുച്ചിപ്പിയിൽ നിന്നു ഒരു മഹാപാഠം നമുക്കു പഠിക്കേണ്ടതുണ്ടു്. ഒരു മണൽത്തരി ആ ജീവിയുടെ തോടിനുള്ളിൽ പ്രവേശിക്കുമ്പോൾ അതുമൂലമുണ്ടാകുന്ന അസ്വസ്ഥതകൊണ്ടു ആ മണൽത്തരിയെ പുറത്തുകളയുവാൻ പല വിധത്തിലും ആ ചെറുജീവി പരിശ്രമിക്കുന്നു. പക്ഷെ ഗത്യന്തരമില്ലെന്നു കാണുമ്പോൾ അതിനെ ശാന്തതയോടെ സ്വീകരിച്ച് സ്വന്തമെന്നതുപോലെ ഉപയോഗിക്കയും അതിവിശിഷ്ടവും മനോഹരവുമായ മുത്തായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ദുരദൃഷ്ടങ്ങളെ മഹാപുണ്യങ്ങളായി പകർത്തേണ്ടതും ഇങ്ങനെതന്നെയാണ്. ക്ലേശങ്ങൾ നമ്മുടെ സ്വർഗ്ഗീയമഹിമയ്ക്കുള്ള ചവിട്ടുപടികളാണെന്നും, അവ നമ്മുടെ സ്വർഗ്ഗീയകിരീടമകുടത്തിലെ മണിവിഭൂഷകളായിരിക്കുമെന്നും താൽക്കാലികങ്ങളായ അവയെ ഭാവിമഹത്വത്തോടു താരതമ്യം ചെയ്വാൻപോലും പാടില്ലെന്നും മററുമാണ് വി. ശ്ലീഹാ ഇന്നത്തെ ലേഖനാരംഭത്തിൽ നമ്മെ ഉൽബോധിപ്പിക്കുന്നതു്. നിന്ദ്യവും വിലക്ഷണവുമായ വിഷത്തവള (Toad) യുടെ ശിരസ്സിൽ അനർഘമായ രത്നം സംവഹിക്കപ്പെടുന്നതുപോലെ വിപത്തുകളിലും നമുക്കു മാധുര്യം നൽകുന്ന മുത്തുമണികളെ ദർശിക്കാമെന്നു ഷെയ്ക്സ്പിയർ മഹാകവിയും പറയുന്നു. സനാതനസൗഭാഗ്യത്തിനുള്ള ഉപകരണങ്ങളായി ക്ലേശങ്ങളെ അഭിവീക്ഷിക്കുന്നതിനു നമ്മെ സഹായിക്കുന്ന ചില ചിന്തകളെപ്പററി നമുക്കു് ഇതിനുപരി പര്യാലോചിക്കേണ്ടിയിരിക്കുന്നു.

എല്ലാം ദൈവചിത്തമനുസരിച്ചാണു സംഭവിക്കുന്നതെന്നുള്ള ചിന്ത നമുക്കു തികച്ചും ആശ്വാസപ്രദമായിരിക്കും. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അറിവുകൂടാതെ ഒരു കുരുവിപോലും നിലംപതിക്കുന്നില്ലെന്നും കേശഭാരത്തിൽനിന്നു് ഒരിഴപോലും വീണുപോകുന്നില്ലെന്നുമുള്ള വിശ്വാസം നമുക്കു ദൃഢമായുണ്ടായിരിക്കണം. പൂർവ്വയൗസേപ്പ് തന്റെ സഹോദരന്മാരുടെ ദുഷ്ടതയിലും മർദ്ദനങ്ങളിലും തന്റെ ഭാവിമഹത്വത്തിനായി പ്രവർത്തിച്ചിരുന്ന ദൈവപരിപാലനയുടെ കരങ്ങൾ സുവ്യക്തമായി ദർശിക്കയാണല്ലോ ചെയ്തതു്. ജീവിതം ഒരു പരീക്ഷണകാലമാണെന്നുള്ളതും ചിന്താർഹമാണ്. ക്ലേശങ്ങളും പ്രതിബന്ധങ്ങളും തരണംചെയ്തുകൊണ്ടു വേണം നാം സ്വർഗ്ഗഭാഗ്യം പ്രാപിക്കുവാൻ എന്നതു ദൈവത്തിന്റെ അഭിമതമാണ്. പരീക്ഷയ്ക്കുശേഷം മാത്രം സമ്മാനം എന്നാണല്ലോ സാമാന്യനിയമം. ഭൂമിയെത്തന്നെ സ്വർഗ്ഗമാക്കിത്തീർക്കുവാനുള്ള നമ്മുടെ അഭിവാഞ്ഛയാണു ദൈവപരിപാലനയിൽ അതൃപ്തരായിത്തീരുവാൻ നമ്മെ പ്രേരിപ്പിക്കുന്നതു്. അനന്തതയുടെ തീരത്തു കാലുകുത്തിയതിനുശേഷമേ ക്ലേശങ്ങളുടെ നിശ്ശേഷസമാപ്തി നാം പ്രതീക്ഷിക്കേണ്ടതുള്ളു. "അവിടെ ദൈവം നമ്മുടെ നയനങ്ങളിൽനിന്നു കണ്ണുനീർ തുടച്ചുകളയും; മരണമൊ, നിലവിളിയൊ, പ്രലാപമൊ, ഖിന്നതയൊ, പിന്നീടുണ്ടാകയില്ല; എന്തുകൊണ്ടെന്നാൽ പഴയതെല്ലാം അവസാനിച്ചിരിക്കും." ക്രിസ്തു സ്വർഗ്ഗത്തെ ചൂണ്ടിക്കൊണ്ടു പറയുന്നു: "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്റെ കുരിശു വഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കട്ടെ." നമ്മുടെ പരീക്ഷണത്തിന്റെ മർമ്മം തന്നെ സഹനമാണെങ്കിൽ എന്തിനു നാം ആവലാതിപ്പെടുന്നു?

ചാണക്കല്ലു് കത്തിക്കു തിളക്കവും മൂർച്ചയും നൽകുന്നതുപോലെ സങ്കടങ്ങൾ മനുഷ്യജീവിതത്തിനു ശോഭയും മേന്മയും വരുത്തുന്നു. അവ വേഷംമാറിയ അനുഗ്രഹങ്ങളാണ്; ദൈവതൃപ്പാദത്തിൽ അണയുവാനുള്ള കല്പടകളുമാണു്. തിന്മയിൽ നിന്നു നന്മയുളവാക്കുവാൻ സാധിക്കുന്നവനായ ദൈവം ജീവൻ രക്ഷിക്കുവാൻവേണ്ടി അംഗച്ഛേദം ചെയ്യുന്ന ഒരു വൈദ്യനെപ്പോലെയാണ് പ്രവർത്തിക്കുന്നതു്. ധനനഷ്ടം, ആരോഗ്യനഷ്ടം, മാനനഷ്ടം, പരാജയങ്ങൾ എന്നിവ നേരിടുമ്പോൾ നാം കണ്ണു തുറക്കുകയും ദൈവത്തോടു കൂടുതൽ അടുക്കുകയും ചെയ്യുന്നു. മനുഷ്യഹൃദയങ്ങളെ ഉരുക്കി, കറകളഞ്ഞ് തനിപ്പൊന്നായി പകർത്തുവാനുള്ള ശക്തി കഷ്ടാനുഭവങ്ങൾക്കുണ്ടു്. "ഇതൊഴിച്ചു് വേറെ വല്ല കഷ്ടപ്പാടുമായിരുന്നെങ്കിൽ അതു സഹിക്കാമായിരുന്നു" എന്നു ചിലർ പറയും. രോഗിക്കിഷ്ടമുള്ള മരുന്നല്ല, വൈദ്യൻ കല്പിക്കുന്നതാണു രോഗശമനത്തിനു് ആവശ്യം. ഒരേസമയം ഒരാൾതന്നെ വൈദ്യനും രോഗിയുമായിത്തീർന്നാൽ ഉദ്ദിഷ്ടഫലമുണ്ടാകുമോ?

"എന്റെ ഈ കുരിശു വളരെ വലിയതാണല്ലൊ" എന്നു മററു ചിലർ ആവലാതിപ്പെടുന്നു. എന്നാൽ മററുള്ളവരുടെ കഷ്ടപ്പാടുകളെപ്പററി യഥാർത്ഥ വിവരങ്ങൾ ലഭിക്കുമ്പോൾ നമ്മുടെ കുരിശു എത്രയോ ചെറിയതാണെന്നു നമുക്കു ബോദ്ധ്യമാകും. പേർസ്യൻ മഹാകവിയായ സാദി (Sadi) പറയുന്നു: "എന്റെ പാദങ്ങൾ നഗ്നങ്ങളാകയും പാദരക്ഷകൾ വാങ്ങുവാനുള്ള പണമില്ലാതിരിക്കയും ചെയ്തപ്പോൾ ഞാൻ എന്റെ നിർഭാഗ്യസ്ഥിതിയെക്കുറിച്ച് പിറുപിറുത്തു; ഹൃദയഭാരത്തോടെ ഞാൻ ദേവാലയത്തിൽ പ്രവേശിച്ചു. അപ്പോൾ അവിടെ രണ്ടു കാലുകളും നഷ്ടമായ ഒരു മനുഷ്യനെ ഞാൻ കണ്ടു. ഉടനെ ഞാൻ എന്നോടുള്ള ദൈവത്തിന്റെ ഔദാര്യത്തിനു സ്തുതിയും കൃതജ്ഞതയും പ്രകാശിപ്പിക്കയും ചെരിപ്പുകളില്ലാത്ത അസൗകര്യത്തെ ക്ഷമയോടെ സഹിക്കയും ചെയ്തു."

പാപികൾക്കു ക്ലേശങ്ങൾ വന്നുഭവിക്കുന്നതിൽ ലോകം അനീതി ദർശിക്കുന്നില്ല. "അവനു ഇതൊക്കെ സംഭവിക്കണം" എന്നു ലോകം പറയുന്നു. എന്നാൽ നിരപരാധികളായ സജ്ജനങ്ങൾ കൊടുംയാതനകൾ അനുഭവിക്കുകയും പാപികളും ദുഷ്ടന്മാരും സുഖൈശ്വര്യങ്ങളിൽ സാനന്ദം ആറാടുകയും ചെയ്യുന്നതു കാണുമ്പോൾ വിശ്വാസത്തിന്റെ അടിത്തറകൾ തന്നെ ഇളകിപ്പോകുന്നു. ഈ ലോകം നീതിയുടെ പരമമായ പ്രകടനത്തിനുള്ള രംഗമല്ലെന്നും ഭാവിജീവിതത്തിൽമാത്രമേ നീതിയുടെ പരിപൂർണ്ണപ്രകടനമുണ്ടാകുകയുള്ളുവെന്നും യുക്തിയും വിശ്വാസവും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. എങ്കിലും ഹൃദയസ്പൃക്കും സാന്ത്വനദായകവുമായ ഒരു മറുപടി നൽകുവാൻ ദുഃഖത്തിന്റെ മനുഷ്യനായ ക്രിസ്തുവിനു മാത്രമേ സാധിക്കയുള്ളു. അവിടുന്നു ദാരിദ്ര്യത്തെയും കഷ്ടപ്പാടുകളേയും സന്തതസഹചാരികളായും ആപ്തമിത്രങ്ങളായും സ്വീകരിച്ചു. കാൽവരിയിലെ സന്താപനിർഭരമായ രംഗത്തിലേക്കു ദൃഷ്ടികൾ തിരിക്കുന്നതോടുകൂടി സുന്ദരവും ഗഹനാർത്ഥകവുമായ എന്തോ ഒരംശം ലോകദുരിതങ്ങളിൽ മറഞ്ഞുകിടപ്പുണ്ടെന്നുള്ള ബോധം നമ്മിൽ ഉദിക്കുന്നു. ക്രിസ്തു നിരപരാധിയും നിഷ്കളങ്കനുമായിരുന്നു; തന്റെ പരിശുദ്ധ മാതാവും അപ്രകാരം തന്നെ. ഇവർ എന്തുമാത്രം ദുരിതങ്ങൾ സഹിച്ചു? ലോകത്തിലെ ആയിരക്കണക്കിനുള്ള അങ്ങേ സ്നേഹിതന്മാർക്കും ദൈവം നൽകിയതു കുരിശുകളും സങ്കടങ്ങളുമല്ലയോ? അങ്ങനെയെങ്കിൽ പീഡകൾ എല്ലായ്പോഴും പാപത്തിനുള്ള ശിക്ഷയല്ല; ദൈവകോപത്തിന്റെ അടയാളവുമല്ല. പ്രത്യുത ക്രിസ്തുവിന്റെ കുരിശിൽ നമുക്കുള്ള അംശമാണതു്. ക്രിസ്തുവിനോടുകൂടി സ്വന്തകുരിശും വഹിച്ചുകൊണ്ടു കാൽവരിമലയിലേക്കു ചെയ്യുന്ന ഒരു പുണ്യയാത്രയായിട്ടാണു സഹനത്തെ നാം കണക്കാക്കേണ്ടതു്.

കുററവാളിയായ മനുഷ്യനുപകരം അവന്റെ പാപഭാരം സ്വയം ഏറെറടുത്തുകൊണ്ടു ക്രിസ്തുനാഥൻ സ്വജീവനെ കുരിശിൽ ഹോമിച്ചു. എന്നാൽ ദൈവത്തെ ധിക്കരിക്കുവാനും അങ്ങേ പ്രമാണങ്ങളെ നിസ്സങ്കോചം ലംഘിക്കുവാനും മനുഷ്യൻ അന്നും ഇന്നും ഒന്നുപോലെ സന്നദ്ധനാണ്. ഈ പരിതസ്ഥിതിയിലാണു ക്രിസ്തുവിനെപ്പോലെ ബലിസാധനങ്ങളായിത്തീരുവാനുള്ള അവസരങ്ങൾ സജ്ജനങ്ങൾക്കും കൈവരുന്നതു്. പാപികൾക്കുവേണ്ടി സ്വയം സഹിക്കുവാനും ക്രൂശിക്കപ്പെടുവാനും അവർ അഭിലഷിക്കുന്നു. നിരപരാധികൾക്കും സച്ചരിതർക്കും ക്ലേശങ്ങൾ അനുഭവപ്പെടുന്നതിന്റെ രഹസ്യവും ഇതുതന്നെയാണ്. സന്മനസ്സോടെ നാം സഹിക്കുന്ന പീഡകൾ പാപികളുടെ പരിത്രാണകൃത്യത്തിൽ നമ്മെത്തന്നെ മറെറാരു ക്രിസ്തുവായി രൂപാന്തരപ്പെടുത്തുന്നു. ഇപ്രകാരം സ്വയം ക്രിസ്തുവിനോടുകൂടി ബലിസാധനങ്ങളായിത്തീരുന്ന നിർമ്മലാത്മാക്കളാണ് പാപപങ്കിലമായ ലോകത്തെ വിനാശത്തിൽനിന്നു സംരക്ഷിക്കുന്നതു്. ഒരു സന്യാസിനി പറയുന്നു: "കർത്താവേ, ഞാനും അങ്ങയോടുകൂടി സഹിക്കട്ടെ... കുരിശിന്റെ മറുപുറം ഒഴിവുണ്ടല്ലൊ; അവിടെ ഞാനും ക്രൂശിതയാകും ... അങ്ങനെ നമുക്കു് ഒരുമിച്ചു സഹിക്കാം... അങ്ങയുടെ നിർമ്മലശരീരത്തെ തുളച്ചുകഴിഞ്ഞശേഷമേ ആണികളും കുന്തവും എന്നെ തുളയ്ക്കുകയുള്ളു; തന്നിമിത്തം അവയ്ക്കു കാഠിന്യംകുറയും..." നമ്മുടെ ക്ലേശങ്ങൾ ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ നമുക്കുള്ള അംശമാണെന്നു് അനുസ്മരിക്കുന്നപക്ഷം അവയെക്കുറിച്ചു നാം പിന്നീടൊരിക്കലും ആവലാതി പറയുകയില്ല. ശോകപൂർണ്ണമായ ദുഃഖവെള്ളിയാഴ്ച അവസാനിക്കുമെന്നും അനന്തസൗഭാഗ്യവും അമേയപ്രതാപവും നിറഞ്ഞ ഉയിർപ്പുഞായർ നമുക്കു സമാഗമിക്കുമെന്നുമുള്ള വിശ്വാസം ജീവിതക്ലേശങ്ങളെ സന്തോഷപൂർവ്വം സഹിക്കുവാൻ നമ്മെ ശക്തരാക്കട്ടെ.

(ജെ. ചെമ്മണ്ണൂർ)

## വിശുദ്ധന്റെ കൃശുരൂപം

വി. ഫ്രാൻസീസ് സേവ്യറിന്റെ വലതുകൈ ജപ്പാനിൽനിന്നു ജൂൺമാസത്തിൽ ഇൻഡ്യയിൽ കൊണ്ടുവരുന്നതാണെന്നൊരു വാർത്ത ചില പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലൊ. എന്നാൽ ആ വാർത്ത ശരിയല്ല. പ്രസ്തുത തിരുശ്ശേഷിപ്പു മിക്കവാറും ജൂലൈ മദ്ധ്യത്തോളം ടോക്കിയോയിൽതന്നെ സ്ഥിതിചെയ്യുന്നതായിരിക്കും. എന്നാൽ വിശുദ്ധന്റെ കൃശുരൂപം സ്പാനിഷ് തീർത്ഥകർ വിമാനമാർഗ്ഗം ഇൻഡ്യയിലേക്കു കൊണ്ടുവരികയും ബോംബെയിലും മററും ജനങ്ങളുടെ പരസ്യവണക്കത്തിനായി പ്രദർശിപ്പിക്കയുമുണ്ടായി. ചെറുതും സാധാരണരീതിയിലുള്ളതുമായ പ്രസ്തുതകൃശുരൂപം വിചിത്രവേലകൾ ചെയ്തിട്ടുള്ള ഒരു കണ്ണാടിച്ചെപ്പിലാണു സൂക്ഷിച്ചിരിക്കുന്നതു്. അതു വിശുദ്ധന്റെ വലതുകൈയോടൊരുമിച്ചു ജപ്പാനിലെ ജൂബിലിയാഘോഷാവസരത്തിൽ അങ്ങോട്ടു കൊണ്ടുപോയതാണ്. വിശുദ്ധന്റെ വലതുകൈ റോമിലെ "ജേസു" ദേവാലയത്തിന്റെ സൂക്ഷത്തിലും കൃശിതരൂപം മാഡ്റിഡിലെ രാജകുടുംബത്തിന്റെ സൂക്ഷത്തിലുമായിരുന്നതിനാൽ ഇവ രണ്ടും തത്തൽസ്ഥാനങ്ങളിൽ തിരികെ എത്തിക്കുന്നതാണ്.

ജപ്പാനിലേക്കു സ്പാനിഷ് ഗവമ്മെണ്ട് ഔദ്യോഗികമായി അയച്ച പ്രതിനിധിസംഘത്തിന്റെ നേതാവ് ടൂയിയിലെ മെത്രാനായ റൈററ് റവ. ഡോ: ജോസ് ലോപ്പസ് ഒറിററ്സ് തിരുമേനിയായിരുന്നു. അദ്ദേഹത്തിന്റെ സിക്രട്ടറിയും മറെറാരു വൈദികനും പത്രപ്രവർത്തകന്മാർ, പ്രഭാഷകന്മാർ എന്നിവരുൾപ്പെടെ 30-ഓളം മററു തീർത്ഥകരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. പ്രസ്തുത തീർത്ഥയാത്രാസംഘം അമേരിക്കയിൽ ചുററിസഞ്ചരിക്കുകയും ഹാവായിലും കൽക്കട്ടായിലും കുറേസമയം ചെലവഴിക്കയും ചെയ്തശേഷം വിമാനമാർഗ്ഗം രണ്ടു സംഘങ്ങളായി ബോംബെയിലെത്തി. ജൂൺ 19-ാം നു- മുതൽ 22-ാം നു- വരെ തിരുശ്ശേഷിപ്പു അവിടത്തെ ദേവാലയങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടു. ആ അവസരത്തിൽ തിരുശ്ശേഷിപ്പു ചുംബിക്കുന്നതിനായി അവിടെ ആയിരക്കണക്കിനു ജനങ്ങൾ തിങ്ങിക്കൂടുകയുണ്ടായി. അവരുടെ വിശ്വാസചൈതന്യവും വിശുദ്ധനോടുള്ള ഭക്തിയും ആരെയും ഹഠാദാകർഷിക്കുമായിരുന്നു. ജൂൺ 22-ാം നു- തീർത്ഥകസംഘം വിമാനമാർഗ്ഗം കറാച്ചിയിലേക്കു പോയി. അവിടെനിന്നു മടങ്ങുംവഴി ഇസ്തംബുൾ, പാലസ്റ്റയിൻ, റോം എന്നീ പ്രദേശങ്ങൾ സന്ദർശിക്കുകയും ബാർസിലോണായിലെത്തുകയും ചെയ്യുന്നതാണ്.

## സൗജന്യവിതരണ ഫണ്ട്

| | |
|---|---|
| മി. കെ. സി. കയ്യൻ B. A. B. L. കൊടൂപ്പുന, ചങ്ങനാശേരി | ക. 6—0—0 |
| Mr. C. K. Antony, D. M. P. Chalvara, Via Ottapalam | Rs. 3—4—0 |

## പാചകയോഗം

നേന്ത്രപ്പഴം അലുവ

(കുടുംബിനി)

12 നേന്ത്രപ്പഴം, 1 റാത്തൽ ശർക്കര, 2 തേങ്ങ, 1 ഉടം നെയ്യ്.

പഴം പുഴുങ്ങി തൊണ്ടുകളഞ്ഞ് അരച്ചെടുക്കുക. ഒരു ഉരുളിയിൽ തേങ്ങ ചുരണ്ടിപ്പിഴിഞ്ഞ പാലൊഴിച്ച്, അതിൽ ശർക്കരയും അരച്ചുവച്ചിരിക്കുന്ന പഴവും കലക്കി അടുപ്പത്തുവച്ചു വററിക്കുക. തീ അല്പമായിട്ടേ കത്തിക്കാവു. വെള്ളം വററി കുറുകിത്തുടങ്ങുമ്പോൾ നെയ്യു ചേർത്ത് ഇളക്കുകയും വീണ്ടും വററി അലുവാപാകമാകുമ്പോൾ അടുപ്പത്തുനിന്നും ഇറക്കി വേറെ പാത്രത്തിലേക്കു പകർന്നുവയ്ക്കേണ്ടതുമാണ്.

# പുതിയ നിബന്ധനകൾ

## ദേവാലയ, ശ്മശാനസ്ഥാപനം സംബന്ധിച്ച്

തിരുവിതാംകൂറിൽ ദേവാലയങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതു സംബന്ധിച്ച് നിലവിലിരിക്കുന്ന നിബന്ധനകൾ ഭേദപ്പെടുത്തിക്കൊണ്ട് ഗവമ്മെണ്ടു പുറപ്പെടുവിച്ച പ്രസ്നോട്ട താഴെ ചേർക്കുന്നു:—

പൊതു ആരാധനസ്ഥലങ്ങൾ, സിമിററി, അഥവാ ശ്മശാനങ്ങൾ ഇവയുടെ നിർമ്മിക്കൽ അഥവാ ഉപയോഗപ്പെടുത്തൽ സംബന്ധിച്ച ചട്ടങ്ങളെ ആസ്പദമാക്കി കഴിഞ്ഞ നിയമസഭായോഗത്തിൽ മി നേശമണി അവതരിപ്പിച്ച പ്രമേയത്തെ അടിസ്ഥാനമാക്കി അന്നു ഗവമ്മെണ്ടു നൽകിയ ഉറപ്പനുസരിച്ച് മേല്പറഞ്ഞവയുടെ സ്ഥാപനം സംബന്ധിച്ച ചട്ടങ്ങൾ ഇപ്പോൾ ഭേദപ്പെടുത്തിയിരിക്കുന്നു.

ഒന്നാം ഭാഗം

പൊതു ആരാധനസ്ഥലങ്ങളെ ബന്ധിക്കുന്ന ചട്ടങ്ങൾ.

1 നിലവിലിരിക്കുന്ന ഒരു ക്ഷേത്രത്തോടോ മോസ്കിനോടോ പള്ളിയോടോ തൊട്ടടുത്താണു സ്ഥാനമെങ്കിൽ ഒരു പരസ്യാരാധനസ്ഥലം സ്ഥാപിക്കാനോ ഏതെങ്കിലും സ്ഥാനം പരസ്യാരാധനക്കായി വിനിയോഗിക്കാനോ ഉള്ള ഒരപേക്ഷ സാധാരണമായി അനുവദിക്കുന്നതല്ല.

2 പൊതുക്രമപാലനത്തിൻെറ അടിസ്ഥാനത്തിൽ അനുചിതമല്ല എന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായെങ്കിലല്ലാതെ ഒരു പരസ്യാരാധനസ്ഥലം സ്ഥാപിക്കുന്നതിനു അഥവാ ഒരു സ്ഥലം അതിനുപയോഗപ്പെടുത്തുന്നതിനു അനുമതി നൽകുന്നതല്ല.

3 (എ) പരസ്യാരാധനസ്ഥലം സ്ഥാപിക്കുവാൻ അഥവാ അതിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥാനത്തിന്മേൽ അപേക്ഷകനു സംപൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടായിരിക്കയും അഥവാ (ബി) ഈ സ്ഥാനം ഏതു സ്ഥാപനത്തിൻെറ, ഫൗണ്ടേഷൻെറ, മതസംഘത്തിൻെറ വകയാണോ അതിൻെറ അധികൃതനായ പ്രതിനിധി ഈ അപേക്ഷകൻ ആയിരിക്കയും അങ്ങനെ പ്രാതിനിധ്യാവകാശത്തിന്മേലോ നിർദ്ദിഷ്ടമായ സ്ഥാനം അപേക്ഷകൻെറ പരിപൂർണ്ണമായ കൈവശത്തിലായിരിക്കയും ചെയ്യാത്തപക്ഷം അപേക്ഷ അനുവദിക്കുന്നതല്ല.

4 സ്വന്ത സ്ഥലത്തു ഒരു പരസ്യാരാധനസ്ഥലം സ്ഥാപിക്കുവാൻ, അഥവാ ഏതെങ്കിലും സ്ഥാനം അതിനായി ഉപയോഗിക്കുവാൻ ഉള്ള അനുമതിക്കു ആരെങ്കിലും അപേക്ഷിക്കുമ്പോൾ, ഏതു വിഭാഗത്തിനായി അതു സ്ഥാപിക്കുന്നുവോ അതിലെ അംഗങ്ങൾക്കു ആ സ്ഥാനത്തിന്മേൽ അയാൾക്കുള്ള അവകാശം വിട്ടുകൊടുത്തതായി ഗണിക്കപ്പെടും. അനുമതി നൽകുന്ന സമയത്തു അപേക്ഷകൻ ഗവമ്മെണ്ടുമായി ചെയ്യേണ്ടാവുന്ന ഏതെങ്കിലും ഉടമ്പടി, ആരാധനസ്ഥലത്തിൻെറ ഉപയോക്താക്കളുടെ പേക്കുവേണ്ടി കൂടി ചെയ്ത ഉടമ്പടിയായും ഗണിക്കപ്പെടും.

5 ഒരു പ്രത്യേക മതവിഭാഗത്തിൻെറയോ വകുപ്പിൻെറയോ സമൂഹത്തിൻെറയോ ഉപയോഗത്തിനു ഒരു പരസ്യാരാധനസ്ഥലം സ്ഥാപിക്കുവാൻ അഥവാ ഏതെങ്കിലും സ്ഥലം അതിനുപയോഗിക്കുവാൻ നൽകുന്ന അനുമതി ഗവമ്മെണ്ടിൻെറ രേഖാമൂലമായ അനുവാദംകൂടാതെ മററാരുമതവിഭാഗത്തിനോ വകുപ്പിനോ സമൂഹത്തിനോ വേണ്ടി ഉപയോഗപ്പെടുത്തിക്കൂടാത്തതാകുന്നു.

6 യാതൊരു പരസ്യാരാധനസ്ഥലവും അനുവദിക്കപ്പെട്ടിരിക്കുന്ന കാര്യത്തിനായിട്ടല്ലാതെ മററൊന്നിനും ഉപയോഗപ്പെടുത്തിക്കൂടാ.

7 പരസ്യാരാധനസ്ഥലം സ്ഥാപിക്കുവാൻ ഏതെങ്കിലും സ്ഥലം അതിനായി ഉപയോഗിക്കുവാൻ നൽകപ്പെട്ട ഒരനുമതി അനുവദിച്ച തീയതി മുതൽ മൂന്നു കൊല്ലത്തിനകം ഉപയോഗപ്പെടുത്താത്തപക്ഷം മററൊരപേക്ഷയിന്മേൽ ഗവമ്മെണ്ടു അനുമതി പുതുക്കാതെയിരുന്നാൽ ആ അനുമതി സാധുവായി ഗണിക്കപ്പെടാവുന്നതല്ല.

8 ഈ നോട്ടിഫിക്കേഷൻെറ തീയതിക്കു ശേഷം ഗവമ്മെണ്ടനുമതികൂടാതെ സ്ഥാപിക്കയോ ഉപയോഗത്തിൽ കൊണ്ടുവരികയോ ചെയ്ത ഒരു പരസ്യാരാധനസ്ഥലം ഗവമ്മെണ്ടനുമതി സമ്പാദിക്കാതെ അതിലേക്കുപയോഗപ്പെടുത്തിക്കൂടാ.

9 തൻെറ താലൂക്കിൽ അനുമതികൂടാതെ ഒരു പരസ്യാരാധനസ്ഥലം സ്ഥാപിച്ചെന്നോ സ്ഥാപിക്കുന്നു എന്നോ അറിവു ലഭിക്കുന്ന തഹസീൽദാർ ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തി ആ താലൂക്കുൾപ്പെടുന്ന ഡിവിഷൻെറ പേഷ്കാർക്കു റിപ്പോർട്ടു സമർപ്പിക്കണം. പേഷ്കാർ ബന്ധപ്പെട്ട കക്ഷികളെ വരുത്തി വിചാരണനടത്തുകയും ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം ഗവമ്മെണ്ടിനു റിപ്പോർട്ടു സമർപ്പിക്കണം. അതിനെ അടിസ്ഥാനമാക്കി തിരുവിതാംകൂർ പീനൽകോഡ് 182-ാം വകുപ്പനുസരിച്ചുള്ള നടപടി ആ കക്ഷികളുടെ മേൽ നടത്താൻ ഗവമ്മെണ്ടു പ്രവൃത്തികാരെയോ മററു ഉദ്യോഗസ്ഥന്മാർ ആരെയെങ്കിലുമോ അധികാരപ്പെടുത്തുന്നതാണ്.

രണ്ടാം ഭാഗം

സിമിററികളും ശ്മശാനങ്ങളും സംബന്ധിച്ച ചട്ടം.

1 രേഖാമൂലമുള്ള ഗവമ്മെണ്ടനുമതി സഹിതമല്ലാതെ തിരുവിതാംകൂർ പീനൽകോഡിൽ നിർവ്വചിച്ചിരിക്കുന്നപ്രകാരമുള്ള ഒരു സിമിത്തേരിയോ ശ്മശാനസ്ഥലമോ സ്ഥാപിക്കുകയോ ഉപയോഗിക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

2 ഒരു സിമിത്തേരിയോ ശ്മശാനസ്ഥലമോ പണിയുകയോ നിലവിലുള്ള ഒരു കെട്ടിടം അതിനുപയോഗിക്കയോ ചെയ്യുന്നതിനായുള്ള ഓരോ അപേക്ഷയും ഇതോടനുബന്ധിച്ചുള്ള എ ഫോറത്തിൽ അപേക്ഷകനോ അധികാരപ്പെടുത്തപ്പെട്ട ഏജൻേറാ നേരിട്ടു ആ ഡിവിഷനിലെ പേഷ്കാർക്കു സമർപ്പിക്കണം.

3 ഇതിലേക്കുള്ള ഓരോ അപേക്ഷയോടുംകൂടി ആ സിമിത്തേരി അഥവാ ശ്മശാനം സ്ഥാപിക്കുവാനിരിക്കുന്ന സ്ഥലത്തിൻെറ പരിസരങ്ങളിലുള്ള താമസഗൃഹങ്ങൾ, പബ്ലിക്ക് കെട്ടിടങ്ങൾ പരസ്യാരാധനസ്ഥലങ്ങൾ പൊതു ഉപയോഗത്തിലുള്ള മററു സ്ഥാപനങ്ങൾ ആദിയായവ വിശദമായി കാണിക്കുന്ന ഒരു പ്ലാനും സമർപ്പിക്കേണ്ടതാണ്.

4 എ ഇത്തരം അപേക്ഷ ലഭിച്ചാലുടനെ അതനുവദിക്കുന്നതിൽ എതിരഭിപ്രായമുള്ളവരുണ്ടെങ്കിൽ തൻെറ മുമ്പാകെ, നോട്ടിഫിക്കേഷനിൽ വ്യക്തമായി ആജ്ഞാപിച്ചിരുന്നാൽ അവിടത്തെ തഹസീൽദാരുടെ മുമ്പാകെ, നോട്ടീസിൻെറ തീയതിമുതൽ 10 ദിവസങ്ങൾക്കുള്ളിൽ ഹാജരായി ഇതോടനുബന്ധിച്ചുള്ള ബി ഫാറത്തിൽ തങ്ങളുടെ എതിരഭിപ്രായം സമർപ്പിക്കുവാൻ ഒരു ഗസററ് പരസ്യംമൂലം പേഷ്കാർ ആവശ്യപ്പെടേണ്ടതാണ്. ഈ ഗസററ്നോട്ടീസിൻെറ പ്രതികൾ പകുതിക്കച്ചേരിയിൽ കാണത്തക്കസ്ഥാനത്തു വിജ്ഞാപനം ചെയ്യേണ്ടതും ആ പകുതി അഥവാ ഗ്രാമത്തിലെ ജനങ്ങൾക്കു ഇതേപ്പററി ശരിയായ അറിവു നൽകേണ്ടതുമാണ്.

ബി. ഈ നോട്ടീസിൻെറ ഒരു കോപ്പി അഭിപ്രായത്തിനായി പേഷ്കാർ പബ്ളിക്കു ഹെൽത്തു ഡയറക്ടർക്കും നൽകണം. 15 ദിവസത്തിനകം ഡയറക്ടർ തൻെറ അഭിപ്രായം പേഷ്കാരെ അറിയിക്കണം.

സി നിശ്ചിതതീയതിക്കകം എതിരഭിപ്രായമൊന്നും ഹാജരാകുന്നില്ലാ എങ്കിൽ റിക്കാർഡുകൾ തഹശീൽദാർ പേഷ്കാർക്കും, അപേക്ഷത്തീയതിമുതൽ കൂടിയാൽ 30 ദിവസത്തിനകം പേഷ്കാർ അതു ഗവമ്മെണ്ടിനും സമർപ്പിക്കണം.

5 എതിരഭിപ്രായമുണ്ടായാൽ അതു കിട്ടി പത്തുദിവസം കഴിയുന്നതിനുമുൻപു ഏതെങ്കിലും ഒരു ദിവസം അതിൻെറ വിചാരണക്കായി നിശ്ചയിക്കണം. അപേക്ഷകനും എതിരുകാരും തഹസീൽദാരുടെ അഥവാ പേഷ്കാരുടെ മുൻപാകെ അന്നു ഹാജരാകാൻ ആജ്ഞാപിക്കണം. സ്ഥലത്തുപോയുള്ള അന്വേഷണം തീരുമാനത്തെ ത്വരിപ്പിക്കുമെന്നു തോന്നുന്നപക്ഷം ഇരുകക്ഷികളുടെയും, യുക്തമെന്നു തോന്നുന്ന മററുള്ളവരുടെയും, സാന്നിദ്ധ്യത്തിൽ നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണം നടത്തണം. വിചാരണ നടത്തുകയോ സ്ഥലത്തന്വേഷണം നടത്തുകയോ ചെയ്യുന്നതു തഹസീൽദാരെങ്കിൽ, അപേക്ഷത്തീയതിമുതൽ ഒരു മാസത്തിനകം തൻെറ അഭിപ്രായസഹിതം റിപ്പോർട്ടു പേഷ്കാർക്കു അവശ്യം സമർപ്പിക്കണം. അപേക്ഷത്തീയതിമുതൽ 45 ദിവസത്തിനകം പേഷ്കാർ ഈ അപേക്ഷയും അന്വേഷണറിക്കാർഡുകളുണ്ടായിരുന്നാൽ അതും തൻെറ അഭിപ്രായസഹിതം ഗവമ്മെണ്ടിനു സമർപ്പിക്കണം.

6 അപേക്ഷയിന്മേലുള്ള തീരുമാനം, നിരസനമെങ്കിൽ അതിനുള്ള കാരണങ്ങൾ ഗവമ്മെണ്ടു അപേക്ഷകനെ അറിയിക്കയോ അതിനു ഏർപ്പാടുചെയ്യുകയോ വേണം. അപേക്ഷ അയച്ചു 6 മാസമായിട്ടും അനുവദിച്ചോ നിരസിച്ചോ ഉള്ള ഉത്തരവൊന്നും ലഭിക്കാത്തപക്ഷം ചട്ടത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അപേക്ഷകനു സിമിത്തേരി അഥവാ ശ്മശാനം സ്ഥാപിക്കയോ നിർദ്ദിഷ്ട സ്ഥാനം അങ്ങനെ ഉപയോഗപ്പെടുത്തുകയോ ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും.

7 ഒരു സിമിത്തേരിയുടെയോ ശ്മശാനത്തിൻെറയോ യാതൊരു ഭാഗവും അതിനായിട്ടല്ലാതെ മററൊന്നിനും ഉപയോഗിച്ചുകൂടാ. സിമിത്തേരി അഥവാ ശ്മശാനഭൂമി മൃതശരീരസംസ്കാരാവശ്യത്തിനല്ലാതെ മററൊന്നിനും ആരും ഉപയോഗിച്ചുകൂടാ.

8) ഗവമ്മെണ്ടിൻെറ പ്രത്യേകാനുമതിയോടെ അല്ലാതെ ഒരു സിമിത്തേരി അഥവാ ശ്മശാനഭാഗം യാതൊരു താമസസ്ഥലത്തിനും 300 അടിയിൽ കുറഞ്ഞ അകലത്തിൽ പണിയുവാൻ പാടില്ലാത്തതാകുന്നു.


9 ഓരോ സിമിത്തേരിയും ശ്മശാനവും ഉറപ്പുള്ള മതിൽകെട്ടി തിരിച്ചിരിക്കണം. അതിൻെറ കേടുപാടുകൾ അപ്പഴപ്പോൾ തീർത്തുകൊണ്ടിരിക്കേണ്ടതുമാകുന്നു.

10) പൊതുതാല്പര്യത്തിനു ആവശ്യമെന്നു കണ്ടാൽ കക്ഷികൾക്കു നോട്ടീസു നൽകുകയും തക്കങ്ങൾ കേൾക്കുകയും ചെയ്തശേഷം ഉത്തരവിൽ പറയുന്ന ഒരു തീയതിക്കുശേഷം ഉപയോഗത്തിലിരിക്കുന്ന ഒരു സിമിത്തേരി അഥവാ ശ്മശാനസ്ഥലത്തു ശവസംസ്കാരം നടത്തരുതെന്നു ഗവമ്മെണ്ടിനു നിരോധിക്കാവുന്നതും അതിനുശേഷം ആക്കും അവിടെ ശവം സംസ്കരിക്കയോ സംസ്കരിക്കാനനുവദിക്കയോ അതിനു സമ്മതിക്കയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

11) സിമിററി അഥവാ ശ്മശാനസ്ഥാപനത്തിനുള്ള സ്ഥലം അപേക്ഷകൻെറ പൂർണ്ണ ഉടമയിലുള്ളതായിരിക്കയും അഥവാ സ്ഥലം ഏതു സ്ഥാപനത്തിൻെറ ഫൗണ്ടേഷൻെറ, മതസംഘത്തിൻെറതാണോ അതിൻെറ അധികൃതപ്രതിനിധിയായിരിക്കുകയും സിമിററി അഥവാ ശ്മശാനം ഏതു സമൂഹം അഥവാ വർഗ്ഗം അഥവാ വിഭാഗത്തിനായുദ്ദേശിക്കുന്നുവോ അതിനു തൻെറ സർവ്വാവകാശവും വിട്ടുകൊടുത്തുകൊള്ളാമെന്നു രേഖാമൂലം സമ്മതിക്കയും ചെയ്താലല്ലാതെ ഒരപേക്ഷയും അനുവദിക്കുന്നതല്ല. അപേക്ഷ അനുവദിക്കുന്ന കാലത്തു അപേക്ഷകൻ ഗവമ്മെണ്ടുമായി ചെയ്യുന്ന എല്ലാ ഉടമ്പടികളും ഒരു സിമിററി അഥവാ ശ്മശാനത്തിൻെറ ഉപയോക്താക്കൾക്കും ഒരുപോലെ ബാധകമായിരിക്കുന്നതാണ്.

12 സ്ഥാനം ഒരു ക്ഷേത്രത്തിനോടോ ജലസംഭരണസ്ഥാനത്തോടോ വിദ്യാലയത്തോടോ പബ്ളിക്ക് സ്ഥാപനങ്ങളോടോ തൊട്ടടുത്തായിരുന്നാൽ അത്തരം അപേക്ഷകൾ അനുവദിക്കുന്നതല്ല.

13 ഗവമ്മെണ്ടനുമതി കൂടാതെ തൻെറ താലൂക്കിൽ ഒരു സിമിററി അഥവാ ശ്മശാനം സ്ഥാപിച്ചതായോ സ്ഥാപിക്കുന്നതായോ അറിവു ലഭിക്കുന്ന തഹശീൽദാർ, ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തി പേഷ്കാർക്കു റിപ്പോർട്ടു സമർപ്പിക്കണം. കക്ഷികളെ വിസ്തരിക്കുകയും യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം പേഷ്കാർ ഗവമ്മെണ്ടിനു റിപ്പോർട്ടു സമർപ്പിക്കും. അതിനെ ആസ്പദമാക്കി റ്റി പി സി 182-ാം വകുപ്പനുസരിച്ച കക്ഷിയുടെമേൽ നടപടി നടത്താൻ പ്രവൃത്തികാരെയോ ഉദ്യോഗസ്ഥന്മാരിൽ ആരെയെങ്കിലുമോ ഗവമ്മെണ്ടിനു അധികാരപ്പെടുത്താവുന്നതാണ്.



തൃശ്ശൂർ രൂപതയിലെ വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ കപ്യാർമാർക്കായി നടത്തിയ ധ്യാനത്തിൻെറ അവസാനത്തിൽ എടുത്ത ഫോട്ടോ. 69 പേർ അതിൽ സംബന്ധിച്ചിരുന്നു. മദ്ധ്യത്തിൽ:—റൈററ് റവ. മോൺ. ആൻറണി പുതുശ്ശേരി ഡി. ഡി., വികാരി ജനറാൾ; റവ. ഫാദർ മാത്യു മങ്കുഴിക്കരി, ധ്യാനഗുരു.


# Medical Sisters of St. Joseph

വി. യൗസേപ്പിതാവിൻെറ ആശുപത്രിസഹോദരികൾ

ഇക്കൊല്ലം ഇതേവരെ സ്വീകരിച്ചിട്ടുള്ള കുട്ടികൾക്കു പുറമേ രണ്ടു കുട്ടികളേക്കൂടി എടുക്കുന്നതാണ്. സ്കൂൾഫൈനൽ പാസായ കുട്ടികൾ മാത്രം അപേക്ഷ അയച്ചാൽ മതി. സഭയിൽ ചേർന്നു നേഴ്സിങ്ങ്, കമ്പൗണ്ടിങ്ങ് മുതലായവ പഠിക്കാൻ സന്നദ്ധത ഉള്ളവരായിരിക്കണം. ഉടൻ എഴുതുക:

Mgr. Joseph C. Panjikaran, Dharmagiri, Kothamangalam

# ഡയക്ലിഷ്യന്റെ വിധിതീർപ്പ് *

(ജയിംസ് കെ. സി., മണിമല)

സ്ഥാനം— ഡയക്ലീഷ്യന്റെ രാജകൊട്ടാരം.

സമയം—പ്രഭാതം.

(ചക്രവർത്തി സിംഹാസനസ്ഥനായി സപരിവാരം പ്രത്യക്ഷപ്പെടുന്നു. അണിയറയിൽഉഗ്രമായ പ്രഹാരശബ്ദം—സൈന്യാധിപൻ പ്രവേശിക്കുന്നു.)

ചക്ര:—ഡോ! എങ്ങനെയിരിക്കുന്നു? അടികൊണ്ട് അവൾ പുളയുന്നില്ലേ?

സൈ:—പൊന്നുതിരുമേനി! ആ പൂവുപോലുള്ള ശരീരം തകരുന്നു; അസ്ഥികൾ ഞെരിഞ്ഞൊടിയുന്നു. മാംസപേശികൾ ചതഞ്ഞു ചിതറുന്നു. രക്തകണങ്ങൾ നാലുപാടും ചിതറിത്തെറിക്കുന്നു. എന്നിട്ടും നമ്മുടെ ഭടന്മാർ അനുക്ഷണം വീറോടെ പ്രഹരിക്കയാണ്.

ചക്ര:—നീ, അവളോടു ദയതോന്നി അടിയൊന്നും കുറച്ചേക്കരുതു കേട്ടോ! നോക്കു, പിന്നെ, വേറൊന്ന്. ശിക്ഷ കഴിഞ്ഞു് അവളുടെ മനസ്ഥിതി മാറുമ്പോൾ നമ്മുടെ രാജ്ഞിയായിരിക്കാനുള്ളവളല്ലേ? അക്കാര്യം ഓർമ്മയിലിരിക്കണം.

സ്തുതിപാഠകൻ:—നേരാ, യാതൊരു മയവും കൂടാതടിക്കണം. പക്ഷെ, കൊച്ചുതമ്പുരാട്ടിയെ ഇരുമ്പുനുള്ളിയിട്ട് നോവിക്കയുമരുത്.

ചക്ര:—പാവം, ഇപ്പോൾ വിചാരിക്കുകയാണ്, ഈ മൂഢത്വമൊന്നും പറയേണ്ടായിരുന്നുവെന്ന്. ഏതായാലും ഇനി നമുക്കു സ്വാധീനപ്പെടുമെന്നുള്ളതിൽ പക്ഷാന്തരമില്ല. (സൈന്യാധിപനോട്) ഹേ! സേനാനീ! താൻ പോയി അവളെ നമ്മുടെ സന്നിധിയിലേക്കൊന്നു കൊണ്ടുവരൂ.

സൈ:—കല്പനപോലെ. (പോകുന്നു.)

സ്തുതി:—ഇത്തവണ തിരുമനസ്സിലെ അഭീഷ്ടം സാധിച്ചതുതന്നെ.

ചക്ര:—(സ്തുതിപാഠകനോട്) ഡോ, വിഡ്ഢീ! താൻ അവളോടു മര്യാദകേടൊന്നും സംസാരിച്ചേക്കരുതു കേട്ടോ?

സ്തുതി:—അടിയനെന്നാ ഉപായമണ്ടനാണോ തിരുമേനീ? കൊച്ചുതമ്പുരാട്ടി വന്നാൽ പിന്നെ അടിയൻ ഒന്നും ഉരിയാടുന്നതേയില്ല. ഇന്നാളത്തെ അനുഭവം അടിയനുണ്ടോ മറക്കൂ.

സൈ:—(പ്രവേശിച്ച്) തിരുമനസ്സുകൊണ്ടു വിജയിച്ചാലും. അവൾ പറയുന്നു, സമസ്തപീഡകളും അവൾ സഹിച്ചുകൊള്ളാം; എന്നാൽ, തിരുമനസ്സിലെ സാന്നിദ്ധ്യംമാത്രം അസഹനീയമാണെന്ന്.

ചക്ര:— എന്തസംബന്ധമാണിതു്! നമ്മുടെ സകല ജനങ്ങളും നമ്മെ ഒരു നോക്കു കാണാൻ കൊതിക്കുന്നു. അവൾ—അവൾ മാത്രം നമ്മെ ധിക്കരിക്കുന്നു. (സൈന്യാധിപനോട്) എടോ, മഹോന്നത ഡയക്ലീഷ്യൻ ചക്രവർത്തി ആജ്ഞാപിക്കുന്നതായിപ്പറയുക, ആ നികൃഷ്ടകീടം നമ്മുടെ മുമ്പിൽ ക്ഷണം ഹാജരാകണമെന്ന്. (സൈന്യാധിപൻ പോകുന്നു )

സ്തുതി:—തിരുമേനീ! ഇനി അവളെ വച്ചിരുന്നിട്ടു കാര്യമില്ല. ഉടൻ കഴുത്തറുക്കണം.

ചക്ര:—എടാ, അസത്തേ! നീയെന്താണിപ്പറയുന്നതു്? അവളുടെ മുഖത്തു നോക്കിക്കൊണ്ട് എങ്ങനെ വാൾ ഓങ്ങാൻ തോന്നും?

സ്തുതി:—നേരാ, നേരാ, എന്തൊരു തങ്കക്കുടമാ. പാറാവിലിട്ടു കഷ്ടപ്പെടുത്തിയിട്ടും അവളുടെ ശരീരത്തോടൊന്നിച്ചു സൗന്ദര്യവും ദിനംതോറും വളരുന്നു. ആ പൊന്നോമന പെൺകുഞ്ഞിനെ നമുക്കു കൊല്ലാതെ വളർത്തണം.

സൈ:—(പ്രവേശിച്ച്) തിരുമേനീ, ആ ധിക്കാരിണിയുടെ വാക്യം തിരുമനസ്സുണർത്തിക്കാൻതന്നെ അടിയൻ മടിക്കുന്നു.

ചക്ര:—യാതൊന്നും മടിക്കേണ്ടാ. ക്ഷണം പറഞ്ഞുകൊള്ളുക. നമുക്കു കേൾക്കാൻ തിടുക്കമാണ്.

സ്തുതി:—രണ്ടും നിശ്ചയിച്ചങ്ങു പറയണം. എന്തുംവരട്ടെ. തിരുമേനി കല്പിച്ചാൽ പിന്നെന്താ?

സൈ:—തിരുമനസ്സിലെ കല്പനയ്ക്കെതിരായി രാജാധിരാജനായ ക്രിസ്തുനാഥൻ ആജ്ഞാപിക്കുന്നുപോലും, അവൾ ഇങ്ങോട്ടു വരേണ്ടെന്ന്.

ചക്ര:—(പ്രക്ഷുബ്ധനായി പൊട്ടിച്ചിരിച്ചുകൊണ്ട്) ഹാ! എന്ത്?... എന്ത്? സൈന്യാധിപാ......നാം തന്നെ വെറുക്കുന്നു. നമ്മുടെ കോപാഗ്നി തന്റെമേൽ എരിയാതിരിക്കണമെങ്കിൽ ക്ഷണം സമാധാനം ബോധിപ്പിച്ചുകൊള്ളൂ.

സ്തുതി:—അതെ, ഇക്കുറി പടനായകൻ തകർന്നതുതന്നെ. ആലോചനകൂടാതെയാണോ തിരുമുമ്പിൽ സംസാരിക്കുന്നത്?

സൈ:—തിരുമേനീ, പ്രശാന്തനായി കല്പിച്ചാലും; രണ്ടു നിമിഷത്തിനകം അടിയൻ കല്പന നിർവ്വഹിക്കാം.

ചക്ര:—അടിയേററു ശകലിതമായ അവളുടെ ശരീരത്തിനു യാതൊരു പ്രഥമശുശ്രൂഷയും ചെയ്യാതെ വീണ്ടും നമ്മുടെ നിലയറപ്പാറാവിലേക്കു തള്ളിയിടുക. ഒരുദിവസംകൂടെ അവൾ ജീവിക്കാനനുവദിക്കാം. നാളെയും സ്ഥിതി ഇതുതന്നെയെങ്കിൽ അവളുടെ കഴുത്തിൽ വലിയ ഇരുമ്പുനങ്കൂരം ബന്ധിച്ച് ടൈബർ നദിയിലേക്കെറിഞ്ഞേക്കണം. നാം കല്പിച്ചിരിക്കുന്നു.

സൈ:—(സപ്രണാമം) കല്പനപോലെ, നാളെ സൂര്യനസ്തമിക്കുന്നതു്, അവളുടെ കുടിലഗാത്രം ടൈബറിന്റെ അഗാധതയിൽ നങ്കൂരമിട്ടു വിശ്രമിക്കുന്നതു കണ്ടുകൊണ്ടായിരിക്കും.


സ്തുതി:—തിരുമനസ്സിലെ കാരുണ്യം നിറഞ്ഞ നീതി നെടുനാൾ വിലസട്ടെ.

(യവനിക)

---

* "രക്തസാക്ഷിണി" എന്ന പുതിയ ഗ്രന്ഥത്തിൽനിന്ന്. പകർപ്പവകാശവും അഭിനയാവകാശവും സ്വായത്തം.

— —




പ്രിൻസിപ്പാൾ: "എന്താണിന്നിത്ര ചിന്താമഗ്നനായി കാണപ്പെടുന്നതു്?"

മനശ്ശാസ്ത്രം പഠിപ്പിക്കുന്ന പ്രഫസർ: "ആറുമാസം എന്റെ അടുത്തു ഓർമ്മശക്തി വളർത്തേണ്ടവിധം അഭ്യസിച്ച ഒരു വിദ്യാർത്ഥി എനിക്കു ഫീസുതരാൻ മറന്നിരിക്കുന്നു. അവന്റെ പേരും മേൽവിലാസവും ഞാനും മറന്നിരിക്കുന്നു!"

*　　　*　　　*

ഒരു ധനികൻ തന്റെ കാണാതെ പോയ പട്ടിയെ പിടിച്ചുകൊടുക്കുന്നവക്ക് 100 ക. സമ്മാനം നല്കാമെന്നൊരു പരസ്യം അയച്ചുകൊടുത്തശേഷം പത്രമാഫീസിലേക്കു ഫോണിൽ വിളിക്കയാണ്: "ഹലോ, അവിടെ അഡ്വർടൈസ്മെന്റ് ക്ലാർക്കുണ്ടോ?"

"ഇല്ല. പുറത്തേക്കു പോയിരിക്കയാണ്."

"ക്ലാർക്കന്മാർ ആരെങ്കിലുമുണ്ടോ?"

"ഇല്ല."

"സ്റ്റാഫിൽപ്പെട്ട വല്ലവരുമുണ്ടോ?"

"ഇവിടെ ആരുമില്ല. എല്ലാവരും ഏതോ ഒരു പട്ടിയെ തിരക്കി പുറത്തേക്കു പോയിരിക്കയാണ്."

*　　　*　　　*

അദ്ധ്യാപകൻ: "സംസർഗ്ഗജാ ദോഷഗുണാ: ഭവന്തി" (സംസർഗ്ഗംകൊണ്ട് ദോഷവും ഗുണവും ഭവിക്കുന്നു) എന്ന മഹദ്വാക്യം എററവും അന്വർത്ഥംതന്നെ.

വിദ്യാർത്ഥി: സാറിന്റെ സംസർഗ്ഗം ആരോടൊക്കെയായിരുന്നു എന്നാണെനിക്കാശ്ചര്യം തോന്നുന്നതു്.

*　　　*　　　*

ഒരാൾ ഒരു ബുക്കു ബൈൻഡറക്ക് ഇപ്രകാരം ഒരു കുറിപ്പു കൊടുത്തയച്ചു: "ബുക്കിന്റെ കവറിൽ ചേർക്കേണ്ട പേരു്: കുര്യാക്കോസ് എം. എ.—മുട്ടിൽ ഉകൽ—മറന്നുപോകരുതു്." അടുത്ത ദിവസം തന്നെ ബൈൻഡിട്ടു കിട്ടിയ പുസ്തകത്തിന്റെ പുറത്തു തങ്കവർണ്ണത്തിൽ ചേർത്തിരുന്നപേരു് അയാൾ ഇപ്രകാരം വായിച്ചു: "കുര്യാക്കോസ് എം. എ. മുട്ടിൽഉകൽ"

*　　　*　　　*

ഭർത്താവ്: "അന്നൊരിക്കൽ ഇവിടെ കള്ളൻ കയറിയിട്ട് ഞാൻ അതിവേഗത്തിൽ കോവണിയുടെ മുമ്മൂന്നു പടിവിതം ചവിട്ടിയാണ് കീഴോട്ടിറങ്ങിയതു്."

ഭാര്യ: "അപ്പോൾ മുകളിലെ തട്ടിലാണോ കള്ളൻ കയറിയതു്?"


# പുതിയ പുസ്തകങ്ങൾ

1) മാർത്തോമ്മാശ്ലീഹായും മലങ്കരയും

ഗ്രന്ഥകർത്താ:— മി. ആന്റണി മുക്കാടൻ. വില 8 ണ.

2) കന്യാസ്ത്രീ

ഗ്രന്ഥകർത്താ:— മി. എം. ഒ. ജോസഫ് നെടുങ്കുന്നം. വില 8 ണ.

3) മതപഠനം

ഗ്രന്ഥകർത്താ:— റവ. ഫാ. ജോസഫ് പി. വിതയത്തിൽ
വില ക. 1—8—0

മാനേജർ

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം.


## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 സ്വപാപങ്ങൾക്കു പരിഹാരം ചെയ്വാനും ജീവിതം നവീകരിക്കുവാനും ക്രിസ്ത്യാനികളെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടി.

2 ദൈവസമക്ഷം കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനകൾ സമർപ്പിക്കുകയും പ്രായശ്ചിത്തത്തിന്റേയും പരസ്നേഹത്തിന്റേയും പ്രവൃത്തികൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

3 സെന്റ് ജോൺ ലാത്തറാൻ, സെന്റ് പീററർ, ഓസ്റ്റിയൻ പാതയിലുള്ള സെന്റ് പോൾ, എസ്ക്വിലിൻ കുന്നിലുള്ള സെന്റ് മേരി മേജർ എന്നീ ബസ്സിലിക്കാകൾ.

4 മൂന്നു "ആകാശങ്ങളിലിരിക്കുന്ന"തും മൂന്നു "നന്മനിറഞ്ഞ മറിയ"വും മൂന്നു "ത്രിത്വസ്തുതി"യും; മാർപ്പാപ്പായുടെ നിയോഗപ്രകാരം ഒരു "ആകാ—"തും; ഒരു "നന്മ—"വും, ഒരു "ത്രിത്വ—"യും, കൂടാതെ ഒരു "വിശ്വാസപ്രമാണവും".

5 കുമ്പസാരിച്ചു വിശുദ്ധ കർബാന സ്വീകരിക്കണം.

## ചോദ്യോത്തരപംക്തി

ചോ: വേദപുസ്തകം ദൈവനിവേശിതമാണെന്നു ഒരു അക്രൈസ്തവനെ സമ്മതിപ്പിക്കത്തക്കവണ്ണമുള്ള വല്ല ന്യായവുമുണ്ടോ?

ഉ: ഉണ്ട്. അതിനു പ്രധാനമായി ചൂണ്ടിക്കാണിക്കാവുന്നതു മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളും അവയുടെ പൂർത്തീകരണവുമാണ്. മിശിഹാ ജനിക്കുന്നതിനു അനേകശതം വത്സരങ്ങൾക്കു മുൻപുതന്നെ അദ്ദേഹത്തിന്റെ ജനനത്തിന്റെ സാഹചര്യങ്ങളെക്കുറിച്ചും ജീവിതത്തേയും മരണത്തേയും കുറിച്ചും മററും വ്യക്തമായ പ്രവചനങ്ങൾ ഉണ്ടായിരുന്നു. സ്വർണ്ണഖനിയിലെ പാറയിൽ സുവർണ്ണരേഖകൾ എങ്ങനെ നെടുനീളെ കാണപ്പെടുന്നുവോ അതുപോലെ പഴയനിയമത്തിൽ മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ആദ്യന്തം കാണാവുന്നതാണ്. ഈ വസ്തുത ദൈവനിവേശിതത്വത്തെ എത്ര ഭംഗിയായി തെളിയിക്കുന്നു എന്നു കാണിക്കുവാൻ മോൺസിഞ്ഞോർ വോൺ Concerning the Holy Bible എന്ന തന്റെ പുസ്തകത്തിൽ ഒരുപമ പറയുന്നു.

ഒരാൾ ഒരു പ്രസിദ്ധ ചിത്രമെഴുത്തുകാരന്റെ പക്കൽച്ചെന്ന് ഇപ്രകാരം പറയുന്നു എന്നു സങ്കല്പിക്കാം: "ദയവായി എനിക്കൊരു ഛായാപടം വരച്ചുതരാമോ? അതു വളരെ കൃത്യമായിരിക്കണം." "ആരുടെ ഛായാപടം?" "എന്റെ പൗത്രന്റെ പുത്രന്റെ." "കൊള്ളാം. ആ കൊച്ചനെ ഇങ്ങു കൊണ്ടുവരണം. ഞാനൊന്നു കാണട്ടെ." "അതു സാധിക്കയില്ല. കാരണം, അവൻ ജനിച്ചിട്ടുതന്നെയില്ല." "ഓഹോ അങ്ങനെയാണോ? കൊള്ളാം ജ്യേഷ്ഠാ, തനിക്കു വഴിതെററിപ്പോയി. ഇതു ഭ്രാന്താലയമല്ല." ഇത്രയുംകൊണ്ട് അവരുടെ സംഭാഷണം അവസാനിക്കും.

വരാൻപോകുന്ന കാര്യങ്ങളേയും അനേകം കൊല്ലം കഴിഞ്ഞു ജനിക്കാൻ പോകുന്ന ആളുകളേയും കുറിച്ചു എന്തെങ്കിലും വിശദമായി വർണ്ണിക്കുവാൻ യാതൊരു മനുഷ്യനും സാദ്ധ്യമല്ലാത്തതിനാൽ മേല്പറഞ്ഞവണ്ണമൊരു ചിത്രം വരയ്ക്കാൻ ഭ്രാന്തന്മാരേ ആവശ്യപ്പെടുകയുള്ളൂ. ഇനി നമുക്കു വേറൊരു സങ്കല്പമെടുക്കാം. യാതൊന്നും വരച്ചിട്ടില്ലാത്ത ഒരു പുതിയ കാൻവാസ്സിൽ, അനേക നൂററാണ്ടുകഴിഞ്ഞു ജനിക്കാൻപോകുന്ന ഒരു മനുഷ്യന്റേതാണെന്നും പറഞ്ഞ്, ഒരു ചിത്രമെഴുത്തുകാരൻ വന്ന് രണ്ടു പാദങ്ങൾമാത്രം വരച്ചിട്ടു പോകുന്നു. പത്തൻപതു കൊല്ലംകഴിഞ്ഞു വേറൊരുത്തൻ വന്നു അതിനു മുകളിലായി വസ്ത്രത്തിന്റെ അടിവിളുമ്പുകൾ വരയ്ക്കുന്നു. പിന്നീടു ഒന്നുരണ്ടു നൂററാണ്ടുകഴിഞ്ഞു മൂന്നാമതൊരുത്തൻ വന്നു അരവരെയുള്ള വസ്ത്രങ്ങളും രണ്ടു കൈപ്പത്തികളും വരച്ചിട്ടുപോകുന്നു. ഇങ്ങനെ പല ശതവർഷങ്ങൾകൊണ്ടു പല നാട്ടുകാരും തമ്മിൽ തമ്മിൽ പരിചയമില്ലാത്തവരും പലകാലങ്ങളിൽ ജീവിച്ചിരുന്നവരുമായ അനേകം പേരുടെ ശ്രമഫലമായി പരിപൂർണ്ണമായ ഒരു മനോഹര ഛായാപടം കാൻവാസ്സിൽ ആവിർഭവിക്കുന്നു. ഏതാനും കൊല്ലത്തിനുശേഷം ആരുടെ പടമാണു വരയ്ക്കുന്നതെന്നു പടമെഴുത്തുകാർ പറഞ്ഞിരുന്നുവോ ആ മനുഷ്യൻതന്നെ ജനിച്ചു വളർന്നു പ്രത്യക്ഷപ്പെടുന്നു. പടം ഒരു പ്രാവശ്യമെങ്കിലും കണ്ടിട്ടുള്ളവർക്കു ആളെ തിരിച്ചറിയാൻ യാതൊരു വിഷമവുമില്ലാത്തവണ്ണം ആളും പടവുമായിട്ടു അത്ര യോജിപ്പാണു കാണുന്നതു്. ഇങ്ങനെയൊന്നു സംഭവിക്കുന്നപക്ഷം ജനിക്കുവാനിരുന്ന ആളിനെ വളരെ മുൻകൂട്ടി പ്രസ്തുത ചിത്രമെഴുത്തുകാർക്കു ആരോ വ്യക്തമായി കാണിച്ചുകൊടുത്തതിന്റെ ഫലമായിട്ടാണ് അവർക്കു താദൃശമായ ഒരു പടം വരയ്ക്കാൻ സാധിച്ചതെന്ന് ആരാണു സമ്മതിക്കാത്തതു്.?

മേല്പറഞ്ഞ ഉപമയിലെ ചിത്രമെഴുത്തുകാരുടെ സ്ഥാനം പഴയനിയമത്തിലെ ദീർഘദർശികൾ വഹിക്കുന്നു. അവർ ചായത്തിനുപകരം വാക്കുകളാണ് ഉപയോഗിക്കുന്നതെന്നു ഒരു വ്യത്യാസമുണ്ട്. എങ്കിലും അവർ നൽകുന്ന തൂലികാചിത്രവും പുതിയനിയമത്തിലെ മിശിഹായുമായി ശ്രദ്ധാപൂർവ്വം നോക്കുന്ന യാതൊരുത്തനും തെററിദ്ധരിക്കാൻ പാടില്ലാത്തവണ്ണം അത്രനല്ലസാമ്യമുണ്ട്. അതിനാൽ ഭാവിയെ അറിയാൻ പാടുള്ള ഏകയാളായ ദൈവംതന്നെയാണ് അവരെക്കൊണ്ടു പ്രസ്തുത വിവരങ്ങൾ എഴുതിച്ചതെന്നും തന്മൂലം വേദപുസ്തകം ദൈവനിവേശിതമാണെന്നും വിശദമാകുന്നു.

Fr. A.

വിമർശനവീഥി

# മനസ്സിൻെറ അഭൗതികത്വത്തിനു കൂടുതൽ തെളിവുകൾ

മനസ്സ് ആശയങ്ങളെ ഗ്രഹിക്കുക മാത്രമല്ല, അവയെ സംബന്ധിച്ച വിധി (Judgmen ) ചെയ്യുന്നുമുണ്ട്. ഉദാഹരണമായി "റൊട്ടി ഭക്ഷണസാധനമാകുന്നു." റൊട്ടിയുടെ ആശയവും ഭക്ഷണത്തിൻെറ ആശയവും തമ്മിൽ പൊരുത്തമുണ്ടെന്നാണല്ലോ ഈ വിധിയുടെ സാരം. ഇപ്രകാരമൊരു പൊരുത്തമുണ്ടെന്നു കാണണമെങ്കിൽ, മനസ്സ് പ്രസ്തുത രണ്ടാശയങ്ങളേയും ഒരേസമയത്തു ഗ്രഹണപഥത്തിൽ വച്ചുകൊണ്ടു താരതമ്യം ചെയ്യണം. മനസ്സ് ഭൗതികമാണെങ്കിൽ ഈ താരതമ്യം അതിനു സാദ്ധ്യമല്ല. എന്തുകൊണ്ടാണെന്നു പറയാം. ഭൗതികപദാർത്ഥം സംയുക്തമാകുന്നു; അനേകം ഭാഗങ്ങളാൽ സംഘടിതമാണതു്. "ഒരു ജീവാണുവിൽ (Cell) പതിനായിരത്തിനുമേലും പത്തുലക്ഷത്തിനു താഴെയും രാസവസ്തുക്കൾ (Chemical Substance) ഉണ്ടെ"ന്നാണ് ഒരു വലിയ ശാസ്ത്രജ്ഞനായ ഹാൽഡെയിൻ (J. S. B. Haldane) പറയുന്നതു്. ഭൗതികപദാർത്ഥങ്ങളിലുള്ള ഈ ഓരോ ഭാഗവും മററു ഭാഗങ്ങൾക്കു പുറത്തുനില്ക്കുന്നു. റൊട്ടിയുടെ ഒരു ഭാഗം അതിൻെറ മററു ഭാഗങ്ങൾക്കു പുറമേ നില്ക്കുന്നപോലെയെന്നു പറയാം. മനസ്സ് ഇങ്ങനെ പരസ്പരം പുറത്തു നില്ക്കുന്ന അനേകം ഭാഗങ്ങളോടുകൂടിയ പദാർത്ഥമാണെങ്കിൽ പ്രസ്തുത രണ്ടാശയങ്ങളിൽ അപ്പത്തിൻെറ ആശയം ഒരു ഭാഗത്തും, ഭക്ഷണത്തിൻെറ ആശയം മറെറാരു ഭാഗത്തും ആയിരിക്കും സ്ഥിതിചെയ്യുക. ആദ്യഭാഗത്തെ നമുക്കു A എന്നും രണ്ടാമത്തെ ഭാഗത്തെ B എന്നും വിളിക്കാം. A എന്ന ഭാഗത്തിനു B എന്ന ഭാഗത്തുള്ള ആശയത്തെപ്പററി ബോധമുണ്ടായിരിക്കുകയില്ല; B എന്ന ഭാഗത്തിനു A എന്ന ഭാഗത്തുള്ള ആശയത്തെപ്പററിയും ബോധമുണ്ടായിരിക്കുകയില്ല. തന്മൂലം ആ ഓരോ ഭാഗത്തിനും തനിച്ചോ ഒരുമിച്ചുചേന്നോ പ്രസ്തുതാശയങ്ങളെ താരതമ്യംചെയ്യാൻ സാദ്ധ്യമല്ല. അത്രപോലും മൂന്നാമതൊരു ഭാഗത്തിനു സാദ്ധ്യമല്ല. കാരണം, അതിൽ പ്രസ്തുതാശയങ്ങൾ ഒന്നുപോലും സ്ഥിതിചെയ്യാതിരിക്കുന്നതുകൊണ്ടു് അവ ഒന്നിനെപ്പററിയും അതിനു ബോധമില്ല. താരതമ്യം സാദ്ധ്യമാകണമെങ്കിൽ രണ്ടാശയങ്ങളും വിഭിന്നഭാഗങ്ങളിൽ സ്ഥിതിചെയ്യാതിരിക്കണം. ഈ വ്യവസ്ഥ ഭാഗങ്ങളില്ലാത്ത, അസംയുക്തമായ വസ്തുവിലേ നിറവേറുകയുള്ളു. ആകയാൽ ആശയങ്ങളെ താരതമ്യംചെയ്തു് അവയുടെ പൊരുത്തത്തെക്കുറിച്ചുവിധിചെയ്യുന്നമനസ്സ് അവശ്യം അഭൗതികമായിരിക്കണമെന്നു സിദ്ധം.

കൂടാതെ, വിധിചെയ്യുന്ന മനസ്സ് ഒരാശയവും മറെറാരാശയവും തമ്മിലുള്ള സംബന്ധം (relation) ഗ്രഹിക്കണമല്ലോ. എന്നാലല്ലേ അവ തമ്മിൽ പൊരുത്തമുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കുവാൻ സാധിക്കൂ. പ്രസ്തുത സംബന്ധം ഭൗതികവസ്തുക്കൾക്കു സഹജമായ ലക്ഷണങ്ങളോടുകൂടിയ യാഥാർത്ഥ്യമല്ലല്ലോ. അതിനു ആകൃതി, നിറം, ഘനം മുതലായവ ഒന്നുമില്ല. ആ ലക്ഷണങ്ങളെല്ലാം ഉരിഞ്ഞുമാററപ്പെട്ട, അതിനാൽ അഭൗതികമായ യാഥാർത്ഥ്യമാണതു്. തന്മൂലം അതു ഗ്രഹിക്കുവാൻ കഴിയുന്ന മനസ്സും അഭൗതികമായിരുന്നേ മതിയാവൂ.

ഇപ്പറഞ്ഞ ന്യായങ്ങൾ സർവ്വസാമാന്യങ്ങളും (universa ) സനാതനങ്ങളുമായ (eterna ) വിധികളുടെ കാര്യത്തിൽ പ്രത്യേകിച്ചും ബാധകമാണ്. "മനുഷ്യനു മരണമുണ്ടു്" എന്ന സർവ്വസാമാന്യമായ വിധിയും രണ്ടുംരണ്ടും നാലാണ് എന്ന സനാതനമായ വിധിയും വ്യക്തിഗതങ്ങളായ ലക്ഷണങ്ങളുള്ളവയല്ല. അതിനാൽ ഭൗതികങ്ങളല്ല, അഭൗതികങ്ങളാണു്. തന്മൂലം അവയെ ഉൾക്കൊള്ളുന്ന മനസ്സും അഭൗതികംതന്നെയായിരിക്കണം.

### അനുമാനം

മനസ്സിൻെറ മൂന്നാമതൊരു പ്രവൃത്തി അനുമാനമാകുന്നു (Reasoning). "ഭക്ഷണസാധനങ്ങൾക്കൊന്നിനും വിപ്ലനനികുതിയില്ല; എന്നാൽ റൊട്ടി ഭക്ഷണസാധനമാണ്; അതിനാൽ റൊട്ടിക്കു വിപ്ലനനികുതിയില്ല." ഈ അനുമാനം എടുക്കുക. ഇവിടെ മനസ്സ് രണ്ടു വിധികളെ തമ്മിൽ താരതമ്യം ചെയ്യുന്നു; അവയുടെ പരസ്പരബന്ധം ഗ്രഹിക്കുന്നു; അതിൽ അസ്പഷ്ടമായിരിക്കുന്ന തത്വത്തെ പ്രസ്പഷ്ടമാക്കി മൂന്നാമതൊരു വിധി ചെയ്യുന്നു. ആദ്യത്തേയും രണ്ടാമത്തേയും വിധികൾ മനസ്സിൻെറ വെവ്വേറെ സ്ഥാനങ്ങളിൽ, പ്രത്യേക അറകളിലെന്നവണ്ണം, സ്ഥിതിചെയ്യുന്ന പക്ഷം അവയെ താരതമ്യം ചെയ്യാനും, അവയിൽനിന്നു മൂന്നാമതൊരു തത്വം അനുമിച്ചെടുക്കുവാനും സാദ്ധ്യമല്ല. സാദ്ധ്യമാകണമെങ്കിൽ രണ്ടു വിധികളും വിഭിന്നസ്ഥാനങ്ങളിൽ സ്ഥിതിചെയ്യാതിരിക്കണം. ഈ വ്യവസ്ഥ അവിഭക്തമായ വസ്തുവിലേ നിറവേറുകയുള്ളു. ആകയാൽ അനുമാനമെന്ന മനസ്സിൻെറ മൂന്നാമത്തെ പ്രവൃത്തിയും തെളിയിക്കുന്നു, മനസ്സ് ഭൗതികമല്ലെന്നു്; അതു് അഭൗതികമാണെന്നു്. മാത്രമല്ല, ഇവിടെയും രണ്ടു വിധികൾതമ്മിലുള്ള സംബന്ധമാണു മനസ്സു ഗ്രഹിക്കേണ്ടിയിരിക്കുന്നതു്. ഏതാദൃശസംബന്ധം അഭൗതികമാണെന്നു മുകളിൽ പറഞ്ഞല്ലോ. അതിനാൽ അക്കാരണത്താലും മനസ്സ് അഭൗതികമായിരിക്കണം.

### പര്യാലോചന

മനസ്സിൻെറ അഭൗതികത്വം ഏററവും സ്പഷ്ടമായി കാണുന്ന വേറൊരു പ്രവത്തനം പര്യാലോചനയാണ് (Reflection). തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കുകയെന്നാണ് ഈ ഇംഗ്ലീഷ്പദത്തിൻെറ വാച്യാർത്ഥം. നാം ഒരു കാര്യത്തെപ്പററി ചിന്തിച്ചശേഷം ആ ചിന്തയെപ്പററി വീണ്ടും ചിന്തിക്കുന്നതാണല്ലോ പര്യാലോചന. ഈ പ്രവത്തനത്തിൻെറ സ്വഭാവം പരിശോധിക്കാം. ഒരു കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ അതിൻെറ ആശയം മനസ്സിൽ പതിയുകയും അതുമുഖേന ആ കാര്യത്തെപ്പററി നമുക്കു ബോധമുണ്ടാകുകയും ചെയ്യുന്നു. അനന്തരം ആ ആത്മബോധത്തിലേക്കു തിരിഞ്ഞു്, അതിനെപ്പററി മനസ്സു വീണ്ടും ചിന്തിച്ചു്, ആ ബോധം ശരിയാണോയെന്നു നോക്കുന്നു. ഇങ്ങനെ തിരിയുകയും നോക്കുകയും ചെയ്യുന്നതിൽ ഒരു പ്രത്യേകത കാണുന്നുണ്ടു്. കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ കാര്യം ചിന്താവിഷയവും, മനസ്സ് ചിന്താകത്താവുമാണ്. എന്നാൽ കാര്യത്തെപ്പററി ചെയ്ത ചിന്തയെക്കുറിച്ചു വീണ്ടും ചിന്തിക്കുമ്പോൾ, മനസ്സു ചിന്താകത്താവുമാത്രമല്ല ചിന്താവിഷയവും കൂടിയാകുന്നു. ഇങ്ങനെയൊരു തിരിഞ്ഞുനോട്ടം ഭൗതികമായ ശക്തികൾക്കു സാദ്ധ്യമല്ല. കണ്ണു കണ്ണിനെ കാണുകയും, ചെവി ചെവിയെ കേൾക്കുകയും സാദ്ധ്യമാണോ? ഭൗതികപദാർത്ഥം സംഘടിതമാണെന്നു പറഞ്ഞുവല്ലോ. പരമാണുപ്രായങ്ങളായ അനേകം ഭാഗങ്ങൾ കൂടിച്ചേന്നുള്ളതും, ഒരു ഭാഗം മറേറ ഭാഗത്തിൽനിന്നു വ്യതിരിക്തമായിരിക്കുന്നതുമാണതു്. അങ്ങനെയുള്ള വസ്തുവിനു തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കാൻ സാദ്ധ്യമല്ല. ഒരു താൾ കടലാസ് എടുക്കുക. അതിനു് അതിന്മേൽത്തന്നെ തിരിഞ്ഞുസ്പർശിക്കുന്നതിനു സാധിക്കുകയില്ലല്ലോ. ആ കടലാസ് മടക്കുന്നപക്ഷം അതിൻെറ ഒരു ഭാഗം മറെറാരുഭാഗത്തെ സ്പർശിക്കും. അല്ലാതെ ആ കടലാസ് മുഴുവനും അതിനെ മുഴുവനും സ്പർശിക്കയില്ല. ഇതുകൊണ്ടാണ് ഭൗതികവസ്തുവിനു ഈ തിരിഞ്ഞുനോട്ടം സാദ്ധ്യമല്ലാത്തതു്. ആകയാൽ പര്യാലോചനയെന്ന ഈ പ്രവൃത്തി നടത്തുന്ന മനസ്സ് അവിഭക്തം, അഭൗതികം, ആയേ കഴിയൂ.

ഇങ്ങനെ മനുഷ്യൻെറ ചിന്തനസംബന്ധമായ ആന്തരികപ്രവൃത്തികളെ പരിശോധിക്കുമ്പോൾ ഭൗതികങ്ങളായവമാത്രമല്ല നാം കാണുന്നതു്; അഭൗതികങ്ങളേയും കാണുന്നുണ്ടു്. തന്മൂലം മനുഷ്യനിൽ ഭൗതികശക്തി മാത്രമല്ല, അഭൗതികശക്തിയും ഉണ്ടായിരിക്കണം. ഈ അഭൗതികശക്തിയാണു മനസ്സ്.

### ശാസ്ത്രജ്ഞന്മാർ അഭൗതികവസ്തു എന്തുകൊണ്ടു കാണുന്നില്ല?

നാം ഓരോരുത്തരുടേയും മാനസികവ്യാപാരങ്ങളെ മേൽവിവരിച്ചവിധം അപഗ്രഥനംചെയ്തു പരിശോധിക്കുമ്പോൾ മനസ്സ് അഭൗതികമാണെന്ന് ഏററവും സ്പഷ്ടമായി തെളിയുന്നുണ്ടെങ്കിലും, സയൻസ് അതു നിഷേധിക്കുന്നുവെന്നു ചില ശാസ്ത്രജ്ഞന്മാർ വാദിക്കുന്നതെന്തുകൊണ്ടു്? അതിനു കാരണം ഭൗതികവസ്തുക്കളെ കണ്ടുപിടിക്കുവാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾതന്നെ മനസ്സിൻെറ കാര്യത്തിലും അവർ ഉപയോഗിക്കുന്നുവെന്നതാണ്. സത്യം കണ്ടുപിടിക്കുവാൻ അതല്ലാതെ മററു മാർഗ്ഗങ്ങളില്ലെന്നാണ് അവരുടെ വിശ്വാസം. ഉദാഹരണമായി, പ്രൊഫസർ ഹക്സ്ലി (Huxley) പറയുന്നതു കേട്ടാലും: "പ്രകൃതിശാസ്ത്രജ്ഞന്മാർ (Scientists) സത്യമുണ്ടെന്നു വിശ്വസിക്കുന്നു; എന്നാൽ ആ സത്യം വസ്തുതയിൽ ശ്രമകരമായി കെട്ടിപ്പടുത്തിട്ടുള്ളതാണു്; നിരീക്ഷണപരീക്ഷണങ്ങളാൽ പരിശോധിച്ചറിഞ്ഞിട്ടുള്ളതാണു്; വേണ്ടിടത്തോളം ബുദ്ധിമുട്ടാൻ തയ്യാറുള്ളവക്കു യഥാർത്ഥമാണോ എന്നു പരീക്ഷിച്ചുനോക്കാൻ കഴിവുള്ളതുമാണു്." ഇതിൻെറ അർത്ഥം സ്പഷ്ടമല്ലയോ? ഈ പണ്ഡിതൻെറ ദൃഷ്ടിയിൽ ലാബൊറട്ടറിയിലേതുപോലുള്ള പരിശോധനകൾക്കു വിധേയമാകുന്ന സത്യംമാത്രമേ സ്ഥിതിചെയ്യുന്നുള്ളു. സത്യത്തിനു് ഇപ്രകാരമൊരു അതിർത്തി നിശ്ചയിച്ചാൽ ചരിത്രസത്യങ്ങൾപോലും സത്യങ്ങളല്ലെന്നുവരും. അമേരിക്കൻ വൈമാനികർ അണുബോംബിട്ടു ജപ്പാനിലെ രണ്ടു പട്ടണങ്ങൾ നശിപ്പിക്കുകയും അതോടെ കഴിഞ്ഞ ലോകമഹായുദ്ധം അവസാനിക്കുകയും ചെയ്തതു് ഒരു സത്യമല്ലെന്നു സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ കഴിഞ്ഞുപോയ ആ സംഭവത്തെ നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമാക്കുവാൻ സാദ്ധ്യമല്ലതന്നെ. ആകയാൽ പ്രകൃതിശാസ്ത്രജ്ഞന്മാർ സത്യമറിയുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡവും ഉപകരണവും അപൂർണ്ണമാണെന്നു തെളിയുന്നു. ഭൗതികവസ്തുക്കളെ സംബന്ധിച്ചുള്ള സത്യത്തിൻെറ കാര്യത്തിൽ അവ മതിയാകും. എന്നാൽ അഭൗതികങ്ങളെ സംബന്ധിച്ചുള്ള സത്യത്തിൻെറ കാര്യത്തിൽ അവ അപര്യാപ്തങ്ങളാണ്. അഭൗതികങ്ങൾ ഒന്നുംതന്നെ സ്ഥിതിചെയ്യുന്നില്ലെന്നു കണ്ണുംപൂട്ടി മുൻകൂട്ടി വിധികല്പിക്കുന്നതു യുക്തിഹീനമായിരിക്കും. യുക്തിപൂർവ്വകമാകണമെങ്കിൽ വിധിചെയ്യുന്നതു തെളിവിനെ അടിസ്ഥാനമാക്കിയായിരിക്കണം. തെളിവെടുക്കുവാൻ സ്വീകരിക്കുന്ന മാനദണ്ഡവും ഉപകരണവും ഭൗതികങ്ങൾക്കുമാത്രം യോജിച്ചതായിരുന്നാൽ പോരാ; അഭൗതികങ്ങൾക്കു യോജിച്ചതുതന്നെയായിരിക്കണം. അവയാണ് തത്വശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നതു്. അതുകൊണ്ടാണ് അവർക്ക് അഭൗതികങ്ങൾ കണ്ടെത്തുവാൻ സാധിക്കുന്നതു്. ഇക്കാരണങ്ങളാൽ മനസ്സിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായി കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുകയും ചെയ്യുന്ന ഭൗതികവാദം അശാസ്ത്രീയമാകുന്നു.

# പ്രാർത്ഥനാഗാനം

("ഭാരതോർവ്വിയിൽ........." എന്ന മട്ട്)

ദിവ്യകാരുണ്യരൂപനാം യേശുപരാപര! താതാ!
വാഴ്ക! വാഴ്ക! ചരാചര നാഥാ!
പരിപാലയ, പാപികൾക്കാശ്രയമേ! ജഗദീശാ!
വാഴ്ക! വാഴ്ക! ചരാചര നാഥാ!

1. പാപമാമന്ധകാരത്തിൽ വീണു—
പാവനപ്രഭ കാണാതെ കേണു—
പാരിൽ മേവുമിവർക്കൊരു ദീപ്തിയെഴും വഴി നീയേ—
വാഴ്ക! വാഴ്ക! ചരാചര നാഥ! — — — —(ദിവ്യ

2. മംഗളവരമൻപൊടിങ്ങേകി,
മഞ്ജുളസ്നേഹത്തുമധു തൂകി,
വാഴുമാനന്ദരൂപമേ! ശാന്തിപ്രദീപമേ! ശ്രീദാ!
വാഴ്ക! വാഴ്ക! ചരാചര നാഥ! — — — —(ദിവ്യ

3. ഞങ്ങൾ ചെയ്തൊരു പാപമതാകെ,
ചിന്മയാ! ക്ഷമിക്കേണ വൈകാതെ.
ഭവൽപ്പൊൽപ്പദമേ ഗതിയെന്നുമീയേഴകൾക്കീശാ!
വാഴ്ക! വാഴ്ക ചരാചര നാഥാ! — — — —(ദിവ്യ

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.)

ഗ്രാമോദ്ധാരണപംക്തി

# കോഴിവസന്ത

കോഴിവസന്തയ്ക്കു പ്രതിരോധനാർത്ഥം വിജയകരമായി നടത്താവുന്ന ഒരു കുത്തിവയ്പിനെപ്പററി കൊച്ചി ഗവമെൻ്റ് ഒരു പ്രസ്നോട്ടിൽ പ്രസ്താവിക്കുന്നു. "റാണിക്കെട്ടു്" എന്നും "നൃകാഷിൽ" എന്നും "കോഴിവസന്ത" എന്നും അറിയപ്പെടുന്ന സാംക്രമികരോഗംമൂലം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുക സാധാരണമാകയാൽ കോഴിവളത്തൽവ്യവസായം കൊച്ചി സംസ്ഥാനത്തു് ഇതുവരെ അഭിവൃദ്ധിപ്പെടുകയുണ്ടായിട്ടില്ല. ഇതിനെ തടയുവാൻ ഫലപ്രദമായ യാതൊരു ഔഷധവും ലഭ്യമായിരുന്നില്ല. എന്നാൽ ഈയിടെ "റാണിക്കെട്ട് ഡിസീസ് വാക്സൈൻ" എന്ന പേരിൽ ഒരു പുതിയ കുത്തിവയ്പ് ഔഷധം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഈ മരുന്നു കുത്തിവച്ചാൽ കോഴിക്ക് വസന്ത പിടിപെടാതെ സൂക്ഷിക്കുവാൻ അതു വളരെ ഫലപ്രദമായിരിക്കുമെന്നു കണ്ടിരിക്കുന്നു. ഒരിക്കൽ കുത്തിവച്ചാൽ പത്തുമുതൽ പന്ത്രണ്ടുവരെ മാസത്തേക്ക് വസന്ത പിടിപെടാതിരിക്കുന്നതാണ്. വളന്ന കോഴികൾക്കെന്നപോലെ 3 മുതൽ 4 വരെ മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾക്കും കുത്തിവയ്പ് നടത്താവുന്നതാണ്. മുട്ടയിടുന്ന കോഴികൾക്ക് കുത്തിവച്ചാൽ ആദ്യം മുട്ടയിടൽ കുറയുമെങ്കിൽ മൂന്നു നാലു ആഴ്ച കഴിഞ്ഞാൽ പതിവുപോലെ വീണ്ടും മുട്ട ഇട്ടു തുടങ്ങുന്നതാണ്. ഈ കുത്തിവെയ്പ് ഔഷധം സംസ്ഥാനത്തെ ഉപയോഗത്തിനു് മദ്രാസിൽനിന്നു വരുത്തിയിട്ടുണ്ടു്. സംസ്ഥാനത്തെ എല്ലാ വെററിനറി സ്ഥാപനങ്ങളിലും കുത്തിവയ്പ് സൗജന്യമായി നടത്താവുന്നതാണ്. ഏററവും ചെറിയ പാക്കിംഗ് 250 ഡോസുള്ള ചെറുകുപ്പികളിലാണ്. തുറന്നാൽ അന്നുതന്നെ ഉപയോഗിക്കേണ്ടതാണ്. ആകയാൽ വാക്സൈൻ പാഴായിപ്പോകാതിരിക്കാൻ കൂട്ടത്തോടെ കുത്തിവയ്പിക്കേണ്ടതാണ്. കോഴിവളത്തലിൽ താല്പര്യമുള്ളവർക്ക് അടുത്തുള്ള വെററിനറി സർജനെ അറിയിച്ചാൽ കുത്തിവയ്പിക്കാവുന്നതാണ്. വെററിനറി ആസ്പത്രികളിൽനിന്നു അകലെയുള്ള ഗ്രാമപ്രദേശങ്ങളിലും കുത്തിവയ്പ് നടത്തിക്കാവുന്നതാണ്. എന്നാൽ കുത്തിവയ്പിനു് നിശ്ചയിക്കുന്ന തീയതിയിൽ നിശ്ചിതസ്ഥലത്തു വേണ്ടുവോളം കോഴികളെ ശേഖരിക്കാൻ സൗകര്യമുണ്ടായിരിക്കണം. വാക്സൈൻെറ അസൽ വില വഹിക്കാൻ കോഴിയുടമസ്ഥൻ തയ്യാറുള്ളപക്ഷം ചെറുസംഘം കോഴികൾക്കും കുത്തിവയ്പ് നടത്താവുന്നതാണ്. കോഴിവസന്ത പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ കുത്തിവയ്പ് സാദ്ധ്യമല്ല. ആകയാൽ കാലേകൂട്ടി പ്രതിവിധികൾ തേടേണ്ടതാണ്. ഇതു പ്രതിരോധനപരമായ ഒരു കുത്തിവയ്പാണ്.

Sathya Deepam

Vol. 22 Ernakulam June 29, 1949 No. 43

# പത്രോസിൻ്റെ പരമാധികാരം

(1-ാം പേജ് തുടർച്ച)

തായി കാണുന്നു. (മത്തായി 10, 2. മക്കോ 3, 16. ലൂക്ക. 6, 13-14).

2. ശ്ലീഹന്മാരോടു യേശു പൊതുവായി സംസാരിക്കുമ്പോഴൊക്കെയും, പത്രോസാണു മറുപടി പറയുന്നതു്. യോഹ. 6, 69) മത്തായി 16. 16).

3 ശ്ലീഹന്മാർ യേശുവിനോടു ഉണത്തിക്കുമ്പോൾ, അവരുടെ ജിഹ്വ പത്രോസിനു്. (മത്തായി 15, 15; 19,27; ലൂക്ക. 12,41).

4 ശ്ലീഹന്മാരോടു മിശിഹാ പറയുമ്പോൾ പത്രോസിൻ്റെ നേരെ പ്രത്യേകം തിരിഞ്ഞുകൊണ്ടു സംസാരിക്കുന്നു. (മത്തായി 26,40; ലൂക്കാ 22,31).

5 വെള്ളത്തിനു മീതെ നടക്കുവാനായിട്ടു കൂട്ടത്തിൽനിന്നും പത്രോസിനെ മാത്രം കത്താവു ക്ഷണിക്കുന്നു. (മത്തായി 14,28).

6 മൂന്നുപേരൊന്നിച്ചു ഗത്സേമിൻ തോട്ടത്തിൽ കിടന്നു് ഉറങ്ങിയിട്ടു്, പത്രോസിനെമാത്രം യേശു ശാസിക്കുന്നു. (മക്കോ. 14,37).

7 യേശുമിശിഹായുടെ തിരുമരണാനന്തരം കല്ലറ സന്ദർശിച്ച സ്ത്രീകൾവഴി പത്രോസിനുമാത്രം പ്രത്യേകസന്ദേശം ലഭിച്ചു. (മക്കോസ് 16,17).

8 ശ്ലീഹന്മാരിൽ പത്രോസിനുമാത്രം ഉത്ഥാനദിനത്തിൽ കത്താവു കാണപ്പെട്ടു (ലൂക്കാ 24,34).

9 യൂദാസിനു പകരം മത്യാസിനെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അപ്പോസ്തലസംഘത്തിൻ്റെ അദ്ധ്യക്ഷനെന്ന നിലയിൽ പത്രോസ് പ്രവത്തിക്കുന്നു. (നടപടി 1,15-26).

10 സ്വർഗ്ഗാരോഹണശേഷം, അനേകസഹസ്രം ജനങ്ങളെ പത്രോസ് ഇദംപ്രഥമമായി ക്രിസ്ത്യാനികളാക്കുന്നു. (നടപടി 2,14 10,34.)

11 പല ശ്ലീഹന്മാരും കാരാഗ്രസ്തരായിട്ടുണ്ടെങ്കിലും, പത്രോസു പാറാവിൽ അടയ്ക്കപ്പെട്ടപ്പോൾ മാത്രം, ക്രിസ്ത്യസഭ ഒന്നടക്കം പ്രാത്ഥനകൾ നടത്തുന്നു. (നടപടി 12,5).

12 ഓർശ്ലേമിലെ സംഘത്തിൽവച്ചു തക്കം നേരിട്ടപ്പോൾ പത്രോസു ഒന്നാമതായി കാര്യംതീർച്ച ചെയ്യുന്നു. (നടപടി 1, 18).

13 സുവിശേഷകന്മാർ ശ്ലീഹന്മാരെപ്പററി പൊതുവായി പറയുമ്പോഴൊക്കെയും പത്രോസിൻ്റെ പേരുമാത്രം പറഞ്ഞു കാണുന്നു.

ഉ: "ശെമയോനും കൂടെ ഉണ്ടായിരുന്നവരും" (മക്കോസു 1,36).

"പത്രോസും അയാളോടുകൂടി ഉണ്ടായിരുന്നവരും" (ലൂക്കാ 8,42; 9,3).

"പത്രോസ് പതിനൊന്നു ശ്ലീഹന്മാരോടുകൂടി" (നടപടി 2,14).

"പത്രോസിനോടും മററു ശ്ലീഹന്മാരോടും" (നടപടി 2,37).

ഇങ്ങനെ സവ്വത്ര കാണുന്നതു യാദൃച്ഛികമായിരിക്കാനിടയില്ലല്ലോ. "യേശുവും ശിഷ്യന്മാരും" എന്നു പറയുന്നതുപോലെ തന്നെയാണ് പത്രോസും കൂട്ടരും എന്നു പ്രസ്താവിക്കുന്നതെന്നു കാണാം.

14 വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മികച്ചവൻ എന്നു മാത്രമല്ലാ സ്വർഗ്ഗത്തിൻ്റെ മൂന്നാംതട്ടുവരെ ഉയത്തപ്പെടുവാൻ പുണ്യയോഗ്യതയുള്ളവനുമായ (2 കോറി. 11, 1) പൗലോസു്, പത്രോസിനെ സന്ദശിപ്പാനായി ഓർശ്ലേമിൽ പോകുകയും 15 ദിവസം പത്രോസിനോടുകൂടി താമസിക്കയും ഉണ്ടായി. (ഗാലത്തി. 1,18-19).

ഓർശ്ലേത്തെ മെത്രാനായ യാക്കോബിനെ, കണ്ടതുകൊണ്ടു് കണ്ടു എന്നേ ഉള്ളൂ. കത്താവിൻ്റെ കണ്ണിലുണ്ണിയായിരുന്ന യോഹന്നാൻ, സഹോദരനായ യാക്കോബ്, സാക്ഷാൽ മൂപ്പനായ പീലിപ്പോസ് ഇവരൊക്കെ ഉണ്ടായിരുന്നെങ്കിലും, പൗലോസ് സദാ "പത്രോസ്", "പത്രോസ്" എന്നു വൃഥാ അങ്ങു പറഞ്ഞതാണെന്നോ?

പത്രോസിൻ്റെ പരമാധികാരത്തെ അനിഷേധ്യമായവിധം പ്രകാശിപ്പിക്കുന്ന സുപ്രസിദ്ധവേദവാക്യങ്ങളാണിനി നാം പരിശോധിക്കേണ്ടതു്. മത്തായി, ലൂക്കാ, യോഹന്നാൻ ഈ മൂന്നുപേരും ഏതദ്വിഷയത്തെ പരാമർശിച്ചു സുവ്യക്തമാംവണ്ണം രേഖപ്പെടുത്തിയിട്ടുണ്ടു്.

എൻ്റെ മാതാമഹസഹോദരൻ, പരേതനായ പെരിയപ്പുറത്തു ബഹുമാനപ്പെട്ട കുരുവിളയച്ചൻ്റെ ഗ്രന്ഥശേഖരത്തിൽപെട്ടതും, രണ്ടു ശതവർഷത്തെ പഴക്കമെങ്കിലും തോന്നിക്കുന്നതും ചുരുളവടിവിലുള്ളതുമായ ഒരു കൈയെഴുത്തുകൃതിയിൽനിന്നും ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു സംഗതമെന്നു വിശ്വസിക്കുന്നു.

"ഞാനാരാകുന്നുവെന്നു നിങ്ങൾക്കു തോന്നുന്നു അപ്പോൾ ശെമഓൻ കെപ്പാ ഉത്തരിച്ചു ചൊല്ലി ഉയിരൻ തമ്പുരാൻ്റെ പുത്രൻ മിശിഹാ ആകുന്നുവെന്നു ഇതിനു തമ്പുരാൻ അരുളിചെയ്തു മാനുഷരായതിൽ ഒരുത്തൻ അല്ലാ നിനക്കു ഇതു വെളിപ്പെടുത്തിയ ആകാശത്തിലുള്ള എൻ്റെ വാവാ അത്രെ ഇതു പരഹസ്യമാക്കിയ നിന്നൊടു എന്ന വിശേഷിച്ചു നിൻ്റെ പെര കല്ലെന്നാകുന്നു അപ്പൊഴൊ ഇക്കല്ലായ നിൻ്റെമേൽ എൻ്റെ പള്ളി ഞാൻ പണിചെയ്യും എന്നാൽ ചെയിത്താന്മാരുടെ കൂട്ടം ഒക്കെ ഇതിനൊടു മറുത്ത ആപത്തുകാട്ടുകയില്ല എന്നാൽ ആകാശമൊക്ഷത്തിൻ്റെ താക്കൊലുകൾ നിൻ്റെ പക്കൽ ആകുന്നുണ്ടെന്നു കെപ്പായൊടു അരുളിചെയ്തത ഇ അരുളപ്പാട തമ്പുരാൻ ഉയിത്തതിൽപിന്നെ തികയപ്പെട്ടു എന്ന യോഹന്നാൻ്റെ അറിയിപ്പിൽ എഴുതപ്പെട്ടിപോലെ ഇതിൻ്റെ പ്രകാരം ഈവണ്ണമായ്ത തമ്പുരാൻ ഉയിത്താറെ ശിലിഹന്മാക്ക വെളിച്ചപ്പെട്ട അവർ നിക്കയിലെ കെപ്പായൊടു തന്നെ 3 വട്ട കത്താവ അരുമിച്ചെയ്തു എന്നെ നീ സ്നെഹിക്കുന്നിതൊ എന്നതിനു 3 വട്ടവും കേപ്പാ ഉണത്തിച്ചു ഇനിക്കു തന്നെയുള്ള സ്നേഹം തമ്പുരാനെ നീ അറിയുന്നിതൊ എന്നു അതിൻ്റെ ശേഷം മൂന്നു വട്ടവും തമ്പുരാൻ്റെ കിൺവഴങ്ങുന്നവരെ എല്ലാവരയും മെയ്ക്കണമെന്ന തമ്പുരാൻ ശെമഓൻ കെപ്പായൊട പ്രമാണിച്ചു സവ്വതും തൻ്റെ പക്കലാക്കുകയും ചെയ്തു അപ്പോൾ ശിലിഹന്മാരായതിൽ മററാരുത്തരൊടും ഇത അരുളിച്ചെയ്തില്ലല്ലൊ കെപ്പായൊടത്രെ എന്നറിയാം ഇതിനെക്കൊണ്ട പട്ടത്തിൻ്റെ അംശവും ചുകടും ഒലിവും തികവും കെപ്പാടെ പക്കലെ ഉള്ള എന്നതിനെക്കൊണ്ട മാമ്മൊദിസാകരർ ഒക്കയ്ക്കും വിഗാരിയും തലയും മൂപ്പും കെപ്പായത്രെ ആയ്ത. അതെന്തെ പൗലോസു ചൊല്ലിയ വെണ്ണം പള്ളി ഒരു ശരീരത്തിന്നശദൃശമാകുന്നു ഒരു ശരീരത്തിന്നു ഒരു തലയെ ഒള്ളു എന്നപൊലെ നസ്രാണികെളുടെ കൂട്ടത്തിന്ന ഒരു തലവനെ ഒള്ളു അതായ്ത കെപ്പായും കെപ്പാക്കു പകരം ഇരിക്കുന്ന ശുദ്ധമാന മാർപ്പാപ്പായും. ഒരഎടവകയുടെ മെത്രാൻ്റെ പ്രമാണത്താൽ ഒരു പട്ടക്കാരൻ ഒരെടത്ത ഭരിപ്പാൻ ആയിംരംവെണ്ണം തമ്പുരാൻ്റെ മാഗ്ഗം നടവാനായിട്ട മാനുഷരുടെമേൽ അംശവും ശെമഓൻ കെപ്പാക്കു കൊടുത്തു പട്ടവും മുഷ്കരത്വവും ശേഷം ശിലിഹന്മാക്കു കൊടുത്തുവെങ്കിലും വിഗാരിയായിട്ടും എടനായിട്ടും ഒലിവായിട്ടും പട്ടത്തിനുടെ അംശമായിട്ടും തികവ കെപ്പാക്കു കൊടുത്തു ഇതിനെക്കൊണ്ട കെപ്പാ മരിച്ചതിൻ്റെ ശേഷം തൻ്റെ ഇരിപ്പടത്തുംമ്മെൽ നെറിവോടുകൂടെ ഇരിക്കുന്ന ശുദ്ധമാന പാപ്പാന്മാക്കു് കെപ്പാക്കു ഒണ്ടായ അംശം എപ്പെരും അവക്കുണ്ട ഇല്ലെങ്കിൽ പള്ളിക്കു തലയില്ലന്നു വരും ഇതൊററിയ തലവൻ ഇല്ലെങ്കിൽ പള്ളിക്കു ക്രമം ഇല്ലന്നുവരും..."

ഇങ്ങനെ പോകുന്നു ഈ പുരാതന ഗ്രന്ഥം. ഇതിൽ പൂണ്ണവിരാമമൊ അങ്കുശമൊ ദീഘങ്ങളൊ ഒന്നുമില്ലെങ്കിലും കാര്യം വായിച്ചുഗ്രഹിക്കാമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ പുത്തൻകൂറുകാരുടെ കൈവശത്തിലിരിക്കുന്ന പിറവത്തു പള്ളി, പെരിയപ്പുറത്തെ ഒരു മഹിളാരത്നം പണിയിച്ചതാണെന്നു പാരമ്പര്യമുണ്ടു്. ആ സ്ത്രീയുടെ സന്താനപരമ്പരകളിൽപെട്ട ഒരു വൈദികനാണു് എൻ്റെ മാതാമഹൻ്റെ സഹോദരൻ. അദ്ദേഹത്തിനു് ഇപ്പുസ്തകം എങ്ങനെ കിട്ടിയെന്നൊ എന്നു കിട്ടിയെന്നൊ അറിയുവാൻ യാതൊരു നിവൃത്തിയുമില്ല. അദ്ദേഹത്തിൻ്റെ ജ്യേഷ്ഠപുത്രനും 81 വയസ്സുപ്രായമുള്ളവനുമായ എൻ്റെ മാതുലൻ ശ്രീമാൻ കുഞ്ഞുമാണിയാണു പ്രസ്തുതപുസ്തകം എന്നെ ഏല്പിച്ചിട്ടുള്ളതു്. പ്രസ്തുത ഗ്രന്ഥം സാമാന്യം വലുതാണു്. ക—ത—തിരിച്ചറിയാൻ പ്രയാസമാണു്. അക്കങ്ങളും അതുപോലെതന്നെ.


മിശിഹാ പത്രോസാകുന്ന പാറമേൽ പള്ളി പണിയുകയും, സഭയുടെ അടിത്തറയും താക്കോൽക്കാരനുമായിട്ടു പത്രോസിനെ തനിച്ചു നിയമിക്കുകയും ചെയ്ത സംഭവങ്ങൾ യാദൃച്ഛികങ്ങളല്ല. പരമപിതാവിൻ്റെ നിവേശത്താൽ, മിശിഹായുടെ ദൈവത്വത്തെ ഏററുപറഞ്ഞതിൻ്റെ പ്രതിഫലമായിട്ടാണു് ഈ ഉന്നതസ്ഥാനം നൽകപ്പെട്ടതു്.

"എൻ്റെ കുഞ്ഞാടുകളെ മേയിക്കുക. എൻ്റെ ആടുകളെ മേയിക്കുക" (യോഹന്നാൻ 21, 15-17) കുഞ്ഞാടുകളും ആടുകളും ആരാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

"നിൻ്റെ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ, ഞാൻ നിനക്കായി പ്രാത്ഥിച്ചു. നീയൊ എന്നാൽ ഒരു സമയത്തു നിൻ്റെ സഹോദരന്മാരെ ഉറപ്പിക്കുക." (ലൂക്കാ 22. 31-32)

എട്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഗീവറുഗീസെന്ന യാക്കോബായ പാത്രിയക്കീസും മോസലിലെ യാക്കോബായ മെത്രാപ്പോലീത്താ ആയിരുന്ന മൂശെബർ കേപ്പായും പത്രോസിൻ്റെ പരമാധികാരം പത്രോസിൻ്റെ മിശിഹാനിഷേധംകൊണ്ടു നഷ്ടപ്പെട്ടില്ലെന്നു ഉറപ്പിച്ചുപറയുന്നു. ഇങ്ങനെ പലരും പലതും.

ചുരുക്കത്തിൽ, പത്രോസിൻ്റെ പരമാധികാരം നിഷേധിക്കുന്നവർ സുവിശേഷങ്ങളുടെ സത്യംതന്നെ നിഷേധിക്കുകയാണെന്നു പറയാം. അത്രമാത്രം വ്യക്തമായിട്ടാണു വേദപുസ്തകത്തിൽ പ്രസ്തുതവിഷയത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. നിമ്മത്സരബുദ്ധികൾക്കു് ഇത്രയും മതിയാകുമെന്നു വിശ്വസിക്കുന്നു.



ധമ്മസേക്കിലേക്കുള്ള വഴിയിൽവച്ചു് ഈശോ പൗലോസിനു പ്രത്യക്ഷപ്പെടുന്നതു്.

---

## ഷെവലിയർ സി. ജെ. വക്കി

ഷെവലിയർ സി. ജെ. വക്കി എം. എ. യെ മൈസൂർ സെൻറു് ഫിലോമിനാ കോളെജു് പ്രിൻസിപ്പാളായി നിയമിച്ചിരിക്കുന്നു. വിദ്യാത്ഥിനീവിദ്യാത്ഥികൾക്കു പ്രവേശനമുള്ള, ബി. എ. ബി. എസ് സി. കോഴ്സുകളോടുകൂടിയ ഒരു ഒന്നാംഗ്രേഡ് കോളെജാണിതു്.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Eynakulam